بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ نَحْمَدُہٗ وَنُصَلِّیْ عَلٰی رَسُوْلِہِ الْکَرِیْمِ وَعَلٰی عَبْدِہِ الْمَسِیْحِ الْمَوْعُوْد

وَلَقَدْ نَصَرَکُمُ اللّٰہُ بِبَدْرٍ وَّاَنْتُمْ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 6

ലക്കം 46

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 നവംബർ 18/ഹി.ശം. 1400 നുബുവ്വത്ത് 18/1443 റബീഉൽ ആഖിർ 12

## അല്ലാഹുവിന്റെ വചനം

يَآيُّهَا الَّذِيْنَ اٰمَنُوْا عَلَيْكُمْ اَنْفُسَكُمْ لَا يَضُرُّكُمْ مَّنْ ضَلَّ اِذَا اهْتَدَيْتُمْ اِلَى اللّٰهِ مَرْجِعُكُمْ جَمِيْعًا فَيُنَبِّئُكُمْ بِمَا كُنْتُمْ تَعْمَلُوْنَ۝

'വിശ്വസിച്ചവരേ! നിങ്ങളുടെ സ്വന്തം ആത്മാക്കളെ സൂക്ഷിച്ചു കരുതിയിരിക്കുക. നിങ്ങൾ നേർമാർഗം പ്രാപിച്ചു കഴിഞ്ഞാൽ വഴികേടിലായവർ നിങ്ങൾക്ക് ഒരു ഉപദ്രവവും വരുത്തുകയില്ല. അല്ലാഹുവിലേക്കു തന്നെയാണ് നിങ്ങളെല്ലാവരുടേയും മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരുന്നതിനെ സംബന്ധിച്ച് അവൻ നിങ്ങളെ അറിയിച്ചുതരുന്നതാണ്.' (5:106)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

**ബരീറക്ക് അത് സ്വദഖയാണ് നമുക്കത് ഹദ്‌യയാണ്**

(1495) അനസ്(റ) നിവേദനം. ബരീറക്ക് സ്വദഖയായി ലഭിച്ച മാംസത്തിൽനിന്ന് അൽപം നബി(സ)തിരുമേനിയുടെ അടുക്കൽ കൊണ്ടുവരപ്പെട്ടു. അപ്പോൾ അവിടന്ന് പറഞ്ഞു: 'അവൾക്കത് സ്വദഖയായി കിട്ടിയതാണെങ്കിൽ നമുക്കത് ഹദ്‌യ അഥവാ പാരിതോഷികമാണ്.

**മർദ്ദിതന്റെ പ്രാർഥനയെ നീ സൂക്ഷിക്കുക. കാരണം അവനും അല്ലാഹുവിനുമിടയ്ക്ക് ഒരു മറയുമില്ലതന്നെ.**

(1496) ഇബ്നു അബ്ബാസ്(റ) നിവേദനം. മുആദ് ബിൻ ജബലിനെ യമനിലേക്ക് ഗവർണരായി അയച്ചപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തോടു പറഞ്ഞു: 'ഗ്രന്ഥാനുസാരികളായ ഒരു ജനതയുടെ അടുത്താണ് താങ്കൾ പോകുന്നത്. അവരുടെ അടുത്തെത്തിയാൽ ആരാധനയ്ക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ലെന്നും മുഹമ്മദുനബി(സ)അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കാൻ അവരോടു പറയുക. അത് അവർ അനുസരിച്ചു കഴിഞ്ഞാൽ നിത്യവും രാവും പകലുമായി അഞ്ചുനേരത്തെ നമസ്കാരം അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നുവെന്ന് അവരെ അറിയിക്കുക. അതും അവർ അനുസരിച്ചാൽ അല്ലാഹു സ്വദഖയും (സക്കാത്ത്) നിർബന്ധമാക്കിയിട്ടുണ്ടെന്ന് അവരെ അറിയിക്കുക. അത് അവരിലെ ധനികരിൽനിന്ന് പിരിച്ചെടുത്ത് അവരിൽത്തന്നെയുള്ള അഗതികളിലേക്ക് തിരിച്ചുവിടുകയാണ് ചെയ്യുന്നത്. മർദ്ദിതന്റെ പ്രാർഥനയെ നീ സൂക്ഷിക്കുക. കാരണം അവനും അല്ലാഹുവിനുമിടയ്ക്ക് ഒരു മറയുമില്ലതന്നെ. *(സ്വഹീഹ് ബുഖാരി, വാല്യം 3, കിതാബുസ്സക്കാത്ത്, പ്രസാധനം ഖാദിയാൻ 2008)*

AHMADIPEDIA
ahmadipedia.org
Search

## ഈ തെറ്റായധാരണ വളരെ വലിയ ബലായാണ്. അത് മനുഷ്യന്റെ വിശ്വാസത്തെ തകർത്തുകളയുകയും സത്യസന്ധതയിൽനിന്നും സന്മാർഗത്തിൽനിന്നും ദൂരത്തേക്കെറിയുകയും മിത്രങ്ങളെ ശത്രുക്കളാക്കി തീർക്കുകയും ചെയ്യുന്നു.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**സത്യസന്ധതയുടെ വേരറുക്കുന്ന കാര്യമാണ് തെറ്റുധാരണ അഥവ ഊഹം:**

ഇതു നല്ലവണ്ണം ഓർമിച്ചുകൊള്ളുക, മുഴവൻ ദോഷങ്ങളും തിന്മകളും ഊഹങ്ങൾ അഥവാ തെറ്റുധാരണകളിൽനിന്നാണുണ്ടാകുന്നത്. അതുകൊണ്ടാണ് അല്ലാഹു അതിനെ ശക്തമായി തടഞ്ഞത്. പറഞ്ഞു: **ഇന്ന ബഅ്ള ള്ളന്നി ഇഥ്മുൻ** (49:13) ചില ഊഹങ്ങൾ കുറ്റകരമാണ്. മൗലവി നമ്മെ തെറ്റുധരിക്കാതിരിക്കുകയും സത്യസന്ധതയോടും സ്ഥൈര്യത്തോടുംകൂടി വന്ന് നാം പറയുന്ന കാര്യങ്ങൾ കേൾക്കുകയും നമ്മുടെ ഗ്രന്ഥങ്ങൾ വായിക്കുകയും നമ്മുടെകൂടെ താമസിച്ച് നമ്മുടെ അവസ്ഥകൾ നോക്കിക്കാണുകയും ചെയ്തിരുന്നെങ്കിൽ നമ്മുടെമേൽ ഉന്നയിക്കുന്ന ആക്ഷേപങ്ങൾ ഉന്നയിക്കുമായിരുന്നില്ല. പക്ഷേ, അവർ അല്ലാഹുവിന്റെ ഈ നിർദേശത്തിന് മഹത്ത്വം കൊടുക്കാതിരിക്കുകയും അതനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും ചെയ്തപ്പോൾ എന്നെയും എന്റെ ജമാഅത്തിനേയും തെറ്റുധരിക്കുകയും വ്യാജാക്ഷേപങ്ങളും കുറ്റാരോപണങ്ങളും ഉന്നയിക്കാൻ തുടങ്ങുകയും ചെയ്തു. എത്രത്തോളമെന്നാൽ, ചലർ കടിഞ്ഞാണില്ലാതെ, ഇവർ നാസ്തികരുടെ സംഘമാണെന്നും നമസ്കരിക്കാത്തവരാണെന്നും നോമ്പു പിടിക്കാത്തവരാണെന്നുമൊക്കെ എഴുതി. ഇവർ ഈ തെറ്റായധാരണയിൽനിന്ന് രക്ഷപ്പെട്ടിരുന്നെങ്കിൽ കളവെന്ന ശാപത്തിന്റെ കീഴെ വരേണ്ടിവരുമായിരുന്നില്ല. ഇവർ അതിൽനിന്ന് രക്ഷപ്പെടുമായിരുന്നു. ഞാൻ സത്യമായും പറയുന്നു:ഈ തെറ്റായധാരണ വളരെ വലിയ ബലായാണ്. അത് മനുഷ്യന്റെ വിശ്വാസത്തെ തകർത്തുകളയുകയും സത്യസന്ധതയിൽനിന്നും സന്മാർഗത്തിൽനിന്നും ദൂരത്തേക്കെറിയുകയും മിത്രങ്ങളെ ശത്രുക്കളാക്കി തീർക്കുകയും ചെയ്യുന്നു. സിദ്ദീഖുമാരുടെ ശ്രേഷ്ഠത കരസ്ഥമാക്കുന്നതിന് തെറ്റുധാരണയിൽനിന്ന് ഒരുപാട് അകലേണ്ടത് നിർബന്ധമാണ്. ആരെയെങ്കിലും സംബന്ധിച്ച് തെറ്റുധാരണയുണ്ടായാൽ അധികമായി ഇസ്തിഗ്ഫാർ ചെയ്യുകയും ആ പാപത്തിൽനിന്നും ആ തെറ്റുധാരണയുടെ പിന്നാലെ വരുന്ന അതിന്റെ തിക്തഫലത്തിൽനിന്നും രക്ഷപ്പെടാൻ അല്ലാഹുവിനോടു ദുആ ചെയ്യുകയും വേണ്ടതാണ്. അതിനെ നിസാരകാര്യമായി കരുതരുത്. അതു ഭയാനകമായ രോഗമാണ്. അതുമുഖേന മനുഷ്യൻ വളരെവേഗം നാശമടയുന്നു.

ചുരുക്കത്തിൽ തെറ്റുധാരണ മനുഷ്യനെ നശിപ്പിച്ചു കളയുന്നു. അവരെ നരകത്തിൽ ഇടുമ്പോൾ അവരോടു അല്ലാഹു ഇതുതന്നെ പറയുന്നതാണ്, 'നിങ്ങൾ അല്ലാഹുവിനെ സംബന്ധിച്ച് തെറ്റുധരിച്ചതുതന്നെയാണ് നിങ്ങളുടെ പാപം.' ചിലയാളുകളുണ്ട്, അവർ മനസ്സിലാക്കുന്നത് അല്ലാഹു കുറ്റവാളികൾക്ക് മാപ്പുകൊടുക്കുമെന്നും സന്മാർഗികളെ ശിക്ഷിക്കുമെന്നുമാണ്. ഇതും അല്ലാഹുവിനെ കുറിച്ചുള്ള തെറ്റായധാരണയാണ്. കാരണം അത് അവന്റെ നീതിവിശേഷഗുണത്തിന് വിരുദ്ധം പ്രവർത്തിക്കലാണ്. വിശുദ്ധ ഖുർആനിൽ അവൻ നിശ്ചയിച്ചിട്ടുള്ള നന്മകളേയും അതിന്റെ ഫലങ്ങളേയും തികച്ചും പാഴാക്കിക്കളയലാണ്. ലാഭരഹിതമാക്കലാണ്. അതുകൊണ്ട് തെറ്റുധാരണയുടെ അഥവാ ഊഹങ്ങളുടെ അന്ത്യം നരകമാണെന്ന് ഓർക്കുക. അതിനെ നിസ്സാരരോഗമായി മനസ്സിലാക്കരുത്. തെറ്റുധാരണയിൽനിന്ന് നിരാശയും നിരാശയിൽനിന്ന് കുറ്റകൃത്യങ്ങളും കുറ്റകൃത്യങ്ങളിൽനിന്ന് നരകവും ലഭിക്കുന്നു. ഇത് സത്യസന്ധതയുടെ വേരു മുറിക്കുന്നകാര്യമാണ്. അതുകൊണ്ട് നിങ്ങൾ അതിൽനിന്ന് രക്ഷപ്പെടുകയും സിദ്ദീഖിന്റെ ശ്രേഷ്ഠത കരസ്ഥമാക്കുന്നതിനും ദുആ ഇരക്കുകയും ചെയ്യുക.

(മൽഫൂദാത്ത് വാല്യം 1, പേജ് 336, പ്രസാധനം ഖാദിയാൻ 2018)

## സൂറ ഫാതിഹ വിശുദ്ധ ഖുർആനിന്റെ കഴിവുകളുടേയും ശക്തികളുടേയും സത്താണ്. പറയുമ്പോൾ അത് ഏഴ് വചനങ്ങൾതന്നെ. പക്ഷേ, മുഴുവൻ വിശുദ്ധ ഖുർആനിന്റേയും ഉദ്ദേശ്യങ്ങളും സംക്ഷേപമായി അതിൽ വന്നിരിക്കുന്നു.

സൂറത്തുൽ ഹിജ്റിന്റെ 88-ാം വചനമായ **വലഖദ് ആത്തയ്നാക്ക സബ്അൻ മ്മിനൽ മഥാനീ വൽഖുർആനൽ അള്വീമ** എന്നതിനു നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: പറഞ്ഞു, നാം നിനക്ക് സൂറ ഫാത്തിഹ പോലുള്ള നിഅ്മത്ത്(അനുഗ്രഹം)നല്കി. അത് വെറും ഏഴു വചനങ്ങളാണ്. ആവർത്തിച്ച് ഓതപ്പെടുന്നതുമാണ്. മഥാനീ എന്നതിന്റെ അർഥം മുമ്പേ പറഞ്ഞുകഴിഞ്ഞിട്ടുള്ളതുപോലെ ഏതെങ്കിലും വസ്തുവിന്റെ കഴിവിനും ശക്തിക്കും പറയാറുണ്ട്. സൂറ ഫാത്തിഹായെ മഥാനീ എന്നു പറഞ്ഞുകൊണ്ട്, അതിൽ വിശുദ്ധ ഖുർആനിന്റെ കഴിവുകളും ശക്തികളുടെ സത്തുമുണ്ടെന്നാണ് പറഞ്ഞിട്ടുള്ളത്. അതായത് പറയുമ്പോൾ അത് ഏഴ് വചനങ്ങൾതന്നെ. പക്ഷേ, മുഴുവൻ വിശുദ്ധ ഖുർആനിന്റേയും ഉദ്ദേശ്യങ്ങളും സംക്ഷേപമായി അതിൽ വന്നിരിക്കുന്നു. മഹത്തായ ഖുർആൻകൊണ്ടുള്ള ഉദ്ദേശ്യം ബാക്കിയുള്ള ഖുർആനും ആകാവുന്നതാണ്. അതിന്റെ ഉദ്ദേശ്യമിതാണ്;സൂറ ഫാത്തിഹായും തന്നു. അത് വിശുദ്ധ ഖുർആനിന്റെ സംക്ഷേപമാണ്. വിശദമായ ഖുർആനും നല്കി.ഇതുകൊണ്ടുള്ള ഉദ്ദേശ്യം സൂറ ഫാത്തിഹ തന്നെയുമാകാവുന്നതാണ്. അങ്ങനെ വരുമ്പോൾ അതിന്റെ ഉദ്ദേശ്യം സൂറ ഫാത്തിഹ വിശുദ്ധ ഖുർആനിന്റെ ഒരു വലിയ കർമനിരതമായ ഭാഗമാണെന്നും ഖുർആനിന്റെ മഴുവൻ ഖുർആൻ അല്ലെന്നുമാണ്. മറിച്ച് ഖുർആനിന്റെ ഭാഗമാണെന്ന ഉദ്ദേശ്യമായിരിക്കും എടുക്കുക. ഇത് സാധാരണ ഭാഷാപ്രയോഗമാണ്. ചിലപ്പോൾ ഭാഗം എന്നു പറയുന്നതിനുവേണ്ടി 'കുൽ' അതായത് 'മുഴുവൻ' എന്ന പദം സംസാരിക്കുന്നതായിരിക്കും. സാധാരണ ആളുകൾ ഖുർആൻ കേൾപ്പിക്കുക എന്നു പറയാറുണ്ട്. അതുകൊണ്ടുള്ള ഉദ്ദേശ്യം മുഴുവൻ ഖുർആനും കേൾപ്പിക്കുക എന്നായിരിക്കുകയില്ല. പ്രത്യുത അതിന്റെ കുറച്ചുഭാഗം കേൾപ്പിക്കുക എന്നായിരിക്കും ഉദ്ദേശ്യം. അതുകൊണ്ട് അൽഖുർആനൽ അള്വീമ എന്ന പദം സൂറ ഫാതിഹായെ സംബന്ധിച്ച് പ്രകടിപ്പിക്കാനാണുള്ളത്. അത് മഹത്തായ ഖുർആനിന്റെ ഭാഗമാണ്. അതിനു വെളിയിലുള്ളതല്ല. ഈ അർഥങ്ങൾ മുഖേന സൂറ ഫാത്തിഹ ഖുർആനിന്റെ ഭാഗമല്ലെന്ന് കരുതുന്നവരെ ഖണ്ഡിക്കുകയാണ് ചെയ്യുന്നത്. ഹദീഥുകളിലും സൂറ ഫാത്തിഹായുടെ പേര്

ശേഷം പേജ് 12 ൽ

## ഈ ലക്കത്തിൽ

ജുമുഅ ഖുത്ബ 08-10-2021
സമ്പൂർണ പരിഭാഷ

അമീറുൽമുഅ്മിനീന്റെ
യൂറോപ്യൻ പര്യടന റിപ്പോർട്ട്

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

ലോക ചരിത്രത്തിൽ ഇന്നോളം ഒരു വ്യക്തിയും മഹാനായ ഉമർ ഫാറൂഖിന് തുല്യ ജേതാവാകുകയോ ലോകം ജയിച്ചടക്കുകയോ അതോടൊപ്പം വിജയങ്ങളെയും നീതി ധർമങ്ങളെയും ഒരുമിച്ചുകൊണ്ടുപോകുകയോ ചെയ്തിട്ടില്ലെന്ന വാദം സ്പഷ്ടമായ നിലയിൽ സമർപ്പിക്കപ്പെടുന്നു.

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ഫാറൂഖ് അഅ്ളം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച**

ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്ത് കാലഘട്ടത്തിലുണ്ടായ മഹത്തായ വിജയങ്ങളുടെ കാരണങ്ങളും പ്രവർത്തകരും

**ഹദ്റത്ത് ഉമർ(റ)ന്റെ ശഹാദത്ത് സംഭവത്തിന്റെ വിശദീകരണം**

ജമാഅത്തിന്റെ ഇന്തൊനേഷ്യായിലെ മുബല്ലിഗ് ഖമറുദ്ദീൻ സാഹിബ്, സുൽത്വാൻ ഹാറൂൺ ഖാൻ സാഹിബിന്റെ ഭാര്യ സ്വബീഹ ഹാറൂൺ സാഹിബ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും

**ഖുത്ബ ജുമുഅ 2021 ഒക്ടോബർ 08/1400 അഖാഅ് 08,**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۞
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ اَلرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ۞
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

ഹദ്റത്ത് ഉമർ(റ)ന്റെ കാലഘട്ടത്തിലെ വിജയങ്ങളെ കുറിച്ചാണ് പറഞ്ഞുപോന്നത്. ഹദ്റത്ത് ഉമർ(റ)ന്റെ ജീവിതചരിത്രരചയിതാക്കളിൽ ഒരു ചരിത്രകാരനായ അല്ലാമ ശിബ്‌ലീ നുഅ്മാനീ ഹദ്റത്ത് ഉമറിന്റെ യുദ്ധവിജയങ്ങളേയും അതിന്റെ കാരണങ്ങളേയും പ്രവർത്തകരേയും സ്മരിച്ചുകൊണ്ടെഴുതുന്നു: 'ഒരു ചരിത്രകാരന്റെ മനസ്സിൽ ഏതാനും മരുവാസികൾക്ക് പേർഷ്യയുടേയും റോമിന്റേയും ഭരണത്തെ എങ്ങനെ തകിടം മറിക്കാൻ സാധിച്ചു? എന്ന ചോദ്യം പെട്ടെന്നുണ്ടാകാവുന്നതാണ്. 'ലോക ചരിത്രത്തിൽ ഇത് വേറിട്ടൊരു സംഭവമാണോ? ഇങ്ങനെ സംഭവിക്കാനുള്ള കാരണങ്ങളെ ന്തൊക്കെയാണ്? ഈ സംഭവങ്ങളെ അലക്സാൺട്രിന്റേയും ചങ്കീസ്ഖാന്റേയും യുദ്ധവിജയങ്ങളുമായി സാദൃശ്യപ്പെടുത്താൻ സാധിക്കുമോ? സംഭവിച്ച കാര്യങ്ങളിൽ ഖലീഫയുടെ പങ്ക് എത്രമാത്രമുണ്ട്? ഇങ്ങനെ പല കാര്യങ്ങളും ഒരു ചരിത്രകാരന്റെ മനസ്സിൽ സ്വാഭാവികമായും ഉയരുന്നതാണ്. ഈ ചോദ്യങ്ങൾക്കുള്ള മറുപടി ഇവിടെ നാം പറയാനുദ്ദേശിക്കുകയാണ്. എന്നാൽ, അതിനുമുമ്പേ മറ്റുവിജയങ്ങളുടെ വ്യാപ്തിയും നാലു അതിരുകളും എന്തൊക്കെയായിരുന്നു എന്നതിന്റെ ഒരു ലഘുവിവരണവും ഇവിടെ അനിവാര്യമാണ്. ഹദ്റത്ത് ഉമർ(റ)ജയിച്ചടക്കിയ രാജ്യങ്ങളുടെ ആകെ വിസ്തീർണം 2251030 ചതുരശ്ര മൈയിലായിരുന്നു. അതായത് പരിശുദ്ധ മക്കയിൽനിന്ന് വടക്കോട്ടു 1036 മൈലുകളും കിഴക്കോട്ടു 1087 മൈലുകളും തെക്കോട്ടു 483 മൈലുകളുമായിരുന്നു. ഹദ്റത്ത് ഉമർ(റ)നയിച്ചയുദ്ധ വിജയങ്ങളുടെ മാത്രം കണക്കാണിത്. ഇതിനെടുത്ത ആകെ സമയം പത്തുവർഷത്തെക്കാൾ അല്പം കൂടുതലാണ്. ചരിത്രപരമായ പശ്ചാത്തല വിവരണമാണ് ഇവിടെ നടത്താനുദ്ദേശിക്കുന്നത്. ഈ വിജയങ്ങളെ മനസ്സിലാക്കാൻ ഇക്കാര്യം അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാണ്. ഈ വിജയങ്ങളെ കുറിച്ചു യൂറോപ്യൻ ചരിത്രകാരന്മാരുടെ അഭിപ്രായങ്ങൾ ഞാൻ വിവരിക്കാം. ആദ്യ ചോദ്യത്തിനുള്ള അവരുടെ മറുപടി ഇതാണ്: 'ആ സമയത്ത് പേർഷ്യയുടേയും റോമിന്റേയും ഭരണകൂടം എല്ലാ പ്രതാപാശ്വൈര്യങ്ങളും വെടിഞ്ഞ് അധഃപതനത്തിന്റെ പരമാവധി താഴെ തട്ടിലേക്ക് കൂപ്പുകുത്തിയിരുന്നു. അവരുടെ അധഃപതനം വിധിവിദിതമായിരുന്നു. പേർഷ്യൻ രാജാവ് ഖുസ്റോ പർവേസിന്റെ ഭരണ ശേഷം ഭരണവ്യവസ്ഥ പൂർണമായും താറുമാറായിരുന്നു. കാരണം ഭരണഭാരം വഹിക്കാൻ പ്രാപ്തരായ ആരും അവർക്കിടയിൽ ഉണ്ടായിരുന്നില്ല. രാജ്യസഭാഭരണകർത്താക്കളും ഗുഢപദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടിരുന്നു. തൽഫലമായി ഭരണാധിപന്മാർ ഇടക്കിടെ മാറിക്കൊണ്ടിരുന്നു. അങ്ങനെ മൂന്നോനാലോ വർഷക്കാലയളവിൽത്തന്നെ ഭരണച്ചുമതല ആറോ ഏഴോ ഭരണാധികാരികൾ വഹിക്കുകയുണ്ടായി. മറ്റൊരു കാര്യമെന്തായിരുന്നുവെന്ന് യൂറോപ്യൻ ചരിത്രകാരന്മാർ ഇപ്രകാരം പറയുന്നു: നൗശീർവായുടെ ഭരണത്തിനു കുറച്ചുമുമ്പേ മുസ്ദവക്കിയ കക്ഷിയുടെ ഭരണത്തിന് വളരെ പ്രാബല്യമുണ്ടായിരുന്നു. അവർക്ക് ദൈവനിഷേധത്തിലേക്കും കപടവിശ്വാസത്തിലേക്കുമായിരുന്നു കൂടുതൽ ആഭിമുഖ്യം. അവരുടെ അടിസ്ഥാനപരമായ വിശ്വാസങ്ങൾ ഇപ്രകാരമായിരുന്നു. മോഹം കൈവെടിയുക, പരസ്പര വ്യത്യാസങ്ങൾ ദൂരീകരിക്കുക. സ്ത്രീകളടക്കം എല്ലാ സ്വത്തുക്കളും പൊതുസ്വത്തായി ഗണിക്കുക. അങ്ങനെ മതത്തെ വിശുദ്ധീകരിക്കുക. സ്ത്രീകൾക്ക് ഒരു അന്തസ്സും കല്പിച്ചിരുന്നില്ല. അവരുടെ കാഴ്ചപ്പാടു അപ്രകാരമായിരുന്നു. ചിലരുടെ അഭിപ്രായത്തിൽ സൗരാഷ്ട്ര മതത്തെ വിപാടനം ചെയ്യാനായി ഉദയംകൊണ്ട ഒരു സാമൂഹിക പ്രസ്ഥാനമായിരുന്നു അത്. നൗശീർവാ വാൾ ബലത്താൽ അതിനെ അടിച്ചമർത്തിയെങ്കിലും പൂർണമായും ഇല്ലായ്മ ചെയ്യാൻ അയാൾക്ക് കഴിഞ്ഞില്ല. പേർഷ്യയിൽ ഇസ്ലാമിന്റെ ചുവടെത്തിയപ്പോൾ ഈ കക്ഷിക്കാർ ഇസ്ലാം അവരെ പിന്തുണയ്ക്കുമെന്നു കരുതി. മുസ്ലിമീങ്ങൾ ഒരു മതവിശ്വസത്തേയും എതിർക്കുന്നവരല്ല എന്നതായിരുന്നു അതിനു കാരണം. ഇത് യൂറോപ്യൻ ചരിത്രകാരന്മാരുടെ കാഴ്ചപ്പാടാണ്.

തുടർന്ന് അവർ എഴുതുന്നു, ഒരു ഭരണത്തിൻകീഴിലും അഭയം ലഭിക്കാതിരുന്ന ഒരു ക്രിസ്തീയ വിഭാഗമായ നെസ്തോരിയൻ(Nestorian) കക്ഷി ഇസ്ലാമിന്റെ തണലിൽവന്ന് ശത്രുക്കളുടെ അതിക്രമങ്ങളിൽനിന്ന് രക്ഷപ്പെടുകയുണ്ടായി. അപ്രകാരം മുസ്ലിമീങ്ങൾക്ക് രണ്ടു വലിയ മതവിഭാഗങ്ങളുടെ സഹായവും സഹാനുഭൂതിയും ചുളുവിൽ ലഭ്യമായി. റോമൻ ഭരണകൂടം സ്വയമേവ ദുർബലമായിക്കഴിഞ്ഞിരുന്നു. അവരുടെ ക്രിസ്ത്യാനികളുമായുള്ള സംഘർഷം ആ നേരത്ത് ഉച്ചിയിലെത്തിയിരുന്നു. അക്കാലത്ത് ഭരണ സംവിധാനത്തിൽ മതത്തിന് വലിയ സ്വാധീനമുണ്ടായിരുന്നതിനാൽ ആ അഭിപ്രായ വ്യത്യാസങ്ങൾ മതചിന്താഗതികളെ മാത്രമായിരുന്നില്ല ബാധിച്ചത്. മറിച്ച് അക്കാരണത്താൽ ഭരണകൂടത്തിനും ബലക്ഷയം സംഭവിക്കുകയുണ്ടായി. ഇപ്പോൾ പറഞ്ഞ യൂറോപ്യൻ ചരിത്രകാരന്മാരുടെ അഭിപ്രായത്തെ എതിർത്തുകൊണ്ട് അല്ലാമ ശിബ്‌ലി നുഅ്മാനി ഇപ്രകാരം എഴുതുന്നു: ഇവരുടെ ഈ ആദ്യചോദ്യത്തിനുള്ള ഉത്തരം അടിസ്ഥാനരഹിതമല്ലെങ്കിൽക്കൂടി അതിലുള്ള വിവരണം വസ്തുതകളെ വക്രീകരിച്ചുകൊണ്ടും അർധസത്യങ്ങൾ മാത്രം വെളിപ്പെടുത്തിക്കൊണ്ടുള്ളതുമാണ്. അത് യൂറോപ്യന്മാരുടെ തനതു രീതിയാണ്. ആ സമയത്ത് പേർഷ്യൻ ഭരണകൂടവും റോമൻ സാമ്രാജ്യവും തങ്ങളുടെ പൂർണ പ്രൗഢിയിൽ ആയിരുന്നില്ല. എന്നാൽ, അതിൽ അവർക്ക് ശക്തരായ ഭരണകൂടങ്ങളെ എതിരിടാൻ കഴിയാത്ത അവസ്ഥയായിരുന്നുവെന്ന് മാത്രമേ സൂചിപ്പിക്കുന്നുള്ളു. അല്ലാതെ അറബികളെ പോലുള്ള നിരായുധരും സമ്പൽസമൃദ്ധി ഇല്ലാത്തവരുമായ ജനതയുമായി ഏറ്റുമുട്ടിയാൽ അവർ ഛിന്നഭിന്നമായിപ്പോകുമെന്ന് കരുതാ

വുന്നതല്ല. റോമക്കാരും പേർഷ്യക്കാരും യുദ്ധ കാര്യങ്ങളിൽ നിപുണരും വൈദഗ്ധ്യം ഉള്ള വരുമായിരുന്നു. ഗ്രീക്ക് ഭാഷയിൽ യുദ്ധ നിയമാവലികളെ സംബന്ധിച്ച ഒരുപാടു ഗ്രന്ഥങ്ങളിന്നും കാണപ്പെടുന്നുണ്ട്. റോമക്കാർ ഒരു ദീർഘകാലത്തോളം അവ അവലംബിച്ച് പ്രവർത്തിക്കുന്നവരായിരുന്നു. മാത്രമല്ല അവരുടെ കൈയിൽ വൻ സൈന്യ സന്നാഹങ്ങളുമുണ്ടായിരുന്നു. അവർ സമ്പൽസമൃദ്ധരുമായിരുന്നു. എല്ലാ തരത്തിലുള്ള യുദ്ധോപകരണങ്ങളും അവരുടെ കൈയിലുണ്ടായിരുന്നു. വിവിധ സാധന സാമഗ്രികളും അവരുടെ പക്കലുണ്ടായിരുന്നു. അവരുടെ സൈനിക ബാഹുല്യത്തിൽ അപ്പോഴും ഒരു വിധ കുറവും വന്നിട്ടുണ്ടായിരുന്നില്ല. എല്ലാറ്റിലുമുപരി അവർക്ക് ഏതെങ്കിലും രാജ്യത്തേക്ക് യുദ്ധമുന്നേറ്റം നടത്തേണ്ട കാര്യവുമുണ്ടായിരുന്നില്ല. മറിച്ച് തങ്ങളുടെ രാജ്യത്തുള്ള കോട്ട കൊത്തളങ്ങളിൽത്തന്നെ നിലയുറപ്പിച്ചുകൊണ്ട് തങ്ങളുടെ സൈനിക താവളങ്ങളിൽ നിന്നുതന്നെ രാജ്യത്തെ സംരക്ഷിച്ചാൽ മാത്രം മതിയായിരുന്നു. മുസ്ലിമീങ്ങളുടെ കടന്നുകയറ്റത്തിന് തൊട്ടുമുമ്പേ പേർഷ്യക്കാരുടെ പ്രതാപ ഐശ്വര്യങ്ങൾ ഉച്ചസ്ഥിതിയിലായിരുന്നു. ഖുസ്റോപർവേസിന്റെ കാലഘട്ടമായിരുന്നു അത്. ആ സമയത്ത് സീസർ ഇറാനുമേൽ കടന്നാക്രമണം നടത്തുകയും ഓരോരോ ചുവടുവെപ്പിലും വിജയങ്ങൾ കൊയ്തുകൊണ്ട് അസ്ഫഹാൻവരെ എത്തുകയും ചെയ്തു. പേർഷ്യക്കാർ കൈയേറിയ സിറിയയുടെ പ്രവിശ്യകൾ അവർ വീണ്ടെടുക്കുകയും പുതിയ നിലയിൽ അവിടെ ഭരണ വ്യവസ്ഥിതികൊണ്ടു വരികയും ചെയ്തു. പേർഷ്യയിൽ ഖുസ്റോ പർവേസിന്റെ കാലഘട്ടംവരെ ഭരണകൂടം പ്രതാപത്തോടെ വിരാജിച്ചിരുന്നു. ഖുസ്റോ പർവേസിന്റെ മരണത്തിനുശേഷം ഇസ്‌ലാമിക മുന്നേറ്റംവരെയുള്ള കാലയളവ് വെറും മൂന്നോ നാലോ വർഷമാണ്. ഇത്രയും ചെറിയ കാലയളവിൽ പ്രൗഢോജ്ജ്വലമായ ഒരു ജനതയും ഭരണകൂടവും എങ്ങനെ ദുർബലമാകാനാണ്. രാജാക്കന്മാർ മാറിക്കൊണ്ടിരുന്നത് അവരുടെ ഭരണസംവിധാനത്തിൽ വ്യത്യാസം ഉണ്ടാക്കിയെങ്കിലും സുപ്രധാന വകുപ്പുകളിൽ, അതായത് സൈനിക ഖജനാവിലും ട്രഷറിയിലും ഒരുവിധ മാറ്റവും വന്നിട്ടുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ യസ്ദഗർദ് സിംഹാസനസ്ഥനായപ്പോൾ രാജസദസ്സ്യർ അദ്ദേഹത്തോട് ഭരണപരിഷ്കാരത്തെ കുറിച്ച് ഉണർത്തുകയും പെട്ടെന്നുതന്നെ പൂർവ്വപ്രതാപം വീണ്ടെടുക്കുകയും ചെയ്തു. മുസ്ദക്കിയ കക്ഷി ആ സമയത്ത് പേർഷ്യയിൽ ഉണ്ടായിരുന്നെങ്കിലും മുസ്ലിമീങ്ങൾക്ക് അവരുടെ ഭാഗത്തു നിന്നു എന്തെങ്കിലും സഹായം ഉണ്ടായതായി ചരിത്രത്തിൽ എവിടെയും നമുക്ക് കാണാൻ സാധിക്കുകയില്ല. അതുപോലെതന്നെ നെസ്തോരിയൻ (Nestorian)കക്ഷിയുടെ സഹായ സഹകരണങ്ങൾ ലഭിച്ചതായി അറിയാനും സാധിക്കുന്നില്ല. നെസ്തോരി എന്നത് ക്രിസ്ത്യാനികളിലെ ഒരു കക്ഷിയാണ്. അവരുടെ വിശ്വാസം ഹദ്റത്ത് ഈസയിൽ ദൈവവും മനുഷ്യനും വെവ്വേറെ പ്രകടമായികൊണ്ടിരുന്നു എന്നാണ്. ക്രിസ്ത്യാനികളുടെ മതപരമായ അഭിപ്രായ ഭിന്നതയുടെ ഫലമായി ഭരണത്തിൽ എന്തെങ്കിലും പ്രതികൂല സാഹചര്യം ഉടലെടുത്തിരുന്നുവെന്ന് യൂറോപ്യൻ ചരിത്രകാരന്മാർ എവിടെയും രേഖപ്പെടുത്തിയിട്ടില്ല.

അതെ സമയം അറബികളുടെ അവസ്ഥ എന്താണെന്ന് നോക്കുക. ഈജിപ്ത്, ഇറാൻ, റോം എന്നിവിടങ്ങളിൽ, യുദ്ധങ്ങളിൽ വ്യാപൃതരായിരുന്ന മുഴു സൈന്യങ്ങളുടെയും ആകെ എണ്ണം ഒരു ലക്ഷം പോലും ഉണ്ടായിരുന്നില്ല. യുദ്ധ കാര്യങ്ങളിലുള്ള നൈപുണ്യത്തേയും പരിചയസമ്പന്നതയേയും കുറിച്ച് പറയുകയാണെങ്കിൽ യർമൂക്‌യുദ്ധം ആയിരുന്നു. തഅ്ബിയ എന്ന സൈനിക വ്യൂഹരീതി ഉപയോഗിച്ച് കൊണ്ട് അവർ ചെയ്ത ആദ്യ യുദ്ധം. യുദ്ധവേളയിൽ സൈന്യത്തെ നയിക്കുന്ന സൈന്യാധിപനോ രാജാവോ സൈന്യത്തിന്റെ മധ്യഭാഗത്ത് നിലകൊള്ളുകയും സൈനിക ക്രമീകരണം നടത്തുകയും ചെയ്യുന്ന രീതിയ്ക്കാണ് 'തഅ്ബിയ' എന്ന് പറയുന്നത്. അതുപോലെതന്നെ യുദ്ധത്തിനുവേണ്ട സാധന സാമഗ്രികളായ തലക്കവചം, പടച്ചട്ട, ലോഹ വസ്ത്രം തുടങ്ങിയ രക്ഷാകവചങ്ങളും നെഞ്ചിലും മുതുകിലും രണ്ടു തുടകളിലും കെട്ടുന്ന വെട്ടിത്തിളങ്ങുന്ന നാലു ഉരുക്ക് ബെൽറ്റുകളും ഇരുമ്പ് കൈയുറകളും തലക്കവചത്തിൽ തൂക്കിയിടുന്ന ഇരുമ്പുവളകളും മുഖംമൂടിയും ഇരുമ്പുകാലുറകളുമെല്ലാം തന്നെ ഓരോ പേർഷ്യൻ സൈനികനും ഒഴിച്ചുകൂടാനാവാത്ത യുദ്ധ വേഷവിധാനമായിരുന്നു. എന്നാൽ, അറബികളുടെ അടുത്ത് വെറും പടച്ചട്ടകൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. അതും മിക്കപ്പോഴും തുകലിന്റേതായിരുന്നു. പേർഷ്യക്കാരുടെ എല്ലാ രക്ഷാകവചങ്ങളും (protection) ഇരുമ്പിന്റേതായിരുന്നെങ്കിൽ അറബികളുടെ പക്കൽ ഉണ്ടായിരുന്ന ചുരുക്കം ചില രക്ഷാ കവചങ്ങൾപോലും തുകലിന്റേതായിരുന്നു. കുതിരയുടെ ജീനി ലോഹത്തിനു പകരം മരത്തിന്റേതായിരുന്നു ഉപയോഗിച്ചിരുന്നത്. യുദ്ധോപകരണങ്ങളിൽ അറബികൾ ഗദയെ കുറിച്ചോ കുറുക്കു കയർ എന്നിവയെ കുറിച്ചോ പരിചയമില്ലാത്തവരായിരുന്നു. അറബികളുടെ പക്കൽ ഉണ്ടായിരുന്നത് ആകെക്കൂടെ അസ്ത്രങ്ങളായിരുന്നു. എന്നാൽ, അതു വളരെ ചെറുതും നിലവാരം കുറഞ്ഞതുമായിരുന്നു. എത്രത്തോളമെന്നാൽ, ഖാദ്സിയ യുദ്ധത്തിൽ പേർഷ്യക്കാർ ആദ്യമായി അറബികളുടെ അസ്ത്രങ്ങൾ കണ്ടപ്പോൾ കരുതിയത് കമ്പോ ആണിയോ ആണെന്നായിരുന്നു. ചരിത്രകാരൻ അല്ലാമാ ശിബ്‌ലി നുഅ്മാനി യുദ്ധ വിജയത്തിനുള്ള യഥാർഥ കാരണങ്ങൾ വിവരിച്ചുകൊണ്ടു പറയുന്നു: 'ഈ ചോദ്യത്തിനുള്ള യഥാർഥ ഉത്തരമായി നാം കരുതുന്നത് മുസ്ലിമീങ്ങൾക്ക് ഇസ്‌ലാമിന്റെ പ്രവാചകൻ (സ) മുഖേന ലഭിച്ച ആവേശോത്സാഹങ്ങളും ധൈര്യ സ്ഥൈര്യങ്ങളും ഹദ്റത്ത് ഉമർ(റ) കൂടുതൽ ശക്തവും തീവ്രതയേറിയതുമാക്കി എന്നുള്ളതാണ്.

എത്രത്തോളമെന്നാൽ റോമൻ ഭരണകൂടവും പേർഷ്യൻ സാമ്രാജ്യവും തങ്ങളുടെ പ്രതാപോജ്ജ്വല കാലഘട്ടത്തിൽപോലും അവരെ നേരിടാൻ കെല്പുള്ളവരായിരുന്നില്ല. അതോടൊപ്പം മറ്റുചില കാര്യങ്ങൾ കൂടി അവർക്ക് ഗുണകരമായി. എന്നാൽ, അവ യുദ്ധവിജയങ്ങൾക്ക് സഹായമാകുന്നതിനു പകരം വിജയാനന്തരമുള്ള ഭരണം നിലനിറുത്താനാണ് പ്രയോജനകരമായത്. അവയിൽ ഏറ്റവും സുപ്രസിദ്ധമായ കാര്യം മുസ്ലിമീങ്ങളുടെ സത്യസന്ധതയും വിശ്വസ്തതയുമായിരുന്നു. മുസ്ലിമീങ്ങൾ കീഴടക്കിയ രാജ്യങ്ങളിലെ ജനങ്ങൾ അവരുടെ സത്യസന്ധതയിലും കൂറിലും എത്രത്തോളം ആകൃഷ്ടരായിരുന്നുവെന്നാൽ മതപരമായ എതിർപ്പുകളുണ്ടായിരുന്നിട്ടും ഇസ്‌ലാമിക ഭരണം ഇല്ലാതാകാൻ അവർ ആഗ്രഹിച്ചിരുന്നില്ല. യർമൂക് യുദ്ധത്തിന് മുമ്പേ മുസ്ലിമീങ്ങൾ സിറിയയിലെ പ്രവിശ്യയിൽ നിന്നു വിട്ടു പോകുമ്പോൾ ക്രിസ്ത്യാനികൾ ഇപ്രകാരം ഉറക്കെ വിളിച്ച് പറഞ്ഞു: 'ദൈവം നിങ്ങളെ വീണ്ടും ഈ രാജ്യത്ത് കൊണ്ടുവരുമാറാകട്ടെ.' ജൂതന്മാർ തൗറാത്ത് കൈയിലെടുത്തു കൊണ്ടു ഇപ്രകാരം പറഞ്ഞു:'ഞങ്ങൾ ജീവനോടെ ഇരിക്കെ സീസറിന് ഇങ്ങോട്ടു വരാൻ സാധിക്കുകയില്ല.' സിറിയയിലും ഈജിപ്തിലുമുണ്ടായിരുന്ന റോമൻഭരണം വളരെയധികം പരുക്കനായിരുന്നു. അതുകൊണ്ട് റോമക്കാർ അവിടെ ഭരണം സ്ഥാപിച്ചത് സാമ്രാജ്യത്വത്തിന്റേയും സൈന്യാധിപത്യത്തിന്റേയും പിൻബലത്തിലായിരുന്നു. അല്ലാതെ അവിടുത്തുകാർ അവരെ പിന്തുണച്ചിരുന്നില്ല. മുസ്ലിമീങ്ങൾ ആ ഭരണകൂടത്തിന് അറുതി വരുത്തിയപ്പോൾ അവർക്കുമുമ്പിൽ മാർഗ്ഗതടസങ്ങളൊന്നുമുണ്ടായിരുന്നില്ല. അവർ ജൈത്രയാത്ര തുടർന്നു കൊണ്ടിരുന്നു. അതായത് തദ്ദേശവാസികളുടെ ഭാഗത്തുനിന്നു അവർക്ക് ഒരുവിധ എതിർപ്പും നേരിടേണ്ടി വന്നില്ല. എന്നാൽ, പേർഷ്യക്കാരുടെ സ്ഥിതി മറിച്ചായിരുന്നു. അവരുടെ സാമ്രാജ്യത്തിൻ കീഴിൽ വലിയ വലിയ നാട്ടുപ്രമാണികളുണ്ടായിരുന്നു. അവർ വിവിധ ജില്ലകളുടെയും പ്രവിശ്യകളുടെയും അധിപന്മാരായിരുന്നു. അവർ പേർഷ്യൻ സാമ്രാജ്യത്തിന് വേണ്ടിയായിരുന്നില്ല മറിച്ച് തങ്ങളുടെ ഭരണം നിലനിറുത്തുന്നതിന് വേണ്ടിയായിരുന്നു മത്സരിച്ചിരുന്നത്. അക്കാരണത്താലായിരുന്നു മുസ്ലിമീങ്ങൾക്ക് പല പ്രവിശ്യകളിലും വിജയം ലഭിച്ചിട്ടുകൂടി കടുത്ത വെല്ലുവിളികൾ നേരിടേണ്ടി വന്നിരുന്നത്. എന്നാൽ, അവിടെയുള്ള പൊതുജനങ്ങൾ മുസ്ലിമീങ്ങളോട് വളരെയധികം ആഭിമുഖ്യം പ്രകടിപ്പിച്ചിരുന്നു. അതു കൊണ്ട് ആധിപത്യം ലഭിച്ചതിനുശേഷം മുസ്ലിമീങ്ങൾക്ക് ഭരണം നിലനിറുത്താൻ പൊതുജനങ്ങളുടെ സഹായമുണ്ടായിരുന്നു. മറ്റൊരു വലിയ കാരണം ഇതായിരുന്നു: 'മുസ്ലിമീങ്ങൾ ആദ്യം സൈനിക മുന്നേറ്റം നടത്തിയത് സിറിയയിലും ഇറാഖിലുമായിരുന്നു. അവിടങ്ങളിൽ ഒരുപാട് അറബികൾ അധിവസിച്ചിരുന്നു. സിറിയയിൽ ഡമാസ്കസിന്റെ ഭരണ നേതൃത്വം ഗസ്സാനി കുടുംബത്തിനായിരുന്നു. അവർ പേരിനുമാത്രം സീസറിന്റെ ആജ്ഞാനുവർത്തികളായിരുന്നു. ഖുസ്റോവിന് കപ്പം നൽകിയിരുന്നുവെങ്കിലും യഥാർഥത്തിൽ ഇറാഖിൽ ലഖ്നി കുടുംബം നിയന്ത്രണാധികാരം ഉള്ളവരായിരുന്നു. ഇവിടെയുണ്ടായിരുന്ന അറബികൾ ക്രിസ്ത്യാനികളായി മാറിയതുകൊണ്ടുമാത്രം ആദ്യമാദ്യം മുസ്ലിമീങ്ങളെ എതിർത്തിരുന്നു. എന്നാൽ, സമുദായ ഐക്യം ഒരിക്കലും വ്യഥാവിലാവില്ല. അങ്ങനെ ഇറാഖിലെ വലിയ വലിയ പ്രമാണികൾ പെട്ടെന്നുതന്നെ ഇസ്‌ലാം സ്വീകരിക്കുകയും മുസ്ലിമീങ്ങളുടെ സഹായികളായിത്തത്തീരുകയും ചെയ്തു. സിറിയയിലും അവസാനം അറബികൾ ഇസ്‌ലാം

സ്വീകരിക്കുകയും റോമൻ ഭരണത്തിൽനിന്ന് സ്വതന്ത്രരാവുകയും ചെയ്തു.

അലക്സാണ്ടർ, ചങ്കീസ് തുടങ്ങിയവരുടെ പേരുകൾ ഇതോടൊപ്പം ചേർത്ത് പറയുന്നത് തീർത്തും അസ്ഥാനത്താണ്. അവർ വലിയ വലിയ വിജയങ്ങൾ നേടിയെടുത്തിരുന്നുവെന്നതിൽ സംശയമില്ല. എന്നാൽ, എങ്ങനെ? അവർ വിജയം നേടിയത് അക്രമത്തിലൂടെയും അതിക്രമത്തിലൂടെയും കൂട്ടക്കൊലയിലൂടെയും ആയിരുന്നു. ചങ്കേസിന്റെ അവസ്ഥ എല്ലാവർക്കും സുപരിചിതമാണ്. സികന്ദറിന്റെ വിജയങ്ങളെ തുലനം ചെയ്യുകയാണെങ്കിൽ അതിന്റെ അവസ്ഥ എന്താണെന്നുവെച്ചാൽ അയാൾ സിറിയയിലെ പട്ടണമായ സൂർ ജയിച്ചടക്കിയപ്പോൾ അവിടെയുള്ളവർ വളരെ നേരം സ്ഥൈര്യത്തോടെ നിന്നു പോരാടി എന്ന കാരണത്താൽ അയാൾ കൂട്ടക്കൊലക്ക് കൽപന നൽകുകയും ആയിരം പേരുടെ തലകൾ നഗരത്തിന്റെ ചുറ്റുമതിലിനുമേൽ തൂക്കിയിടുകയും ചെയ്തു. അതുകൂടാതെ മുപ്പതിനായിരം വരുന്ന സ്ത്രീപുരുഷന്മാരെ അടിമകളാക്കി വിൽക്കുകയും ചെയ്തു. സ്വാതന്ത്ര്യകാംക്ഷികളും സ്വദേശികളുമായ ഒരാളെപോലും ജീവനോടെ വിട്ടില്ല. അതുപോലെ പേർഷ്യയിലെ പുരാതന നഗരമായ ഇസ്ത്വഖർ അവർ കീഴടക്കിയപ്പോൾ അവിടെയുള്ള പുരുഷന്മാരെ ഒന്നടങ്കം വധിക്കുകയുണ്ടായി. അങ്ങനെ ഒരുപാട് കൊടുംക്രൂരതകൾ അഴിച്ചുവിട്ടു. അലക്സാണ്ടറിന്റെ വീര പരാക്രമണങ്ങളിൽ ഇക്കാര്യങ്ങൾ ഉൾപ്പെടുന്നു. അതുകൊണ്ടുതന്നെ ഇസ്ലാമിക വിജയങ്ങളെ അതുമായി എങ്ങനെ താരതമ്യപ്പെടുത്താൻ സാധിക്കും? ആക്രമങ്ങളും അതിക്രമങ്ങളും മുഖേന അധികാരം കൈമോശം വരുമെന്ന കാര്യം വളരെ പ്രസിദ്ധമാണ്. അതു വളരെ ശരിയാണ്. അക്രമങ്ങൾക്ക് ഒരിക്കലും നിലനിൽപുണ്ടാകില്ല. അക്കാരണത്താൽത്തന്നെ അലക്സാണ്ടറിന്റേയും ചങ്കേസിന്റേയും ഭരണത്തിന് ദീർഘായുസ്സ് ഉണ്ടായിരുന്നില്ല. എന്നാൽ, ശീഘ്രഗതിയിലുള്ള യുദ്ധവിജയത്തിന് ഇത്തരം തേർവാഴ്ചകൾ ഗുണകരമായിത്തീർന്നു. അതുമുഖേന രാജ്യം മൊത്തം അവരെ ഭയന്നിരുന്നു. കാരണം രാജ്യത്തിലെ ഒരു വലിയ ജനസംഖ്യ അങ്ങനെ നശിച്ചൊടുങ്ങിയിരുന്നു. അതുകൊണ്ടുതന്നെ ഒരു തരത്തിലുള്ള കലാപങ്ങളോ പ്രക്ഷോപങ്ങളോ ഉണ്ടാകുന്നതുമല്ല. അതിനാൽ ചങ്കേസ്, ബുഖ്ത്തുനസ്ർ, തയ്മൂർ, നാദിർ ശാഹ് തുടങ്ങിയ പേരെടുത്ത ചക്രവർത്തിമാർ എല്ലാവരുംതന്നെ അക്രമങ്ങൾ അഴിച്ച് വിടുന്നവരായിരുന്നു. എന്നാൽ, ഹദ്റത്ത് ഉമർ(റ)ന്റെ യുദ്ധവിജയങ്ങൾ ഒന്നുംതന്നെ നീതിയും നിയമവും ലംഘിച്ചുകൊണ്ടായിരുന്നില്ല.

കൂട്ടക്കൊല പോയിട്ട് വൃക്ഷങ്ങൾ മുറിക്കാൻ പോലും അനുവാദമുണ്ടായിരുന്നില്ല. വൃദ്ധരെയോ കുട്ടികളെയോ ഒന്നുംതന്നെ ചെയ്തിരുന്നില്ല. മാത്രവുമല്ല ശക്തമായ യുദ്ധം നടക്കുമ്പോഴല്ലാതെ ഒരാളും വധിക്കപ്പെട്ടിരുന്നില്ല. അതായത് യുദ്ധവേളയിൽ വധിക്കപ്പെട്ടാലായി. അല്ലാതെ ഒരുവിധ വധങ്ങളും നടന്നിരുന്നില്ല. ശത്രുക്കളോടു ഒരവസരത്തിലും വാഗ്ദാന ലംഘനമോ വഞ്ചനയോ കാണിച്ചിട്ടുണ്ടായിരുന്നില്ല. ശത്രുക്കളുമായി ഏറ്റുമുട്ടുമ്പോൾ അവരോടു ചതി പ്രയോഗം നടത്തരുതെന്നും മൂക്കും ചെവിയും ഛേദിക്കരുതെന്നും കുട്ടികളെ വധിക്കരുതെന്നും തുറന്ന നിലയിൽ യുദ്ധം ചെയ്യണമെന്നും സൈന്യാധിപന്മാർക്ക് കർശന നിർദേശമുണ്ടായിരുന്നു. അതുപോലെ കീഴടങ്ങിയശേഷം പ്രക്ഷോഭകാരികളായവർക്ക് അതായത് അനുസരണം സ്വീകരിച്ചതിനുശേഷം വിദ്രോഹ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്ക് രണ്ടാമതും ഒരവസരം നൽകി മാപ്പു കൊടുക്കുമായിരുന്നു. അർബസൂസുകാർ മൂന്നു തവണ അനുസരണ വൃത്തത്തിൽ വന്നശേഷം തുടർച്ചയായി വിദ്രോഹങ്ങളിൽ ഏർപ്പെട്ടു. അർബസൂസ് എന്നത് സിറിയയുടെ ഏഷ്യാമൈനറുമായി ചേരുന്ന അവസാന അതിർത്തിയിലുള്ള ഒരു പ്രദേശമാണ്. എന്നാൽ, അവരോടു ചെയ്ത പ്രതിക്രിയാ നടപടി ഇത്രമാത്രമായിരുന്നു. അവരെ എല്ലാവരെയും നാടു കടത്തുകയും അവരുടെ കൈവശ ഭൂമിയുടേതിന് തത്തുല്യമായ തുക ഏൽപിക്കുകയും ചെയ്തു. അതുപോലെ എഴുതുന്നു, ഖയ്ബറിലെ ജൂതന്മാർ വിദ്രോഹ പ്രവർത്തനങ്ങളും ഗൂഢതന്ത്രങ്ങളും ചെയ്തതിന്റെ ശിക്ഷയെന്നോണം അവരെ നാടുകടത്തിയപ്പോഴും അവരുടെ അധീനതയിലുണ്ടായിരുന്ന ഭൂമിയുടെ വില അവരെ ഏല്പിക്കുകയും അവർ സഞ്ചരിക്കുന്ന വഴികളിലെല്ലാം അവരെ സഹായിക്കണമെന്നും അവർ എവിടെയെങ്കിലും താമസം ഉറപ്പിച്ചാൽ ഒരു വർഷം വരെ അവരോട് ജിസിയ വാങ്ങരുതെന്നും ഓരോരോ ജില്ലയിലെയും ഭരണകർത്താക്കൾക്ക് നിർദേശം നൽകുകയുമുണ്ടായി.

തുടർന്നെഴുതുന്നു: 'ഫാറൂഖി യുദ്ധ വിജയങ്ങൾ അത്ഭുതകരമായ ഒന്നല്ലെന്നും അത്തരം ഒരുപാട് ജേതാക്കൾ കഴിഞ്ഞു കടന്നിട്ടുണ്ടെന്നും പറയുന്നവർക്കുള്ള മറുപടി ഇതാണ്. ഇത്രയും സൂക്ഷമതയോടെയും വിധിവിലക്കുകളോടെയും പരിമിതികളോടെയും വിട്ടുവീഴ്ചയോടെയും ലോകത്ത് മറ്റ് ഏത് ഭരണാധികാരിയാണ് മറ്റുള്ളവരുടെ ഒരു തുണ്ടു ഭൂമി പോലും കീഴടക്കിയിട്ടുള്ളത്. അതുകൂടാതെ അലക്സാണ്ടർ, ചങ്കേസ്ഖാൻ എന്നിവർ എല്ലാ യുദ്ധങ്ങളിലും നേരിട്ടു പങ്കെടുക്കുകയും സ്വയം സൈനാധിപരായിക്കൊണ്ട് യുദ്ധം ചെയ്യുകയും ചെയ്തിരുന്നു. അതുമൂലം സൈന്യത്തിനൊരു പ്രഗത്ഭനായ സാരഥി ലഭിക്കുന്നുവെന്ന് മാത്രമല്ല സൈനികരുടെ ഹൃദയം കരുത്തുറ്റതാകുകയും തങ്ങളുടെ യജമാനനുവേണ്ടി ആത്മാർപ്പണം ചെയ്യാൻ അവർ ആവേശം കൊള്ളുകയും ചെയ്തിരുന്നു. എന്നാൽ, ഹദ്റത്ത് ഉമർ(റ) തന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ഒരിക്കൽ പോലും യുദ്ധത്തിൽ പങ്കെടുക്കുകയുണ്ടായില്ല. എല്ലായിടങ്ങളിലും സൈനികർ കർമനിരതരായിരുന്നപ്പോൾ അവരുടെ കടിഞ്ഞാൺ ഹദ്റത്ത് ഉമർ(റ)ന്റെ കരങ്ങളിലായിരുന്നു. അതുകൂടാതെ മറ്റൊരു സപ്ഷ്ടമായ അന്തരം എന്താണെന്നാൽ, അലക്സാണ്ടറിനെ പോലുള്ളവരുടെ വിജയങ്ങൾ നീങ്ങിപ്പോകുന്ന മഴമേഘങ്ങൾക്ക് സമാനമായിരുന്നു. ഒറ്റയടിക്ക് അതു പെയ്യുകയും സ്ഥലംവിട്ട് അകലുകയും ചെയ്തിരുന്നു. അവർ ജയിച്ചടക്കിയ രാജ്യങ്ങളിലൊന്നുംതന്നെ അവർ വ്യസ്ഥാപിതമായ ഭരണ സംവിധാനങ്ങൾ സ്ഥാപിച്ചിരുന്നില്ല. എന്നാൽ, ഫാറൂഖി വിജയങ്ങളുടെ സവിഷേത എന്നത് അവ സുസ്ഥിരമായിരുന്നു എന്നതാണ്. ആ സമയത്ത് ജയിച്ചടക്കിയ പ്രദേശങ്ങൾ പതിമൂന്നു നൂറ്റാണ്ടുകൾക്കിപ്പുറം ഇന്നും ഇസ്ലാമിന്റെ നിയന്ത്രണത്തിൻ കീഴിലാണ്. മാത്രവുമല്ല ഹദ്റത്ത് ഉമർ(റ)ന്റെ കാലഘട്ടത്തിൽതന്നെ അവിടങ്ങളിൽ ഭരണ സംവിധാനങ്ങൾ സ്ഥാപിതവുമായിരുന്നു.

ഇനിയുള്ളത് ഹദ്റത്ത് ഉമർ(റ)ന്റെ വിജയങ്ങളുടെ പ്രത്യേക പങ്കാണ്. ഇതിനെക്കുറിച്ചെഴുതുന്നു: 'ഇതു സംബന്ധിച്ച് അവസാനത്തെ ചോദ്യത്തിന്റെ ഉത്തരം പൊതുവെയുള്ള അഭിപ്രായത്തിൽ ഇതാണ്, ഈ വിജയങ്ങളിൽ കാലത്തിന്റെ ഖലീഫയുടെ വലുതായ പങ്കാളിത്തമില്ല. മറിച്ച് ആ സമയത്ത് ഉണ്ടായിരുന്ന സ്ഥിരോത്സാഹങ്ങളുടേയും നിശ്ചയ ദാർഢ്യത്തിന്റേയും ഫലമായാണ് ഈ വിജയങ്ങളു ണ്ടായത്.' ഇതാണ് അവർ പറയുന്നത്. എന്നാൽ, അല്ലാമാ ശിബ്ലി എഴുതുന്നു: 'നമ്മുടെ അഭിപ്രായത്തിൽ അത് ശരിയല്ല. ഖലീഫയ്ക്ക് പങ്കൊന്നുമില്ലെന്ന് പറയുന്നത് തെറ്റാണ്. ഹദ്റത്ത് ഉഥ്മാൻ(റ)ന്റേയും ഹദ്റത്ത് അലി(റ)യുടേയും കാലഘട്ടത്തിൽ അവസാനം ഈ മുസ്ലിമീങ്ങൾ തന്നെയല്ലേ ഉണ്ടായിരുന്നത്. എന്നിട്ടെന്തുണ്ടായി? ആവേശങ്ങളും സ്വാധീനങ്ങളും നിസംശയം വൈദ്യുതി ശക്തി തന്നെയാണ്. എന്നാൽ, അവയെ പ്രയോജനപ്പെടുത്തുന്നയാളും അതേശക്തിയും തീവ്രതയുമുള്ള ആളാണെങ്കിൽ മാത്രമെ അവകൊണ്ട് പ്രയോജനമുണ്ടാവുകയുള്ളു. അവിടെ അനുമാനങ്ങളുടേയോ വാദമുഖങ്ങളുടേയോ ഒന്നും ആവശ്യമില്ല. സംഭവങ്ങൾതന്നെ അവ സാക്ഷ്യപ്പെടുത്തുന്നുണ്ട്. യുദ്ധവിജയങ്ങളുടെ സംഭവവികാസങ്ങൾ വായിക്കുമ്പോൾ സൈന്യങ്ങൾ പാവകളെപ്പോലെ ഹദ്റത്ത് ഉമർ(റ)ന്റെ നിർദേശങ്ങളനുസരിച്ച് ചലിച്ചിരുന്നതായി വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. അതുപോലെ സൈനിക ക്രമീകരണങ്ങളും സംവിധാനങ്ങളും അദ്ദേഹത്തിന്റെ നേതൃപാടവത്തിന്റേയും ആസൂത്രണ മികവിന്റേയും ഫലമായിരുന്നു. ഹദ്റത്ത് ഉമർ(റ) സൈനിക ക്രമീകരണങ്ങൾ, സൈനിക പരിശീലനങ്ങൾ, ബാരക്സ് നിർമാണങ്ങൾ, കുതിരകളുടെ പരിശീലനം, കോട്ടകളുടെ സംരക്ഷണം ശൈത്യോഷ്ണങ്ങളുടെ അടിസ്ഥാനത്തിലുള്ള ആക്രമണ രീതികൾ, സന്ദേശ കൈമാറ്റത്തിനുള്ള സംവിധാനം, സൈന്യാധിപന്മാരുടെ തിരഞ്ഞെടുപ്പ്, കോട്ടഭേദന യന്ത്രങ്ങളുടെ ഉപയോഗം എന്നിവയൊക്കെ സ്വയം രൂപ കല്പന ചെയ്യുകയും അവയെ അനിതരസാധാരണമായ നിലയിൽ ശക്തിയുക്തം നിലനിറുത്തുകയും ചെയ്തു. ഇവയൊക്കെ ഹദ്റത്ത് ഉമർ(റ)ന്റെ സവിശേഷതയായിരുന്നു. ഇറാഖ് വിജയത്തിൽ ഹദ്റത്ത് ഉമർ(റ) എല്ലാ അർഥത്തിലും സ്വയം സൈന്യത്തെ നയിക്കുകയുണ്ടായി. സൈന്യം മദീനയിൽ നിന്നു പുറപ്പെട്ടപ്പോൾ ഓരോരോ ഘട്ടങ്ങളിലും എന്നല്ല വഴിയുടനീളം എങ്ങനെയാണ് സഞ്ചരിക്കേണ്ടത്, എന്തൊക്കെയാണ് ചെയ്യേണ്ടത് എന്നതിനെ കുറിച്ചൊക്കെ എഴുത്ത് മുഖേന നിർദേശങ്ങൾ നൽകുകയുണ്ടായി. ഖാദ്സിയയുടെ സമീപത്ത് സൈന്യമെത്തിയപ്പോൾ അവിടെയുള്ള ഭൂപടം വരുത്തിക്കുകയും അതനുസരിച്ച് സൈനിക ക്രമീകരണത്തിനുള്ള നിർദശങ്ങൾ നൽകുകയും ചെയ്തു. അതുപോലെ ഏതൊക്കെ ഓഫീസർമാർ ഏതൊക്കെ പ്രവൃത്തികൾക്കുവേണ്ടി നിയമിക്കപ്പെടണമെന്നതും അദ്ദേഹമായിരുന്നു നിർദേശിച്ചിരുന്നത്. താരീഖ് ത്വബരിയിൽ ഇറാഖി

ലെ സംഭവങ്ങളുടെ വിശദശാംശങ്ങൾ നോക്കിയാൽ വ്യക്തമായി മനസ്സിലാകുന്നത് ഒരു വലിയ സൈന്യാധിപൻ വളരെ അകലെ നിന്നുകൊണ്ട് മുഴു സൈന്യത്തെക്കൊണ്ട് യുദ്ധം ചെയ്യിക്കുമെന്നും അയാളുടെ ചരടു നീക്കം അനുസരിച്ചാണ് എല്ലാ കാര്യങ്ങളും നടക്കുന്നതെന്നുമാണ്. പത്തുവർഷം നീണ്ടു നിന്ന ആ കാലഘട്ടത്തിലെ എല്ലാ യുദ്ധങ്ങളിലും വെച്ച് ഏറ്റവും അപകടകരമായത് രണ്ടെണ്ണമായിരുന്നു. ഒന്ന് നഹാവന്ദ് യുദ്ധം. അതിൽ ഇറാനികൾ പേർഷ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഓരോ സംഘത്തെ അയച്ച് രാജ്യം മുഴുവനും ഇസ്ലാംവിരുദ്ധ ചിന്തകൾക്ക് തീ കൊളുത്തുകയും ലക്ഷക്കണക്കിന് സൈന്യങ്ങളെ ഒരുമിച്ചുകൂട്ടി മുസ്ലിമീങ്ങൾക്കെതിരെ തിരിയുകയും ചെയ്തു. രണ്ടാമത്തെ അവസരം എന്നത് ജസീറ വാസികളുടെ സഹായത്തോടെ റോമിലെ സീസർ ഹിംസിലേക്ക് രണ്ടാമതും കടന്നു കയറ്റം നടത്തിയപ്പോളായിരുന്നു. ഈ രണ്ടു യുദ്ധങ്ങളിലും ഹദ്റത്ത് ഉമർ(റ)ന്റെ ആസൂത്രണമികവ് ഒന്നുകൊണ്ടു മാത്രമായിരുന്നു ഒരുഭാഗത്ത് ഉയർന്നുവന്ന കൊടുങ്കാറ്റിനെ അടിച്ചമർത്തിയതും മറുഭാഗത്ത് ശക്തമായ മലയെ തുണ്ടം തുണ്ടമാക്കുകയും ചെയ്തത്. ഈ സംഭവങ്ങളുടെ വിശദാംശങ്ങൾക്കുശേഷം ലോക ചരിത്രത്തിൽ ഇന്നോളം ഒരു വ്യക്തിയും മഹാനായ ഉമർ ഫാറൂഖിന് തുല്യ ജേതാവാവുകയോ ലോകം ജയിച്ചടക്കുകയോ അതോടൊപ്പം വിജയങ്ങളെയും നീതി ധർമങ്ങളെയും ഒരുമിച്ചുകൊണ്ടുപോകുകയോ ചെയ്തിട്ടില്ലെന്ന വാദം സ്പഷ്ടമായ നിലയിൽ സമർപ്പിക്കപ്പെടുന്നു. *(അൽഫാറൂഖ്, മൗലാനാ ശിബ്ലി നുഅ്മാനീ, പേജ് 170-177,287 ദാറുൽഇശാഅത്ത് കറാച്ചി 2004) (ഉർദു ദാഇറയെ മആരിഫ് ഇസ് ലാമിയ്യ, വാല്യം 20, മുസ്ദക് പദം, പേജ് 529-530, ശുഅ്ബയെ ഉർദു പഞ്ചാബ് യൂണിവേഴ്സിറ്റി ലാഹോർ)(ഉർദു ലുഗത്ത് , നസ്തൂരിയ്ത്ത് എന്നപദം, വാല്യം 19,പേജ് 932, ഉർദു ലുഗത്ത് ബോർഡ് കറാച്ചി)( ഉർദു ലുഗത്ത്, തഅ്ബിയ എന്ന പദം, വാല്യം 5, പേജ് 281-282, ഉർദു ലുഗത്ത് ബോർഡ് കറാച്ചി) (മുഅ്ജമുൽബുൽദാൻ വാല്യം 1, പേജ് 249 -250, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)* അതായത് വിജയങ്ങളുണ്ടാകുകയും നീതിയും ന്യായവും സ്ഥാപിതമാകുകയും ചെയ്തിട്ടുള്ളത്! നബി(സ)തിരുമേനി ഹദ്റത്ത് ഉമർ (റ)നെ ശഹീദ് എന്ന് വിളിക്കുകയുണ്ടായി. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറിൽനിന്നു നിവേദനം. ഹദ്റത്ത്ഉമർ(റ) വെള്ള വസ്ത്രം ധരിച്ചതായി ഹദ്റത്ത് നബി(സ)തിരുമേനി കാണുകയുണ്ടായി. അപ്പോൾ അദ്ദേഹത്തോട് ചോദിച്ചു, 'ഇത് പുതിയ വസ്ത്രമാണോ അതോ അലക്കിയതാണോ?' ഹദ്റത്ത് ഇബ്നു ഉമർ(റ) പറയുന്നു: 'ഹദ്റത്ത് ഉമർ(റ) അതിന് എന്താണ് മറുപടി നൽകിയത് എന്നെനിക്ക് ഓർമയില്ല. എന്നാൽ, നബി(സ)തിരുമേനി ദുആ ചെയ്തുകൊണ്ട് പറഞ്ഞു: 'പുതു വസ്ത്രങ്ങൾ ധരിക്കുകയും അഭിനന്ദനാർഹമായ ജീവിതം നയിക്കുകയും ശുഹദാക്കളുടെ മരണം വരിക്കുകയും ചെയ്യുക.' ഹദ്റത്ത് ഇബ്നു ഉമർ(റ) പറയുന്നു: 'എനിക്കു തോന്നുന്നത് ഇങ്ങനെയും പറഞ്ഞുവെന്നാണ്. അല്ലാഹു താങ്കൾക്ക് ഇഹപരലോകത്ത് കണ്ണുകൾക്ക് കുളിർമ പ്രദാനം ചെയ്യുമാറാകട്ടെ.'*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, മുസ്നദ് അബ്ദുല്ലാഹ് ബിൻ ഉമർ(റ)അൽഖത്ത്വാബ്, വാല്യം 2, പേജ് 429, ഹദീഥ് 5620, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1998)*

ഹദ്റത്ത് അനസ് ബിൻ മാലിക്(റ) വിവരിക്കുന്നു: 'ഹദ്റത്ത് അബൂബക്ർ ഹദ്റത്ത് ഉമർ ഹദ്റത്ത് ഉഥ്മാൻ എന്നിവരോടൊപ്പം നബി(സ) തിരുമേനി ഉഹുദ് മലയിൽ കയറി. പെട്ടെന്നത് ഇളകാൻ തുടങ്ങി. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: 'ഉഹുദേ! അടങ്ങി നിൽക്കുക. നിന്റെ മുകളിൽ ഒരു നബിയും ഒരു സിദ്ദീക്കും രണ്ടു ശഹീദുകളുമാണുള്ളത്.' *(സ്വഹീഹുൽബുഖാരി, കിതാബുൽഫളാഇൽ അസ്ഹാബുന്നബിയ്യി (സ), ഹദീഥ് 3675)*

ഹദ്റത്ത് ഉബയ് ബിൻ കഅ്ബിൽനിന്നു നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: 'ജിബ്രീൽ എന്നോട് ഇങ്ങനെ പറയുകയുണ്ടായി, 'ഹദ്റത്ത് ഉമറിന്റെ വഫാത്തിൽ മുസ്ലിം ലോകം ഒന്നടങ്കം കരയുന്നതായിരിക്കും.' *(അൽമുഅ്ജമുൽകബീർ ലിത്ത്വബറാനി, വാല്യം 1, പേജ് 67-68, രിവായത്ത് 61, സൻ ഉമർ വവഫാത്തിഹി, വഫീസനത്തിൻ ഇഖ്തിലാഫിൻ ദാറുഅഹ്യാഉത്തുറാഥ് അൽഅറബി 2002)*

അതുപോലെ ഹദ്റത്ത് ഉമറിന് ഉണ്ടായിരുന്ന ശഹാദത്ത് മോഹത്തെ കുറിച്ച് നിവേദനമുണ്ട്. നബി(സ) തിരുമേനിയുടെ സഹധർമിണി ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഹഫ്സ്വ (റ) വിവരിക്കുന്നു: 'ഞാൻ എന്റെ പിതാവ് ഇങ്ങനെ പറയുന്നതായി കേട്ടു, **'അല്ലാഹുമ്മർസുഖ്നീ ഖത്ലൻ ഫീ സബീലിക്ക വ വഫാത്തൻ ഫീ ബൽദി നബിയ്യിക്ക'** അല്ലാഹുവേ! 'നീ എനിക്ക് നിന്റെ മാർഗ്ഗത്തിൽ ശഹാദത്തിനുള്ള ഭാഗ്യം നൽകിയാലും. അതുപോലെ നിന്റെ നബി(സ) യുടെ പട്ടണത്തിൽവെച്ച് എനിക്ക് മരണം നൽകിയാലും. ഹദ്റത്ത് ഹഫ്സ്വ(റ) പറയുന്നു: 'ഞാൻ ചോദിച്ചു, അതെങ്ങനെ സാധ്യമാകും? അപ്പോൾ ഹദ്റത്ത് ഉമർ(റ)പറഞ്ഞു:ഇന്നല്ലാഹ യഅ്തീ ബി അംരിഹീ അന്നാ ശാഅ നിശ്ചയമായും അല്ലാഹു താൻ ഇച്ഛിക്കുന്ന വിധം വിധി നടപ്പിലാക്കുന്നതാണ്. *(അത്ത്വബഖാത്തുൽകുബ്റാ, വാല്യം 3, പേജ് 252, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1998)*

ഹദ്റത്ത് ഉമർ(റ) ശഹാദത്തിനുവേണ്ടി ചെയ്ത ദുആയെ കുറിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: 'ഹദ്റത്ത് ഉമർ(റ)നു അല്ലാഹുവുമായി എത്രത്തോളം സാമീപ്യം ഉണ്ടായിരുന്നുവെന്നാൽ നബി(സ)തിരുമേനി പറയുന്നു: 'എനിക്കുശേഷം ആരെങ്കിലും നബി ആകുമെങ്കിൽ അത് ഉമറായിരിക്കും. ഇവിടെ എനിക്കുശേഷം എന്നതിന്റെ ഉദ്ദേശ്യം എനിക്കുശേഷം ഉടനെ എന്നാണ്. നബി(സ) തിരുമേനി അദ്ദേഹത്തെ എത്രത്തോളം യോഗ്യനാണെന്ന് കരുതിയിരുന്നുവെന്നാൽ അല്ലാഹു അക്കാലത്തുള്ള ആവശ്യത്തെ മുൻനിറുത്തി ആരെയെങ്കിലും ശഹാദത്തിന്റെ പദവിയിൽനിന്നുയർത്തി നുബുവ്വത്തിന്റെ ഉന്നതസ്ഥാനത്ത് അവരോധിക്കണമെന്ന് ഇച്ഛിക്കുകയാണെങ്കിൽ അതിന് ഏറ്റവും അനുയോജ്യൻ ഉമറായിരുന്നു. ഹദ്റത്ത് ഉമറിന്റെ ത്യാഗങ്ങളെ കണ്ട് യൂറോപ്പിലെ കൊടിയ ഇസ്ലാം വിരുദ്ധർപോലും ഏറ്റുപറയുന്നത് ഇത്തരത്തിൽ ത്യാഗമനോഭാവനായ, ആത്മാർപ്പണം ചെയ്യുന്ന ഒരാൾ വളരെ ദുർലഭമായി മാത്രമേ ഉണ്ടാവുകയുള്ളു എന്നാണ്! അദ്ദേഹത്തിന്റെ സേവനങ്ങളെപറ്റി അവർ എത്രത്തോളം അതിശയോക്തി പ്രകടിപ്പിക്കുന്നുവെന്നാൽ ഇസ്ലാമിന്റെ പുരോഗതി അദ്ദേഹവുമായി ബന്ധപ്പെട്ടതായി അവർ വാദിക്കുന്നു. ഉമർ ഇപ്രകാരം ദുആ ചെയ്യുമായിരുന്നു. 'അല്ലയോ നാഥാ! എന്റെ മരണം മദീനയിൽ വെച്ചാകേണമേ! അത് ശഹാദത്ത് ആകേണമേ! ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) എഴുതുന്നു: 'ഹദ്റത്ത് ഉമർ(റ) ഈ ദുആ സ്നേഹാധിക്യത്താലാണ് ചെയ്തിരുന്നത്. കാരണം ഈ ദുആ വളരെ അപകടകരമായിരുന്നു. കാരണം ഇതിന്റെ അർഥം ഇപ്രകാരം വരും. ഒരു അതിശക്തനായ ശത്രു ഇസ്ലാമിക രാഷ്ട്രങ്ങളെല്ലാം കീഴടക്കിക്കൊണ്ട് മദീനയിലെത്തുകയും അവിടെവെച്ച് അദ്ദേഹത്തെ ശഹീദ് ആക്കുകയും ചെയ്യണമെന്നാണ്. എന്നാൽ, ഹൃദയങ്ങളിലുള്ളത് അറിയുന്നവനായ അല്ലാഹു ഹദ്റത്ത് ഉമറിന്റെ ഈ ആഗ്രഹത്തെ പൂർത്തിയാക്കുകയും മദീനയിൽ ഒരു ആപത്തും വരുത്താതിരിക്കുകയും ചെയ്തു. കാരണം അങ്ങനെ ഒരു ഗോപ്യമായ വശം അതിനുണ്ടായിരുന്നു. അപ്രകാരം മദീനയിൽതന്നെയുള്ള ഒരു കാഫിറിന്റെ കൈകളാൽ അദ്ദേഹത്തെ ശഹീദാക്കി. എന്തായാലും ഹദ്റത്ത് ഉമറിന്റെ ദുആയിൽ നിന്നു മനസ്സിലാകുന്നത് അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ദൈവവുമായി സാമീപ്യം സിദ്ധിച്ചതിന്റെ തെളിവ് എന്നത് ഒരാൾക്ക് തന്റെ ജീവൻ ദൈവമാർഗ്ഗത്തിൽ ബലിയർപ്പിക്കാൻ അവസരം ലഭിക്കുക എന്നതാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)

ശേഷം പേജ് 8 ൽ

## അല്ലാഹുവിന്റെ കലാം:

**"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ."**

*(വിശുദ്ധ ഖുർആൻ 3:148)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

## അല്ലാഹുവിന്റെ കലാം:

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."**

*(വിശുദ്ധ ഖുർആൻ 51:57)*

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാള്യം 6 ലക്കം 45 പേജ് 8–ൽനിന്ന് തുടർച്ച.....)

**അതിഥികളുടെ ഹ്രസ്വമായ പ്രഭാഷണങ്ങൾ**

☼ ഹർട്ടിഹെയിം(Hurtigheim) മേയർ Mr.Jean Jacques Ruch വേദിയെ അഭിമുഖീകരിച്ചു:

അഹ്മദികളുടെ അഞ്ചാം ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദിനെ ഈ പട്ടണത്തിലേക്ക് ഞാൻ സ്വാഗതം ചെയ്യുകയാണ്. മൂന്ന വർഷം മുമ്പേ നടന്ന തറക്കല്ലിടൽ ചടങ്ങിൽ എന്റെ താൽപര്യ ക്കുറവിനെ കുറിച്ച് അവലോകനം നടത്തിയിരുന്നു. നമ്മൾ നമ്മുടെ പട്ടണത്തിൽ പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷമേ ആഘോഷം നടത്താറുള്ളൂ എന്ന് അന്ന് ഞാൻ മറുപടിയായി പറഞ്ഞിരുന്നു. അതുകൊണ്ട് ഇന്ന് സന്തോഷത്തിന്റെ അവസരമാകുന്നു. ഇന്നിവിടെ ഹാജരുള്ള എന്റെ സഹപ്രവർത്തകർ ഇതിന്നു സാക്ഷിയാണ്.

ഞങ്ങളുടേതു പോലെയുള്ള ഗ്രാമീണ പ്രദേശത്ത് ഒരു മസ്ജിദ് ഉൽഘാടനം ചെയ്യപ്പെടുക എന്നത് തികച്ചും പ്രാധാന്യം അർഹിക്കുന്ന ഒരു അവസരമാണ്. വിശേഷിച്ചും ചില പുരാതന ആചാരങ്ങൾ നൂറ്റാണ്ടുകളായി നടന്നു വരുന്ന നമ്മുടെ പ്രദേശത്ത്. ഇവിടെ ഹാജരുള്ളവരെല്ലാം നിങ്ങളോട് ആഭിമുഖ്യം പുലർത്തുന്നവരാണെന്ന് തുറന്ന് പ്രഖ്യാപിക്കാൻ ഞാനാഗ്രഹിക്കുന്നു. എന്നാൽ നിങ്ങളുടെ ജമാഅത്തിനെ കുറിച്ചറിയാത്ത ധാരാളംപേർ എന്നോട് ഈ മസ്ജിദ് നിർമിക്കാൻ എന്തിന് അനുമതി നല്കി എന്ന് ചോദിക്കാറുണ്ട്. ചോദിക്കുകയും ചെയ്യും. ഇപ്പോൾ ഞാൻ ഈ പരിപാടിയിൽ പങ്കെടുക്കാനുള്ള കാരണവും ഇവർ ചോദിക്കുന്നു. എന്റെ ഈ പ്രവർത്തന രീതി നമ്മുടെ നിയമത്തിന് അനുസൃതമാണെന്ന് നിങ്ങൾക്കും അവർക്കും ഞാൻ മറുപടി നല്കുന്നു.ഇന്നിവിടെ ഞാൻ സർക്കാറിന്റെ പ്രതിനിധി എന്ന നിലയിൽ വന്നതാണ്. നമ്മുടെ സർക്കാർ സെക്യുലറിസം, സംഭാഷണം, സഹവർത്തിത്വം എന്നിവക്ക് ഊന്നൽ നല്കുന്നവരാണ്. നമ്മുടെ ഭരണകൂടത്തിന്റെ മുദ്രാവാക്യം സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നൊക്കെയാണ്. ഇത് അഹ്മദിയ്യാ ജമാഅത്തിന്റെ മോട്ടോ ആയ **എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്** എന്നതിനോട് സാമ്യമുള്ളതാണ്. എന്നാൽ ഇതരരെ ആഭിമുഖ്യം ഉള്ള വരാക്കാൻ സമയമെടുക്കും. നമ്മൾ ശ്രദ്ധയോടെ ഇരിക്കേണ്ടിവരും. നമ്മുടെ ഗ്രാമത്തിലും മസ്ജിദിന്റെ ആവശ്യമുണ്ട് എന്ന കാര്യത്തിൽ ഇതരരെ വിശ്വാസത്തിലെടുക്കുന്നതിനും കുറച്ച് സമയമെടുക്കും. നിങ്ങളുടെ ജമാഅത്ത് നമ്മുടെ പട്ടണത്തില് 7 വർഷമായി നിലവിലുണ്ട്. പ്രദേശവാസികൾ നിങ്ങൾക്ക് സ്വാഗതം ഓതിയിരിക്കുന്നു. നിങ്ങളുടെ ജമാഅത്തും നമ്മുടെ വിവിധ പരിപാടികളിൽ പങ്കെടുക്കാറുണ്ട്. ഇപ്രകാരം ഒപ്പത്തിനൊപ്പം പ്രവൃത്തിച്ചാൽ ഭാവിയിൽ എല്ലാം ശരിയായി വരും.

☼ തുടർന്ന് Truchtersheim മേയറും Kochesberg മുനിസിപ്പാലിറ്റിയുടെ പ്രസിഡന്റുമായ Mr.Justin Vogel പ്രസംഗിച്ചു: ഈ മസ്ജിദിന്റെ ഉൽഘാടന പരിപാടിയിൽ പങ്കെടുക്കാൻ സാധിച്ചത് എനിക്ക് ലഭിച്ച ബഹുമതിയാണ്. ഈ മസ്ജിദിന്റെ ഉൽഘാടനം നമ്മുടെ പ്രദേശത്ത് നടക്കുന്ന ചരിത്രപരമായ സംഭവമാണ്. തുടക്കത്തിൽ എനിക്ക് കുറച്ച് ഭയമുണ്ടായിരുന്നുവെന്ന കാര്യം തുറന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ, നിങ്ങളുടെ മോട്ടോ എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ് എന്നതാണെന്ന് അറിഞ്ഞപ്പോൾ സ്വന്തം അഭിപ്രായം ഞാൻ മാറ്റുകയും ചെയ്തു. വർഗീയതയടേയും വിവേചനപരമായ പെരുമാറ്റത്തിന്റേയും തീവ്രവാദത്തിന്റേയും ഇക്കാലഘട്ടത്തിൽ സ്നേഹാനുകമ്പയുടെ കാര്യങ്ങൾ സംസാരിക്കുക എന്നത് സ്തുത്യർഹമായ കാര്യമാണ്. സ്വന്തം അവകാശങ്ങളെ മാത്രം നോക്കുകയും മറ്റുള്ളവരുടെ അവകാശങ്ങളിലേക്ക് നോക്കാതിരിക്കുകയും ചെയ്യുന്നു.

നിങ്ങളുടെ ജമാഅത്ത് വെറുപ്പിന്നെതിരാണെന്നും സ്നേഹത്തിന് ഊന്നൽ നല്കുന്നുവെന്നും ഇപ്പോളെനിക്ക് ഉറപ്പുണ്ട്. ഇതു സംബന്ധമായി നിങ്ങളുടെ ജമാഅത്ത് കൂടുതൽ പ്രവർത്തിക്കണമെന്നാണ് ഞാനാഗ്രഹിക്കുന്നത്. തന്മൂലം വരാനിരിക്കുന്ന തലമുറകളെ പ്രതീക്ഷാ നിർഭരരാക്കാൻ നമുക്ക് സാധിക്കും.

☼ അതിനുശേഷം Bas Rhin കൗണ്ടി കൗൺസിലിന്റെ വൈസ്പ്രസിഡന്റും Kuttolsheim ന്റെ മേയറുമായ Mr.Etienne Burger ന്റേതായിരുന്നു ഹ്രസ്വമായ പ്രഭാഷണം. അദ്ദേഹം പറഞ്ഞു: നമ്മുടെ പ്രദേശത്ത് എല്ലാ ഓരോ മതത്തിനും അതിന്റേതായ പ്രാധാന്യമുണ്ട്. നമ്മുടെ സമൂഹം എല്ലാ ഓരോരുത്തർക്കുവേണ്ടിയും തുറന്നു കിടക്കുന്നു. ഓരോ മതാനുയായിയേയും ആദരവിന്റെ ദൃഷ്ടിയോടെ നമ്മൾ നോക്കുന്നത്. അഹ്മദികളുടെ മസ്ജിദും നമ്മുടെ പ്രദേശത്താണെന്നതിൽ വളരെ സന്തോഷമുണ്ട്. അഹ്മദിയ്യാ ജമാഅത്ത് നമ്മുടെ പ്രദേശത്ത് പുതിയതാണ്. ഈ ജമാഅത്തിനെ കുറിച്ച് ഓരോ തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹിയും കൂടുതൽ മനസ്സിലാക്കേണ്ടതുണ്ട്. ഇത് വളരെ അനിവാര്യമാണ്. കാരണം അഹ്മദിയ്യാ ജമാഅത്ത് തീവ്രവാദികളെ പോലെയല്ല. ഈ പരിപാടിയിൽ പങ്കെടുക്കൽ നമ്മുടെ സുഹൃത്ബന്ധത്തിന്റെ പ്രകടനമാണ്. മതങ്ങൾതമ്മിലുള്ള ചർച്ചയിൽ നമ്മൾ ദൃഢമായും വിശ്വസിക്കുന്നു. ഇതു മുഖേന നമുക്ക് വർഗീയതക്കും വംശീയതക്കും തീവ്രവാദത്തിനും എതിരിൽ പോരാടാൻ സാധിക്കും. മസ്ജിദിന്റെ ഉൽഘാടനത്തിൽ ഞാൻ നിങ്ങൾക്ക് മംഗളാശംസകൾ നേരുന്നു.

അതിനുശേഷം നാഷണൽ പാർലമെന്റംഗം Ms.Martine Wonner വേദിയെ അഭിമുഖീകരിച്ചു:

ഇക്കാലഘട്ടത്തിന്റെ സാഹചര്യങ്ങളിൽ മസ്ജിദുൽഘാടനം ഒരു പൊതുവായ കാര്യമല്ല. ഇതിൽനിന്നു പ്രതീക്ഷയുണരുന്നു. ഈ പരിപാടിയിൽ പങ്കെടുക്കൽ എനിക്ക് അനിവാര്യമായിരുന്നു. ചിലർ തങ്ങളുടെ വിവരദോഷം കാരണത്താൽ മറ്റുള്ളവരെ ഭയപ്പെടുന്നു. സമൂഹത്തിൽ വരുന്ന മാറ്റങ്ങളെ അംഗീകരിക്കാന് ഇവർ തയ്യാറാകുന്നില്ല. മറ്റു ചിലർ ഇതരരുടെ വാക്ക് കേൾക്കാനും തയ്യാറാകുന്നില്ല. നമുക്കെന്താണ് ചെയ്യാൻ കഴിയുക? എല്ലാവരേയും വെറുക്കുന്നവരോട് നമുക്കെന്ത് മറുപടി നല്കാൻ കഴിയും? ഇവർക്ക് ആരോടും സ്നേഹമില്ല. ഒരു മസ്ജിദുൽഘാടനം നമ്മുടെ ഭാഗത്തുനിന്നുമുള്ള അവർക്കുള്ള മറുപടിയാണ്. നമ്മുടെ ഭാഗത്തുനിന്ന് ഇവർക്കുള്ള മറുപടി ഇതു മാത്രമാണ്; '**എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്**.'

വിശുദ്ധ ഖുർആനിലെ ഒരു വചനം ഞാനിവിടെ സമർപ്പിക്കുന്നു. ഒരു വ്യക്തിയെ കൊലപ്പെടുത്തൽ മുഴുവൻ മനസ്സാക്ഷിയേയും കൊലപ്പെടുത്തലാണ്. ഈ വചനം നമുക്ക് പ്രതീക്ഷ നല്കുന്നു. ഇസ്ലാം ഒരു സമ്പൂർണസമാധാന മതമാണ്. ഇസ്ലാം അനുകമ്പയുടെ മതമാണ്. സഹവർത്തിത്വത്തിന്റേയും സ്നേഹത്തിന്റേയും മതമാണ് ഇസ്ലാം. ഈ മസ്ജിദിൽ നിന്നു സാഹോദര്യം വ്യാപിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.ഈ മസ്ജിദിൽനിന്നു എല്ലാവരോടുമുള്ള സ്നേഹത്തിന്റെ കാഴ്ചകൾ ദൃശ്യമാകണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇതിന്റെ മിനാരം വിദ്വേഷം പരത്തുന്നവർക്ക് മറുപടിയാകണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.

**ഹുസൂറിന്റെ പ്രഭാഷണം**

അതിനുശേഷം 4 മണിക്ക് ഹുദൂർ തന്റെ പ്രസംഗം തുടങ്ങി. തശഹ്ഹുദും തഅവ്വുദും തസ്മിയ്യക്കു ശേഷം ഹുദൂർ അയ്യദഹല്ലാഹ് പറഞ്ഞു:

ആദരണീയ അതിഥികളേ! *അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തുഹു.* അല്ലാഹു നിങ്ങളെ സമാധാനത്തോടെ വെക്കുമാറാകട്ടെ. അവൻ തന്റെ സംരക്ഷണത്തിലും സുരക്ഷയിലും വെക്കുമാറാകട്ടെ. ഇവിടെ വന്നിട്ടുള്ള എല്ലാ അതിഥികൾക്കും ആദ്യമായി ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു. അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് നടത്തുന്ന ഈ മതപരമായ പരിപാടിയിൽ നിങ്ങൾ പങ്കെടുക്കുകയാണ്. നമ്മുടെ മസ്ജിദിന്റെ ഉൽഘാടനമാണിന്ന്. ഇവിടെ പ്രസംഗിച്ച ആദരണീയ അതിഥികൾ തങ്ങളുടെ വികാരങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി. അവർ ആദ്യം വളരെ വലിയ ആശങ്കയിലായിരുന്നുവെന്ന് ചിലരുടെ വാക്കുകളിൽനിന്നു മനസ്സിലായി. മുസ്ലിമീങ്ങളുടെ ഇവിടേക്കുള്ള വരവ് ഒരു പക്ഷേ, പ്രശ്നങ്ങൾക്ക് കാരണമാകുമെന്നുള്ള ആശങ്ക അവരിൽ നിലനിന്നിരുന്നു. എന്നാൽ, ഘട്ടംഘട്ടമായി എല്ലാം ശരിയായി മാറി. മസ്ജിദിന സംബന്ധിച്ച് എല്ലാവരും ഓർത്തിരിക്കേണ്ട ഒരു കാര്യമുണ്ട്. മസ്ജിദ് ഒരു പക്ഷേ, കുഴപ്പങ്ങളുടെ ആസ്ഥാനമാണെന്നുള്ള തെറ്റായ കാഴ്ചപ്പാട് അമുസ്ലിം ലോകത്ത് നിലനില്ക്കുന്നു. എന്നാൽ, യാഥാർത്ഥ്യം ഇതല്ല. ആദരണീയരായ ചില അതിഥികളും ഇക്കാര്യം വെളിപ്പെടുത്തിയിരുന്നു. മസ്ജിദ് ഒരു ആരാധനാഗേഹമാണ്. മുസ്ലിമീങ്ങൾ ഒരുമിച്ചുകൂടി ഏക ദൈവത്തെ ആരാധിക്കുന്ന സ്ഥലമാണ് മസ്ജിദ്. ഓരോ മതത്തിലും അവരവർക്ക് ഒരു ആരാധനാലയം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. മക്കയിൽ നബി (സ)തിരുമേനി തന്റെ ദൗത്യം പ്രഖ്യാപിച്ചതിനുശേഷം നിഷേധികൾ അദ്ദേഹത്തോട് വളരെ ക്രൂരമായി പെരുമാറി. കേട്ടാൽ രോമം എഴുന്നു നില്ക്കുന്ന വിധത്തിലുള്ള അക്രമങ്ങളാണ് അവർ അഴിച്ചുവിട്ടത്. ചുട്ടുപഴുത്ത കല്ലിന്മേൽ ചിലർ കിടത്തപ്പെട്ടു. ചിലരെ കത്തിജ്വലിച്ചു കിടക്കുന്ന അടുപ്പുകളിന്മേൽ വലിച്ചിട്ടു. ചിലർ മരുഭൂമിയിലെ ചുട്ടു പഴുത്ത മണ്ണിലൂടെ വലിച്ചിഴക്കപ്പെട്ടു. ചില സ്ത്രീകളേയും പുരുഷന്മാരേയും കുന്തംകൊണ്ട് കുത്തി രക്തസാക്ഷിയാക്കി. ഇത്തരം ദ്രോഹപ്രവർത്തനങ്ങൾ സഹിക്കവയ്യാതെ മക്കാ മുസ്ലിമീങ്ങൾ മദീനയിൽ അഭയം തേടി. മദീനയിലെ യഹൂദരോടും മറ്റുള്ളവരോടും സമാധാനക്കരാർ ഉണ്ടാക്കപ്പെട്ടപ്പോൾ അവിടേയും മക്കാ നിഷേധികൾ അക്രമം നടത്തി സമാധാന ഭംഗം വരുത്താൻ ശ്രമിച്ചു. അപ്പോഴാണ് അല്ലാഹു പ്രതിരോധിക്കാൻ ആദ്യമായി കൽപന നല്കിയത്. അതായത് യുദ്ധം ചെയ്യാൻ ഒരുങ്ങി വന്നവർക്കെതിരില് പ്രതിരോധ യുദ്ധം ചെയ്യുക! കാര്യങ്ങളെല്ലാം അതിൽ വലിയ രീതിയിൽ വ്യക്തമാക്കപ്പെട്ടു. ഇവരുടെ കൈകൾ ഇനിയും തടയുന്നില്ലെങ്കിൽ ഇവർ മുസ്ലിമീങ്ങളുടെ മാത്രം ശത്രുവാകുകയില്ലെന്നും പ്രത്യുത എല്ലാ മതത്തിന്റേയും ശത്രുവാകുമെന്നും വിശുദ്ധ ഖുർആൻ സൂചിപ്പിക്കുന്നു. കൂടാതെ, ഇവർ ഇപ്പോൾ തടയപ്പെടുന്നില്ലെങ്കിൽ യഹൂദരുടെ ദേവാലയമായ സിനഗോഗോ(Synagogue) ക്രൈസ്തവ പള്ളികളോ അമ്പലങ്ങളോ മസ്ജിദുകളോ ഒന്നും ബാക്കി

യാകുകയില്ലെന്ന് വിശുദ്ധ ഖുർആനിൽ വിശദമായി വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ചുരുക്കത്തിൽ നിഷേധികളോട് യുദ്ധം ചെയ്യാനുള്ള കല്പനയോടൊപ്പം മതങ്ങളെ സംരക്ഷിക്കാനുള്ള കൽപനയും നല്കി. എല്ലാ മതങ്ങളുടേയും പേരെടുത്ത് കൽപന നല്കി. എല്ലാ മതങ്ങളുടേയും ആരാധനാലയങ്ങളുടേയും പേരെടുത്ത് പറഞ്ഞു വ്യക്തമായ കൽപന നല്കി. നിഷേധികളുടെ കൈ തടഞ്ഞുകൊണ്ട് ഇപ്പോൾ അവർ ക്ക് മറുപടി നല്കേണ്ടത് അനിവാര്യമാണെന്ന കൽപന പുറപ്പെടുവിച്ചു. അവരുടെ ആക്രമണങ്ങളെ പ്രതിരോധിച്ചുകൊണ്ട് മറുപടി നൽകേണ്ടത് നിർബന്ധമാണ്. എങ്കിൽ മാത്രമെ എല്ലാ ഓരോ മതാനുയായിക്കും സ്വാതന്ത്ര്യത്തോടെ അവരവരുടെ ആരാധനാലയത്തിൽ പോകാനും ആരാധനകർമങ്ങൾ നടത്താനും കഴിയുകയുള്ളു. യഹൂദികൾക്ക് സിനഗോഗോ(**Synagogue**) അവരുടെ സിനഗോഗിൽ പോകാനും ആരാധന നിർവഹിക്കാനും കഴിയും. ക്രൈസ്തവർക്ക് ചർച്ചിൽ പോകാനും ആരാധന നിർവഹിക്കാനും കഴിയും. ഹിന്ദുമത വിശ്വാസികൾക്കും മറ്റു മതവിശ്വാസികൾക്കും അവരവരുടെ ആരാധനാലയങ്ങളിൽ പോകാനും ആരാധന നിർവഹിക്കാനും കഴിയും. മുസ്‌ലിമീങ്ങൾക്കും മസ്ജിദിൽ പോയി ആരാധന നടത്താൻ സാധിക്കും. സത്യനിഷേധികളോട് യുദ്ധം ചെയ്യാൻ മുസ്‌ലിമീങ്ങൾക്കു ലഭിച്ച ആദ്യ ദൈവകല്പനയാണിത്. എല്ലാ മതങ്ങളുടേയും സംരക്ഷണം നടത്തണമെന്ന് മുസ്‌ലിമീങ്ങൾ കല്പിക്കപ്പെട്ടിരിക്കുന്നു. ഒരു മതത്തിന്നുമെതിരിൽ ഒരു വിധത്തിലുള്ള പ്രവർത്തനവും നടത്താൻ ഇസ്‌ലാം അനുവദിക്കുന്നില്ലെന്ന് വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളിൽ വ്യക്തമാണ്. അതുകൊണ്ട് മുസ്‌ലിമീങ്ങളുടെമേൽ ചില യുദ്ധങ്ങൾ അടിച്ചേല്പിക്കപ്പെട്ടപ്പോഴാണ് സത്യനിഷേധികൾക്കെതിരിൽ പ്രതിരോധ യുദ്ധങ്ങളുണ്ടായത്. അപ്പോഴും നബി(സ)തിരുമേനിയും അദ്ദേഹത്തിന്റെ നാലു സച്ചരിതരായ ഖലീഫമാരും സൈനികർക്കു നല്കിയ നിർദേശം ഒരു ചർച്ചും ഒരു ആരാധനാലയവും തകർക്കരുതെന്നാണ്. ഒരു സ്ത്രീയേയും കുട്ടിയേയും ബുദ്ധിമുട്ടിക്കരുതെന്നാണ്. എന്നല്ല, ചർച്ചിലെ പാതിരിമാരേയും ഇതര മതപുരോഹിതന്മാരേയും ഒന്നും പറയരുതെന്നും ഒരു തരത്തിലുമുള്ള മരങ്ങളും മുറിക്കരുതെന്നും ഒരു വിളവുകളും നശിപ്പിക്കരുതെന്നും കൽപന നല്കപ്പെട്ടിരുന്നു. അന്ന് നല്കപ്പെട്ട കൽപനകളനുസരിച്ച് മുസ്‌ലിമീങ്ങൾ പ്രവർത്തിക്കുകയും ചെയ്തിരുന്നു. ശേഷം സാഹചര്യങ്ങൾ മോശമായിട്ടുണ്ടെങ്കിൽ അതിനുകാരണം മുസ്‌ലിമീങ്ങൾ അവരുടെ അധ്യാപനങ്ങൾ മറന്നതാണ്. അല്ലാതെ അധ്യാപനത്തിന്റെ അപാകതയല്ല. മുസ്‌ലിമീങ്ങളുടെ പ്രവർത്തനത്തിന്റെ അപാകതയാണ് അത്. അതുകൊണ്ടുതന്നെയാണ് ഒരു പാശ്ചാത്യ എഴുത്തുകാരൻ(**auther**) ഇക്കാര്യത്തെ വളരെ വിശദീകരിച്ച് പറഞ്ഞത്. അമേരിക്കയിലെ ഗ്രന്ഥകർത്താവാണ് ഇതെഴുതിയിട്ടുള്ളത്. നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ യുദ്ധങ്ങളിൽ ആകെ കൊല്ലപ്പെട്ടത് കുറച്ചു നൂറുകൾ മാത്രമായിരുന്നു. അല്ലെങ്കിൽ ആയിരമാകാം. എന്നാൽ, നാം ചെയ്ത രണ്ടു യുദ്ധത്തിൽ, ഒന്നും രണ്ടും ലോകമഹായുദ്ധത്തിൽ വിശിഷ്യാ രണ്ടാം ലോക മഹായുദ്ധത്തിൽ ഒരൊറ്റ ബോംബിൽതന്നെ ലക്ഷക്കണക്കിന് ജനങ്ങളാണ് വധിക്കപ്പെട്ടത്. അതുകൊണ്ട് ഈ ആരോപണം മുസ്‌ലിമീങ്ങളുടെമേൽ മാത്രം വെച്ചുകെട്ടരുത്. പിന്നീടു ചെയ്യപ്പെട്ട യുദ്ധങ്ങൾ സ്വന്തം മതത്തെ വ്യാപിപ്പിക്കാൻവേണ്ടി മുസ്‌ലിമീങ്ങൾ ചെയ്തതല്ല. മറിച്ച്, ഇക്കാലഘട്ടത്തിൽ ഭൗതികമായ അതിമോഹം ഗ്രസിച്ചിരിക്കുന്നു. രാഷ്ട്രീയ ഭൗമശാസ്ത്രപരമായ ഭൗതിക താൽപര്യങ്ങൾക്കുവേണ്ടി നടത്തപ്പെട്ട യുദ്ധങ്ങളായിരുന്നു ഇത്. ഇസ്‌ലാമിൽ ചെയ്യപ്പെട്ട യുദ്ധങ്ങളെ കുറിച്ചുള്ള തെറ്റായ വീക്ഷണമാണ് ഈ ആരോപണത്തിന്റെ അടിസ്ഥാനമെന്ന് ആദ്യമേ പറയട്ടെ. നിസ്സംശയം! ഇസ്‌ലാം തീവ്രവാദത്തെ ഇഷ്ടപ്പെടുന്ന മതമല്ല. ഓരോ മതാനുയായിക്കും അവരവരുടെ അവകാശങ്ങൾ ഇസ്‌ലാം അനുവദിച്ചു നല്കുന്നു. ഇസ്‌ലാമിൽ അയൽവാസികൾക്കും അവകാശങ്ങളുണ്ട്. ഇവിടെ താമസിച്ചു വരുന്ന ചിലർക്ക് ഒരുപക്ഷേ, ഇവിടെ മസ്ജിദു നിർമിച്ചതു കാരണത്താൽ ആശങ്കയുണ്ടാകാം. ഇവിടെ മുസ്‌ലിമീങ്ങൾ വരുമെന്നും ആരാധന നടത്തുമെന്നും ചില മുസ്‌ലിമീങ്ങളുടെ പ്രവർത്തനം കാരണത്താൽ അവർക്കും അപകടം ഉണ്ടായേക്കാമെന്നും കരുതാൻ സാധ്യതയേറെയാണ്. തന്റെ അടുത്ത ബന്ധുക്കളോടു പുലർത്തുന്ന അതേ ശ്രദ്ധ അയൽവാസികളോട് പുലർത്തണമെന്നാണ് ഇസ്‌ലാം നല്കുന്ന പാഠം. കൂടാതെ വിശുദ്ധ ഖുർആനിൽ അയൽവാസിയെ കുറിച്ച് വിവരിച്ചിട്ടുള്ളത് സ്വന്തം വീട്ടിൽ താമസിക്കുന്നവർ, തങ്ങളോടൊപ്പം യാത്ര ചെയ്യുന്നവർ, ഒപ്പം ജോലി ചെയ്യുന്നവർ, സ്വന്തം പ്രദേശവാസി എന്നിവരൊക്കെയാണ്. ചുറ്റുവട്ടത്തുളള 40 വീട്ടുകർ നിങ്ങളുടെ അയൽവാസികളാണെന്ന് ഹദ്റത്ത് മുഹമ്മദ് നബി(സ)യും വിശദീകരിച്ചിരിക്കുന്നു. ഇപ്രകാരം നോക്കുമ്പോൾ മുസ്‌ലിമീങ്ങൾ താമസിക്കുന്ന സ്ഥലമെല്ലാം വിശിഷ്യാ അഹ്മദീ മുസ്‌ലിമീങ്ങൾ താമസിക്കുന്ന സ്ഥലത്തിനു ചുറ്റുമുള്ള എല്ലാവരും അയൽവാസികൾ തന്നെയാണ്. അനന്തരാവകാശ സ്വത്തിലും അവകാശം നല്കപ്പെടേണ്ടിവരുമോ എന്ന് ശക്തമായി തോന്നുവിധം അയൽവാസികളോടുളള കടമകളെ കുറിച്ച് തനിക്ക് നിർദേശം ലഭിച്ചു കൊണ്ടിരുന്നതായി നബി(സ)തിരുമേനി വ്യക്തമാക്കിയിരിക്കുന്നു. ഇതാണ് അടിസ്ഥാന അധ്യാപനം, ഇതാണ് അയൽവാസികളോടുളള കടമകൾ.

ലോകത്ത് ഞങ്ങൾ മസ്ജിദുകൾ നിർമിക്കുന്നു. ഇവിടെ ഫ്രാൻസിൽ ഇതു രണ്ടാമത്തെ മസ്ജിദാണ്. ഇവിടെ ജമാഅത്തും വളരെ ചെറുതാണ്. ജമാഅത്തിനെ കുറിച്ച് അധികം ആർക്കും അറിയില്ല. യൂറോപ്പിലെ മറ്റു ചില രാജ്യങ്ങളിൽ, അതായത് ജർമനിയിലും ഇംഗ്ലണ്ടിലും അമേരിക്കയിലും കാനഡയിലും ഞങ്ങൾ മസ്ജിദുകൾ നിർമിച്ചു വരുന്നുണ്ട്. അവിടെയുള്ള ജനങ്ങൾക്ക് ജമാഅത്തിനെ അറിയാം. കാരണം ജമാഅത്തും വലുതാണ്. അഹ്മദിയ്യാ ജമാഅത്ത് മസ്ജിദുകൾ നിർമിക്കുമ്പോൾ അവിടെനിന്നു സമാധാനത്തിന്റേയും സ്നേഹത്തിന്റേയും മുദ്രാവാക്യങ്ങളാണ് ഉയരുന്നത്. മസ്ജിദുകൾ ഒരുവിധത്തിലുമുള്ള തീവ്രവാദാനുകൂല പദ്ധതികൾ ഉണ്ടാക്കാനുള്ള ഇടമല്ല. മസ്ജിദുണ്ടാക്കിയിട്ടുണ്ടെങ്കിൽ അത് ഏക ദൈവത്തെ ആരാധിക്കുക എന്ന ലക്ഷ്യത്തിൽ മാത്രമാണ്. ഇവിടെ വരുന്നവർ തുടർന്ന് പരസ്പരം സ്നേഹത്തോടെയും അനുരഞ്ജനത്തോടെയും വ്യത്തിയോടെയും താമസിക്കേണ്ടതാണ്. ഇതിന്റെ ചുറ്റുവട്ടത്തുള്ളവരോടും ഇതേ രീതിയിൽ പെരുമാറേണ്ടതാണ്.

ആഫ്രിക്കയിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമുക്ക് വലിയൊരളവിൽ അഹ്മദികളുണ്ട്. അവിടെ ജമാഅത്തിന്റെ മസ്ജിദുകളും ഞങ്ങൾ നിർമിക്കുന്നു. എന്നാൽ, അതിനോടൊപ്പംതന്നെ ജമാഅത്ത് അവിടെ മാനവസേവനങ്ങളും നിർവഹിച്ചു വരുന്നു. സ്കൂളുകളും തുറക്കുന്നു. ആശുപത്രികളും നടത്തുന്നു. മറ്റു സൗകര്യങ്ങൾ നല്കിയതിൽ കുടിവെള്ളമാണ് പ്രധാനം. വാട്ടർപമ്പുകൾ, ഹാന്റ് പമ്പുകൾ തുടങ്ങിയ സൗകര്യങ്ങൾ ചെയ്തിരിക്കുന്നു. ആഫ്രിക്കയിൽ ജമാഅത്ത് വളരെയധികം പ്രൊജക്ടുകൾ നടപ്പിൽവരുത്തുന്നുണ്ട്. ഇതെല്ലാം മാനവർക്കു ചെയ്യുന്ന സേവനങ്ങളാണ്. നമുക്ക് നൂറുക്കണക്കിന് സ്കൂളുകളുണ്ട്. ഹോസ്പിറ്റലുകളുണ്ട്. വിവിധ പരിപാടികളുണ്ട്. ഉദാഹരണമായി കുടിവെള്ള പദ്ധതികൾ! ഇവിടെ താമസിക്കുന്നവർക്ക് അവിടെയുള്ളവരുടെ അവസ്ഥ അനുമാനിച്ചെടുക്കുക ബുദ്ധിമുട്ടാണ്. ഇവിടെ ഒരു ചെറിയ ഗ്രാമമാണെങ്കിൽ ആ പ്രദേശമെല്ലാം ഗ്രാമീണ മേഖലയാണ്. ഇവിടെ നിങ്ങൾക്ക് വൈദ്യുതിയുടേയും റോഡിന്റേയും ജലത്തിന്റേയും സൗകര്യങ്ങളുണ്ട്. പട്ടണത്തിൽ ലഭ്യമാകുന്ന എല്ലാ സൗകര്യങ്ങളും(**facilities**) ഏകദേശം ഇവിടേയും ലഭ്യമാണ്. എന്നാൽ, ആഫ്രിക്കൻ ഗ്രാമങ്ങളിൽ പോകുമ്പോൾ അവിടെ റോഡും ഉണ്ടാകാറില്ല, വൈദ്യുതിയുടേയോ കുടിവെള്ളത്തിന്റേയോ സൗകര്യമോ ഉണ്ടാകാറില്ല. ഈരണ്ടും മുമ്മൂന്നും കിലോമീറ്റർ ദൂരത്തുനിന്ന് ശുദ്ധജലം കൊണ്ടു വരേണ്ട അവസ്ഥയാണ്. മൃഗങ്ങളും വെള്ളം കുടിക്കുകയോ കുളിക്കുകയോ ചെയ്യുന്ന മലിനമായ കുളത്തിൽ നിന്നാണ് ചിലപ്പോൾ മനുഷ്യനും വെള്ളം എടുക്കേണ്ടി വരുന്നത്. ചിലപ്പോൾ ഒരു കുടം വെള്ളത്തിന്നു വേണ്ടി കുട്ടികൾ തങ്ങളുടെ തലയിൽ കുടമോ ബക്കറ്റോ പാത്രമോ ഏറ്റി രണ്ടുംമൂന്നും കിലോമീറ്റർവരെ യാത്ര ചെയ്ത് പോകേണ്ടി വരാറുണ്ട്. ഇതു കാരണത്താൽ ഇവർക്ക് വിദ്യാഭ്യാസവും നിഷേധിക്കപ്പെടുന്നു. അവിടെ അഹ്മദിയ്യാ ജമാഅത്ത് വിദ്യാഭ്യാസത്തിന് സ്കൂളുകളും പ്രൈമറി, സെക്കണ്ടറി സ്കൂളുകളും തുറന്നു പ്രവർത്തിച്ചുവരുന്നു. ചില വിദൂര പ്രദേശങ്ങളിലും ക്ലിനിക്കുകളും ആശുപത്രികളും തുറക്കുന്നു. അവിടെ ശുദ്ധജലത്തിന് ഹാന്റ് പമ്പും ഫിറ്റു ചെയ്യുന്നു. സോളാർ എനർജി മുഖേന ശുദ്ധജലം ലഭിക്കുന്ന ട്യൂബ് വെല്ലും സ്ഥാപിക്കുന്നു. ഇത്തരത്തിലൂടെ ശുദ്ധജലം ലഭിക്കുമ്പോൾ അവിടുത്തെ ജനങ്ങളുടെ അവസ്ഥ ഫോട്ടോകളിലൂടെ നമുക്ക് കാണാൻ സാധിക്കും. അവരുടെ ആഹ്ലാദ പ്രകടനം കാണുമ്പോൾ നമുക്ക് തോന്നുന്നത് യൂറോപ്പിലുള്ള ഒരു വ്യക്തിക്ക് വൻതുകയുടെ ലോട്ടറി അടിച്ചതു പോലെയാണ്. ചുരുക്കത്തിൽ അവർക്ക് ശുദ്ധജലം ലഭിക്കുമ്പോൾ അവർക്കുണ്ടാകുന്ന സന്തോഷം കാണേണ്ടതു തന്നെയാണ്.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: 'അഹ്മദിയ്യ ജമാഅത്ത് എവിടെപോയാലും സമാധാന സന്ദേശവുമായിട്ടാണ് പോകുന്നത്. ഞങ്ങൾ മുദ്രാവാക്യം വിളിക്കുകയാണെങ്കിൽ ചില ആദരണീയരായ അതിഥികൾ ഇതിനെ കുറിച്ച് അവരുടെ പ്രസംഗങ്ങളിൽ പറയുകയും ചെയ്തു, **Love For All, Hatred For None** ന്റെ മുദ്രാവാക്യമാണ് വിളിക്കുന്നത്. ഞങ്ങൾ മുദ്രാവാക്യം വിളിക്കുകയാണെങ്കിൽ അത് പ്രകടിപ്പിക്കുകയും ചെയ്യുന്നു. അതു പ്രകടിപ്പിക്കുന്നതിനുള്ള മാർഗം പൊതുജനങ്ങൾക്ക് സേവനം ചെയ്യുക എന്നതാണ്. അതുകൊണ്ട് ആദ്യം ചെയ്യേണ്ട കാര്യം ഇവിടെ ചുറ്റുവട്ടത്തുള്ള ഗ്രാമങ്ങളിൽ വസിക്കുന്നവരോടു ഞാൻ പറയട്ടെ, ഇവിടെ നിയമങ്ങൾ പാലിക്കുന്നതിനെ സംബന്ധിച്ചും പറയപ്പെടുകയുണ്ടായി, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നിയമങ്ങൾ എല്ലാ വിധത്തിലും പാലിക്കുന്നവരാണ്. മസ്ജിദുകൾ നിർമിക്കപ്പെടുമ്പോൾ എപ്പോഴും പ്രത്യേകിച്ചും ചെറിയ സ്ഥലത്ത്, ഇവിടെ റോഡും ചെറുതാണ്, ആളുകൾക്ക് വരാനും പോകാനും ബുദ്ധിമുട്ടും ഉണ്ടാകാനിടയുണ്ട്, നമ്മളോടു ട്രാഫിക്കിനെ സംബന്ധിച്ച് പറയപ്പെട്ടിട്ടുള്ളത് ട്രാഫിക് നിയമങ്ങൾ പാലിക്കുക എന്നാണ്. രാജ്യത്തിന്റെ നിയമങ്ങൾ പാലിക്കുക. നമുക്കു ഏതുവരെ കൗൺസിൽ അനുവാദം തന്നിട്ടുണ്ടോ ആ പരിതിയിൽനിന്നുകൊണ്ട് ഈ സ്ഥലം ഉപയോഗിക്കേണ്ടതാണ്. ഈ മസ്ജിദ് നിർമിച്ചിട്ട് കുറച്ചുകാലം കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ **formal** ഉൽഘാടനമാണ് ഇന്നു നടന്നുകൊണ്ടിരിക്കുന്നത്. ഇതു കഴിഞ്ഞാൽ കൂടുതൽ അഹ്മദികൾ ഇവിടെ വരാനിടയുണ്ട്. നിയമങ്ങൾ പാലിക്കുന്നവർ മാത്രമാണ് ഇവിടെ വരേണ്ടത്, നിയമം പാലിക്കുന്നതിനോടൊപ്പം അല്ലാഹുവിന്റെ ഈ ഭവനത്തിൽവന്ന് അല്ലാഹുവിനെ ആരാധിക്കുകയും ആരാധനയോടുള്ള കടമ നിറവേറ്റന്നതിനോടൊപ്പം തന്നെ ആരാധിക്കാൻ പറയുന്ന അതേ അല്ലാഹുവാണ്, മാനവസേവ നടത്തുക എന്ന് വിശുദ്ധ ഖുർആനിലും പറയുന്ന അതേ അല്ലാഹുതന്നെയാണ്

ഇതെല്ലാം പറയുന്നതെന്ന് അവരുടെ മനസ്സിലും ബോധമുണ്ടാകുന്നതുമാണ്. എന്നല്ല വിശുദ്ധ ഖുർആനിൽ എത്രത്തോളം പറഞ്ഞിട്ടുണ്ടെന്നാൽ ജനങ്ങളോടുള്ള കടമ നിറവേറ്റാത്തവരും മാനവസേവ നടത്താത്തവരും അഗതികൾക്ക് ആഹാരം നല്കാത്തവരും അശരണരെ കുറിച്ച് വീണ്ടുവിചാരമില്ലാത്തവരും ദരിദ്രരെ കുറിച്ച് ചിന്തിക്കാത്തവരും അക്രമം ചെയ്യുന്നവരുമായിട്ടുള്ള നമസ്കാരക്കാരക്കാരുടെ നമസ്കാരം അവരുടെ നാശത്തിന് കാരണമാകുന്നതാണ്. ആ നമസ്കാരങ്ങൾ ഒരു ഫലവും പ്രദാനം ചെയ്യുകയില്ല. എന്നല്ല ആ നമസ്കാരങ്ങൾ അല്ലാഹു അവരുടെമേൽ മറിച്ചിടുന്നതാണ്. അത് അവർക്ക് ഫലവും ലാഭവും നല്കുന്നതിനുപകരം അവരുടെ നാശത്തിന് അവരുടെ തകർച്ചയ്ക്ക് നിമിത്തമായി തീരുന്നതായിരിക്കും. അതുകൊണ്ട് മസ്ജിദിനെ ജീവസുറ്റതാക്കുന്ന ഒരുവന്റെ വീക്ഷണങ്ങൾ ഇതാകുകയും അവന് യഥാർഥത്തിൽ ദൈവഭയമുണ്ടാകുകയുമാണെങ്കിൽ മറ്റുള്ളവരുടെ അവകാശങ്ങൾ ധ്വംസിക്കുന്നവനും ജനങ്ങളോടുള്ള കടമ നിറവേറ്റാത്തവനും ഒരിക്കലുമാകുകയില്ല.

ഹുദൂർ പറഞ്ഞു: അഹ്മദിയ്യാ ജമാഅത്ത് എവിടെ പോയാലും ഈ സന്ദേശവുമായാണ് പോകുന്നത്. ഇതേ ചിന്തയോടുകൂടിയാണ് പോകുന്നത്. നമ്മൾ അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിനോടൊപ്പം അവന്റെ സൃഷ്ടികളോടുള്ള കടമകളും നിറവേറ്റേണ്ടതാണ്. ഇൻശാ അല്ലാഹ് ഞാൻ മുമ്പേയും പറഞ്ഞതുപോലെ അഹ്മദി ഈ ചിന്തയോടുകൂടി ഈ മസ്ജിദിനെ ജനനിബിഡമാക്കിവെക്കുമെന്നും ഇവിടുത്തെ അയൽവാസികളോടു മുമ്പേയുള്ളതിനെക്കാൾ കൂടുതൽ ഉത്തമമായ ബന്ധങ്ങൾ സ്ഥാപിക്കുമെന്നും അവരോടുള്ള കടമ നല്ല നിലയിൽ നിറവേറ്റാൻ ശ്രമിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. ഈ മസ്ജിദ് ഇവിടുത്തെ ജനങ്ങൾക്ക് ഒരു തരത്തിലുള്ള ബുദ്ധിമുട്ടുകൾക്കും ഇടയാകരുത്. എന്നല്ല ഇവിടെ വരുന്നവർ നിങ്ങളുടെ സൗകര്യങ്ങൾ തിരിച്ചറിയുന്നവരായും നിങ്ങൾക്ക് സൗഖ്യം പകരുന്നവരായും നിങ്ങൾ എപ്പോഴും കാണുന്നതായിരിക്കും. ഞങ്ങളുടെ പക്കൽ ഇതാണ് integration! വിദേശത്തുനിന്നു പുതിയ രാജ്യത്ത് വരുന്നവർക്ക് ഇതുണ്ടാകേണ്ടതാണ്.

## 2019 ഒക്റ്റോബർ 12 ശനിയാഴ്ച

### കുടുംബപരമായ കൂടിക്കാഴ്ചകൾ

പരിപാടിയനുസരിച്ച് 6.40 ന് ഹുദൂർ അയ്യദഹുല്ലാഹ് ഓഫീസിൽ വന്നു. കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച തുടങ്ങി. ഇന്ന് വൈകുന്നേരത്തെ ഈ പരിപാടിയിൽ 30 കുടുംബത്തിലെ 123 അംഗങ്ങളും മറ്റു നാലു പേർ വ്യക്തിപരമായ നിലയിലും ഹുദൂറുമായുള്ള കൂടിക്കാഴ്ചയ്ക്ക് ഭാഗ്യം കരസ്ഥമാക്കി. ഇന്ന് കൂടിക്കാഴ്ച നടത്തിയ കുടുംബങ്ങൾ Lyon, Lille Seine et Marne, Epernay, Besancon, Metz, Saint Denis, Paris എന്നീ ജമാഅത്തുകളിൽ നിന്ന് വന്നവരായിരുന്നു.

Epernay യിൽനിന്നുവന്ന കുടുംബം 355 കിലോമീറ്ററും Paris ൽ നിന്നുവന്ന കുടുംബം 490 കിലോമീറ്ററും Lyon ൽ നിന്നുവന്ന കുടുംബം 495 കിലോമീറ്ററും Lille ജമാഅത്തിൽ നിന്നുവന്ന കുടുംബം 525 കിലോമീറ്ററും ദൂരത്തുനിന്നാണ് തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ കാണാനെത്തിയത്. ഇവരെല്ലാവരും തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമൊത്ത് ഫോട്ടോ എടുക്കാനുള്ള സൗഭാഗ്യവും കരസ്ഥമാക്കി. ഹുദൂർ വിദ്യാർഥിവിദ്യാർഥിനുകൾക്ക് പേനകളും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി അനുഗ്രഹിച്ചു.

കൂടിക്കാഴ്ചയുടെ ഈ പരിപാടി 8.5 ന് സമാപിച്ചു. അതിനുശേഷം ഹുദൂർ മസ്ജിദ് മഹ്ദിയിലെത്തി മഗ്രിബ്-ഇശാ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു.

പരിപാടിയിൽ പങ്കെടുത്ത് അതിഥികളുടെ വികാരപ്രകടനങ്ങൾ

ഇന്നത്തെ പരിപാടിയിൽ ദൈവ കൃപയാൽ വലിയതോതിൽ അതിഥികൾ വന്നിരുന്നു. പരിപാടി സംഘടിപ്പിച്ചിരുന്ന ഹാൾ നിറഞ്ഞുകഴിഞ്ഞിരുന്നു. ഏകദേശം നൂറിലധികം അതിഥികൾക്ക് പന്തലിട്ടു സൈകര്യം ചെയ്തു. അവർ എം.ടി.എ യിലൂടെ എല്ലാ പരിപാടികളും കണ്ടു. അതിഥികൾ ഹുദൂറിന്റെ പ്രഭാഷണത്തിൽ വളരെ ആകൃഷ്ടരായി. ധാരാളംപേർ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. ചിലരുടെ അഭിപ്രായങ്ങൾ അവതരിപ്പിക്കുകയാണ്.

☼ ഈ റീജ്യണിലെ 33 ഗ്രാമങ്ങളുടെ ഒരു സംഘടനയുടെ സ്വദർ Jestin de Jeune യും ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. ഇദ്ദേഹം തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: നിങ്ങൾ ലോകത്തുനിന്ന് വിദ്വേഷ നിർമാർജനം ചെയ്യാൻ പ്രവൃത്തിക്കുന്നതുകൊണ്ടാണ് ഞങ്ങൾ ഇവിടെ വന്നത്. അതിനുപകരം അനുരക്തിയും സ്നേഹവും സഹിക്കാനുള്ളഅധ്യാപനവും പ്രചിരിപ്പിച്ചുകൊണ്ടിരിക്കുന്നു. ലോകത്തെ ഏറ്റവും ഉത്തമമായ വികാരം സ്നേഹമാണെന്ന് ഞാൻ വിചാരിക്കുന്നു. ഈ വികാരമാണ് നമ്മെയെല്ലാം ഐക്യപ്പെടുത്തുന്നത്. ആരെയെങ്കിലും സഹായിക്കുന്നതിനെക്കാൾ ഉത്തമം മറ്റെന്താകാനാണ്. ആരെങ്കിലും വീണാൽ കൈനീട്ടി അയാളെ എഴുന്നേല്പിക്കുക. കുഴപ്പങ്ങൾക്കെതിരെയുള്ള നിങ്ങളുടെ ശ്രമങ്ങളെ ഞാൻ പ്രകീർത്തിക്കുകയാണ്. അനുരക്തിയും സ്നേഹവും പ്രചരിപ്പിക്കുന്നതിൽ ഞാൻ നിങ്ങളോടു നന്ദിയുള്ളവനാണ്. ഈ ഉദ്ദേശ്യസാഫല്യത്തിനാണ് നമ്മൾ ഇവിടെ സമ്മേളിച്ചിരിക്കുന്നത്.

ഖലീഫയുടെ പരിപാടി വളരെ നല്ലതായിരുന്നു. ആ പ്രസംഗത്തിൽനിന്ന് നിങ്ങൾ സമൂഹത്തിന്റെ ഉന്നമനത്തിന് പരിശ്രമിക്കുന്നവരാണെന്ന് എനിക്ക് വീണ്ടും ദഢവിശ്വാസമുണ്ടായി. നിങ്ങൾ ഒരാൾമറ്റൊരാളുടെ സഹകരണത്തോടുകൂടിയാണിരിക്കുന്നത്. സമാധാന സംസ്ഥാപനത്തിനുവേണ്ടിയുള്ള എല്ലാ അവസരങ്ങളും പ്രയോജനപ്പെടുത്തുന്നു. ഖലീഫ ഇക്കാര്യമാണ് പറഞ്ഞത്. സമാധാനത്തിന്റെ കാര്യമാണ് പറഞ്ഞത്. ഭാവിതലമുറകൾക്ക് ജീവിക്കാൻ പ്രതീക്ഷ നല്കി. അവിടന്ന് സഹനത്തിന്റേയും സ്നേഹത്തിന്റേയും കാര്യം പറഞ്ഞു. ഇതു ഞങ്ങൾക്ക് കൂടുതൽ പ്രചോദനം നല്കുന്നു.

☼ കൗൺസിൽ ഓഫ് Barin ലെ ഒരു വകുപ്പിന്റെ വൈസ്പ്രസിഡന്റും ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. ഇദ്ദേഹം പറയുന്നു:നമ്മുടെ പ്രദേശത്ത് തിബറ്റുമായി ബന്ധമുള്ള ബുദ്ധമതത്തിന്റെ യൂറോപ്യൻ സെന്ററുണ്ട്. എനിക്ക് മതങ്ങളെ കുറിച്ച് അറിയാം. ക്രൈസ്തവമതം, യഹൂദമതം, ജോഡിയോ ക്രിസ്ത്യൻ, ബുദ്ധമതം തുടങ്ങിയവയുടെ സേവനങ്ങൾ നല്ലവണ്ണം അറിയാം. ഖലീഫയുടെ പ്രഭാഷണം വളരെ ആകർഷണീയമായിരുന്നു. ഒന്ന് അവിടത്തെ വാക്കുകളായിരുന്നു. ഒന്ന് അവിടത്തെ വീക്ഷണമായിരുന്നു. അത് ഇതാണ്:

'**എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്.**' അദ്ദേഹം ഇസ്ലാമിന്റെ നിറഞ്ഞ ചിത്രമാണ് അവതരിപ്പിച്ചത്. ഇന്ന് ഇസ്ലാമിനെ മനസ്സിലാക്കുന്നതുപോലെ അവിടന്ന് അതിന്നെതിരിൽ ഇസ്ലാമിന്റെ യഥാർഥ ചിത്രം സമർപിച്ചു. അവിടത്തെ വാക്കുകളും വീക്ഷണങ്ങളും തമ്മിൽ ധാരാളം സാദൃശ്യമുണ്ട്. എല്ലാവർക്കും തന്റെ വാതിലുകൾ തുറന്നുവെക്കണമെന്നതിൽ ദൃഢഗാഢമായി വിശ്വസിക്കുന്നു. ഇന്നത്തെ പരിപാടിയിൽനിന്ന് ഞാനിതാണ് പഠിച്ചത്. ഇത് സമാധാനത്തിന്റെ വഴിയാണ്.(തുടരും)

☼ ഫ്രഞ്ച് പാർലമെന്റംഗം Martine Wonner സാഹിബ പരിപാടിക്കുശേഷം തന്റെ വികാരം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:എനിക്ക് ഇവിടെ വരേണ്ടത് വളരെ ആവശ്യമായിരുന്നു. അങ്ങ് എല്ലാം അടങ്ങിയ ഒരു സന്ദേശം നല്കിയതിന് ഞാൻ അങ്ങയോടു നന്ദിയുള്ളവനാണ്. ഒരു സമാധാനത്തിന്റെ സന്ദേശം, ഒരി സാഹോദര്യത്തിന്റെ സന്ദേശം. ഈ സന്ദേശം മുഴുവൻ ലോകത്തിനു വേണ്ടിയുമായിരുന്നു. അങ്ങയുടെ ജമാഅത്തിനുമേൽ ധാരാളം രാജ്യങ്ങളിൽ അക്രമങ്ങളുണ്ടാകുന്നുണ്ടെന്ന് എനിക്കറിയാം. പക്ഷേ, ആ അക്രമങ്ങൾക്കും നിങ്ങളുടെ വഴി തടസ്സപ്പെടുത്താൻ കഴിഞ്ഞില്ല. അഹ്മദികൾ വളരെ കർമനിരതരാണ്. ഇവർ കുറച്ചു ചെയ്തുകാണിക്കാനാഗ്രഹിക്കുന്നു. അവരുടെ കർമങ്ങളിൽനിന്ന് അവരുടെ മോട്ടോ മിന്നിത്തിളങ്ങിക്കൊണ്ടിരിക്കുന്നു. ഞാൻ ഈ മസ്ജിദിനെ കുറിച്ച് ഖലീഫയോടും സംസാരിക്കുകയുണ്ടായി. ഇവിടെ കുറച്ചുപേരുള്ളപ്പോൾ ഞാൻ ഇനിയും വരുന്നതായിരിക്കും. നിങ്ങളുമായി ഇരുന്ന തൃപ്തിയോടുകൂടി കാര്യങ്ങൾ സംസാരിക്കാൻ അപ്പോൾ അവസരം കിട്ടുന്നതായിരിക്കും. അപ്പോൾ എനിക്ക് നിങ്ങളുടെ മൂല്യം നല്ലവണ്ണം അറിയാൻ സാധിക്കുന്നതായിരിക്കും. ഇതു നമ്മുടെ സമൂഹത്തിനും അതിന്റെ പുരോഗതിക്ക് വളരെ അത്യാവശ്യമാണ്.

ഖലീഫ സമാധാനത്തെ കുറിച്ച് സംസാരിച്ചു. സഹനത്തിന്റെ കാര്യം പറഞ്ഞു. ഫ്രാൻസിനും ഫ്രാൻസിലെ പൗരന്മാർക്കും ഈ സന്ദശം വളരെ പ്രധാനപ്പെട്ടതാണ്. നമ്മൾ മാധ്യമങ്ങളിലൂടെ അറിയുന്ന ഇസ്ലാമിൽനിന്ന് വളരെ വിഭിന്നമാണിതെന്ന് ഫ്രഞ്ചുജനത അറിയേണ്ട ആവശ്യമുണ്ട്. നമുക്ക് ഈ യഥാർഥവും വസ്തുനിഷ്ഠവുമായ ഇസ്ലാമിനെ കുറിച്ച് അറിയേണ്ട ആവശ്യമുണ്ട്. ഞാൻ വിചാരിക്കുന്നത് ഖലീഫയുടെ പ്രഭാഷണം മുഴുവൻലോകത്തും വിപുലമായ നിലയിൽ ബോഡ്കാസ്റ്റ് ചെയ്യപ്പെടണമെന്നാണ്.

Martine Wonner സാഹിബ പറഞ്ഞു: എപ്രകാരം ആളുകൾ ഇസ്ലാമിനെ വെറുത്തുകൊണ്ടിരിക്കുന്നുവോ അതിനുള്ള പരിഹാരം ഈ പ്രദേശത്ത് മസ്ജിദ് നിർമിക്കുക എന്നാതാണെന്ന് കാണാൻ കഴിയുന്നു. ഇതുമുഖേന ജനങ്ങൾക്ക് യഥാർഥ ഇസ്ലാമിന്റേയും അതിന്റെ സമാധാനത്തിന്റേയും സന്ദേശം അറിയാൻ കഴിയുന്നതാണ്. ഇസ്ലാം തീർച്ചയായും സമാധാനത്തിന്റെ ഒരു മതമാണ്. കാരണം വിശുദ്ധ ഖുർആനിൽ എഴുതിയിരിക്കുന്നു, ഒരാൾ മറ്റൊരാളെ വധിക്കുകയാണെങ്കിൽ അയാൾ മുഴുവൻ മാനവികതയേയും വധിച്ചതുപോലെയാണ്. അപ്പോൾപ്പിന്നെ ഈ അധ്യാപനം നിലനില്ക്കെ എങ്ങനെയാണ് ഇസ്ലാം സമാധാനത്തിന്റെ മതമല്ലാതാകുന്നത്? ഞാൻ ഈ പ്രദേശത്തെ വളരെ ഭാഗ്യവതിയായി മനസ്സിലാക്കുന്നു. ഹുദൂറിനെ Hurtigheim ലേക്ക് സ്വാഗതം ചെയ്യുന്നു.

(തുടരും)

★★★★

പേജ് 5 ൽ നിന്ന്

തന്റെ ഈ പ്രഭാഷണത്തിൽ അഹ്മദികൾക്ക് വസ്വിയ്യത്ത് ചെയ്തു കൊണ്ട് ഇപ്രകാരം പറഞ്ഞു, 'എന്നാൽ, ഇന്ന് ദൈവം തന്റെ ദാസന്റെ ജീവൻ രക്ഷിക്കുന്നതിനെയാണ് ദൈവത്തിന്റെ സാമീപ്യമായി കണക്കാക്കുന്നത്!!'*(ഖുത്ബാത്തെ മഹ്മൂദ്, വാള്യം 17, പേജ് 474-475)*

മറ്റൊരിടത്ത് ഹദ്റത്ത് ഉമറിന്റെ ശഹാദത്ത് സംഭവത്തെ കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: 'തനിക്ക് മദീനയിൽവെച്ച് മരണം സംഭവിക്കണമെന്നും തന്റെ മരണം ശഹാദത്തിന്റേതാകണമെന്നും അദ്ദേഹം എപ്പോഴും ദുആ ചെയ്യുമായിരുന്നു. നോക്കൂ! മരണം എത്ര ഭയാനകമായ സംഗതിയാണ്. മരണം എത്തുന്ന നേരത്ത് ഏറ്റവും പ്രിയങ്കരായവർ പോലും കൈവെടിയുന്നു. പറയുന്നു: ഒരു സ്ത്രീയുടെ മകൾ ഒരിക്കൽ

രോഗിണിയായി. മരണത്തെ ജനങ്ങൾ എത്രത്തോളം ഭയക്കുന്നുവെന്നതിനെ കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഒരു സംഭവം വിവരിക്കുന്നതാണിത്. അങ്ങനെ ഒരു ഭയത്തെ കുറിച്ചുള്ള ഒരു സംഭവ കഥയാണിത്. ഒരു സ്ത്രീയുടെ മകൾ ഒരിക്കൽ രോഗബാധിതയായി. 'ദൈവമേ എന്റെ മകളെ രക്ഷിക്കേണമേ, എനിക്ക് മരണം നൽകേണമേ' എന്ന് ആ സ്ത്രീ എപ്പോഴും ദുആ ചെയ്യുമായിരുന്നു. തന്റെ മകളോട് വളരെയധികം സ്നേഹം പ്രകടിപ്പിക്കുമായിരുന്നു. ഒരു രാത്രി യാദൃച്ഛികമായി ആ സ്ത്രീയുടെ പശുവിന്റെ കയർ അഴിഞ്ഞു. ആ പശു ഒരു പാത്രത്തിൽ തലയിട്ടു. അങ്ങനെ അതിന്റെ തല അതിൽ കുടുങ്ങി. ആ പശു തലയിൽ കുടവുമായി അങ്ങുമിങ്ങും പരക്കം പാഞ്ഞു നടന്നു. അത് വെപ്രാളപ്പെട്ട് ഓടാൻ തുടങ്ങി. പശുവിന്റെ ശരീരത്തിൽ മുഖത്തിനു പകരം എന്തോ വലിയ വസ്തു കണ്ട് പെട്ടെന്ന് ആ സ്ത്രീ ഭയന്ന് പോയി. അവളുടെ കണ്ണ് തുറന്നതും ആ ദൃശ്യമാണ് അവൾ കണ്ടത്. എന്താണിത് പശു ഓടുകയാണല്ലോ, മുഖത്ത് എന്തൊ ഒന്ന് കാണുന്നുണ്ടല്ലോ എന്നോർത്ത് അവൾ ഭയന്നു. അവൾ കരുതി തന്റെ ദുആ ചിലപ്പോൾ അല്ലാഹു സ്വീകരിച്ചു കാണുമെന്നാണ്. അസ്റാഈൽ ചിലപ്പോൾ തന്റെ ജീവനെടുക്കാൻ വന്നതായിരിക്കും! അപ്പോൾ ആ സ്ത്രീ അനിയന്ത്രിതമായിപറഞ്ഞുപോയി, 'അസ്റാഈലെ ഞാൻ അല്ല രോഗി. ആ കിടക്കുന്നവളാണ്.' അവളുടെ ജീവനെടുത്തോളു എന്ന് മകളെ ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ജീവൻ എല്ലാവർക്കും പ്രിയപ്പെട്ടതാണ്. അതിൽനിന്ന് രക്ഷപ്പെടാൻ ഒരു മനുഷ്യൻ എന്ത് തന്ത്രവും പ്രയോഗിക്കും. അതുവരെ പറഞ്ഞിട്ടുണ്ടായിരുന്നതും ദുആ ചെയ്തതും തിരിച്ചായിരുന്നു. എന്നാൽ, ശരിക്കും അങ്ങനെയൊരു അപകടം മുന്നിൽ കണ്ടപ്പോൾ തന്റെ മകളെ കാണിച്ചുകൊണ്ട് പറഞ്ഞു, 'ഇവളുടെ ജീവനെടുത്തുകൊള്ളൂ' എന്ന്! മനുഷ്യൻ തന്റെ പ്രാണൻ രക്ഷിക്കാനായി എന്തിനും മിനക്കെടും. ചികിത്സ നടത്തി നടത്തി പാപ്പരാകും. എന്നാൽ, അതെ ജീവൻ തന്നെ ദൈവത്തിന് സമർപ്പിക്കാൻ സ്വഹാബാക്കൾക്ക് എത്രമാത്രം താൽപര്യമുണ്ടായിരുന്നെന്നാൽ, നോക്കൂ! ഹദ്റത്ത് ഉമർ തനിക്ക് മദീനയിൽവെച്ച് ശഹാദത്തിനുള്ള സൗഭാഗ്യം ലഭിക്കണേ എന്ന് ദുആ ചെയ്യുകയായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു: 'ഞാൻ ചിന്തിക്കാറുണ്ട്, ഹദ്റത്ത് ഉമറിന്റെ അടുത്തുവരെ കടന്നു കയറുകയും അവിടുത്തെ തെരുവോരങ്ങളിൽവെച്ച് ഹദ്റത്ത് ഉമർ ശഹീദാകുകയും വേണം. എന്നാൽ, അല്ലാഹു അദ്ദേഹത്തിന്റെ ദുആ മറ്റൊരു തരത്തിൽ സ്വീകരിക്കുകയുണ്ടായി. മുസ്‌ലിം എന്ന് പറയപ്പെടുന്ന ഒരു വ്യക്തിയുടെ കൈകളാൽതന്നെ അദ്ദേഹം ശഹീദായി. ശഹീദാക്കിയ ആൾ കാഫിറാണെന്നാണ് പറയപ്പെടുന്നത്. എന്നാൽ, മുസ്‌ലിമാണെന്ന് പറയപ്പെടുന്നുവെന്നും നിവേദനമുണ്ട്. പക്ഷേ, പൊതുവെ കാഫിറാണെന്നാണ് പറയപ്പെടുന്നത്. അതു പോലെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)ഉം ഒരിടത്ത് കാഫിർ എന്ന് പറയുകയും മറ്റൊരിടത്തു മുസ്‌ലിമാണെന്ന് പറയപ്പെടുന്നുവെന്ന് പറയുകയും ചെയ്തു. അതായത് മുസ്‌ലിം ആയിരുന്നോ കാഫിർ ആയിരുന്നോ എന്ന് സ്വന്തംതന്നെ പൂർണ നിശ്ചയമില്ല. ചിലരുടെ അഭിപ്രായത്തിൽ ആ വ്യക്തി മുസ്‌ലിം ആയിരുന്നില്ല. മുസ്‌ലിഹ് മൗഊദ്(റ) സ്വയം തന്നെ പറയുകയാണ്, ചിലരുടെ അഭിപ്രായത്തിൽ ആ വ്യക്തി മുസ്‌ലിമേ ആയിരുന്നില്ല. എന്തായാലും അയാൾ ഒരു അടിമയായിരുന്നു. അയാളെക്കൊണ്ട് അല്ലാഹു ഹദ്റത്ത് ഉമറിനെ ശഹീദാക്കി. ഒരാൾ എന്തെങ്കിലും കാര്യം ആഗ്രഹിക്കുകയും ഇഷ്ടപെടുകയും ചെയ്യുന്നെങ്കിൽ അത് അയാൾക്ക് ഒരിക്കലും പ്രയാസകരമായിത്തീരുകയില്ല.*(ഖുത്ബാത്തെ മഹ്മൂദ് വാല്യം 1, പേജ് 166-167)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)ഈ സംഭവം ഒരു ഖുത്ബയിൽ വിവരിച്ചതാണ്.

ഹദ്റത്ത് ഉമർ(റ)ന്റെ ശഹാദത്തും വഫാത്തും സംബന്ധിച്ച് സ്വഹാബാക്കളുടെ പ്രതികരണം: ഹദ്റത്ത് അബൂ ബുർദ(റ) തന്റെ പിതാവിൽ നിന്നു നിവേദനം. ഹദ്റത്ത് ഔഫ് ബിൻ മാലിക്(റ) ഒരിക്കൽ ഒരു സ്വപ്നം കണ്ടു: 'ഒരു മൈതാനത്ത് ആളുകൾ തടിച്ചുകൂടിയിരിക്കുകയാണ്. അതിൽ ഒരു വ്യക്തി മറ്റുള്ളവരെക്കാൾ മൂന്നുമുഴം കൂടുതൽ ഉയരമുള്ള വ്യക്തിയായിരുന്നു. ഇതാരണെന്ന് ഞാൻ ചോദിച്ചു. ഉമർ ബിൻ ഖത്ത്വാബ് എന്ന് മറുപടി ലഭിച്ചു. ഹദ്റത്ത് ഔഫ് ചോദിച്ചു, മറ്റുള്ളവരെക്കാൾ എന്തുകൊണ്ടാണ് അദ്ദേഹം ഇത്രയും ഉയരം വെച്ചിരിക്കുന്നത്. പറഞ്ഞു: 'ഇദ്ദേഹത്തിൽ മൂന്നു ഗുണങ്ങളുണ്ട്. ഒന്ന് അല്ലാഹുവിന്റെ കാര്യത്തിൽ ഇദ്ദേഹം ആരുടേയും പരിഹാസവാക്കുകളെ വകവെക്കുകയില്ല. രണ്ടു ഇദ്ദേഹം ദൈവമാർഗ്ഗത്തിൽ ശഹാദത്ത് വരിക്കുന്നയാളാണ്. മൂന്ന് ഇദ്ദേഹം ഖലീഫയാണ്; അദ്ദേഹം ഖലീഫയായി തിരഞ്ഞെടുക്കപ്പെടുന്നതാണ്.' തുടർന്ന് ഹദ്റത്ത് അബൂബക്റിന്റെ അടുത്ത് ഹദ്റത്ത് ഔഫ് ചെന്നു. എന്നിട്ട് അദ്ദേഹത്തോട് കാര്യം പറഞ്ഞു. ഹദ്റത്ത് അബൂബക്ർ(റ)ഹദ്റത്ത് ഉമറിനോട് പറഞ്ഞു: 'ഹദ്റത്ത് ഔഫ് എവിടെ നിന്നെങ്കിലും കേട്ടതല്ല, മറിച്ച് തന്റെ സ്വപ്നത്തെ കുറിച്ച് പറയാൻ എന്റെ അടുത്ത് വന്നതായിരുന്നു. അന്ന് ഹദ്റത്ത് അബൂബക്ർ ഖലീഫയായിരുന്നു. ഹദ്റത്ത് അബൂബക്ർ ഹദ്റത്ത് ഉമറിനെ വിളിച്ചു. എന്നിട്ട് സുവാർത്ത അറിയിച്ചു. തുടർന്ന് ഹദ്റത്ത് ഔഫിനോട് പറഞ്ഞു: 'താങ്കൾ കണ്ട സ്വപ്നം വിവരിക്കുക. നിവേദകൻ പറയുന്നു, ഖലീഫയായി തിരഞ്ഞെടുക്കപ്പെടുമെന്ന ഭാഗം എത്തിയപ്പോൾ ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തെ വഴക്ക് പറഞ്ഞ് നിശ്ശബ്ദനാക്കി. കാരണം ഹദ്റത്ത് അബൂബക്ർ ജീവിച്ചിരിക്കുമ്പോഴുള്ള സംഭവമാണിത്. പിന്നീട് ഹദ്റത്ത് ഉമർ ഖലീഫയായപ്പോൾ സിറിയയിൽ പോയി. ഹ്ദറത്ത് ഉമർ അവിടെ പ്രഭാഷണം നടത്തുകയായിരുന്നു. ഹദ്റത്ത് ഔഫിനെ കണ്ടപ്പോൾ അദ്ദേഹത്തെ വിളിച്ചു മിമ്പറിൽ കയറ്റി. തന്റെ സ്വപ്നം വിവരിക്കാൻ പറഞ്ഞു. സ്വപ്നം കേൾപ്പിച്ചപ്പോൾ ഹദ്റത്ത് ഉമർ (റ)പറഞ്ഞു, 'ഞാൻ അല്ലാഹുവിന്റെ കാര്യത്തിൽ ആരുടേയും ശാപവാക്കുകളെ ഭയക്കുന്നില്ല എന്നതിനെ കുറിച്ച് പറയുകയാണെങ്കിൽ അല്ലാഹു എന്നെ അത്തരക്കാരിൽ ഒരുവനാക്കുമെന്ന് എനിക്ക് ശുഭ പ്രതീക്ഷയുണ്ട്. ഖലീഫയാക്കുമെന്ന കാര്യമാണെങ്കിൽ അത് പുലർന്നിരിക്കുന്നു. ഞാൻ ഖലീഫ ആയിരിക്കുന്നു. അല്ലാഹു എന്നെ ഏല്പിച്ച ഉത്തരവാദിത്വം നിർവഹിക്കാൻ അവൻ എന്നെ സഹായിക്കട്ടെ എന്ന് ഞാൻ ദുആ ചെയ്യുന്നു. ശഹാദത്തിന്റെ കാര്യം പറയുകയാണെങ്കിൽ എനിക്ക് ശഹാദത്ത് എങ്ങനെ ലഭിക്കാനാണ്? ഞാൻ അറേബ്യയയിൽ തന്നെയാണല്ലോ താമസിക്കുന്നത്. അവിടെയുള്ളവരോട് ഞാൻ യുദ്ധവും ചെയ്യാറില്ല. എന്നിട്ട് പറഞ്ഞു: 'അല്ലാഹു ആഗ്രഹിക്കുകയാണെങ്കിൽ അവൻ എനിക്ക് ശഹാദത്ത് തരുന്നതായിരിക്കും. അതായത് അത്തരം ഒരു സാഹചര്യം നിലവിലില്ലെങ്കിലും ദൈവേച്ഛ ഉണ്ടെങ്കിൽ അങ്ങനെതന്നെ നടക്കുന്നതാണ്.

ഹദ്റത്ത് അനസ് ബിൻ മാലിക്കിൽ നിന്ന് നിവേദനം. ഹദ്റത്ത് അബൂമൂസ അശ്അരി(റ) വിവരിക്കുന്നു: 'ഞാൻ ഇങ്ങനെ സ്വപ്നം കണ്ടു. ഞാൻ ഒരുപാട് വഴികൾ തിരഞ്ഞെടുത്തു. എന്നാൽ, പിന്നീട് അവയെല്ലാം മാഞ്ഞുപോയി. ഒരു വഴി മാത്രം ബാക്കിയായി. ഞാൻ അതിലൂടെ നടന്നു. അങ്ങനെ ഞാൻ ഒരു മലയുടെ അടുത്തെത്തി. ആ മലയിൽ ഞാൻ നബി(സ)തിരുമേനിയെ കണ്ടു. കൂടെ ഹദ്റത്ത് അബൂബക്റുമുണ്ടായിരുന്നു. നബി (സ)തിരുമേനി ഹദ്റത്ത് ഉമറിനെ ആംഗ്യം കാണിച്ച് വിളിച്ചു. അപ്പോൾ ഞാൻ പറഞ്ഞു: '*ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹ് റാജിഊൻ.* അല്ലാഹുവാണ! അമീറുൽ മുഅ്മിനീൻ വഫാത്തായിരിക്കുന്നു.' ഹദ്റത്ത് അനസ്(റ) പറയുന്നു: 'താങ്കൾ ഈ സ്വപ്നം ഹദ്റത്ത് ഉമറിന് എഴുതി അറിയിക്കരുത്.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഞാൻ ഉമറിനെ അദ്ദേഹത്തിന്റെ മരണത്തെ കുറിച്ച് അറിയുക്കുന്നവനല്ല.'*(അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാല്യം 3, പേജ് 252-253, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് ലബനാൻ 1990)*

സയീദ് ബിൻ അബു ഹിലാലിൽ നിന്നു

## അല്ലാഹുവിന്റെ കലാം:

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**

*(വിശുദ്ധ ഖുർആൻ 54:18)*

ത്വാലിബെ ദുആ: K.Muhammad Safwan & Family
Ahmadiyya Jama-ath Kakkanad, Kerala

## അല്ലാഹുവിന്റെ കലാം:

**"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമെ."**

*(വിശുദ്ധ ഖുർആൻ 14:36)*

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

നിവേദനം: ഹദ്‌റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ) ജുമുഅ ദിവസം ജനങ്ങളെ സംബോധന ചെയ്ത് പ്രഭാഷണം നടത്തി. അദ്ദേഹം അല്ലാഹുവിനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്തു. എന്നിട്ട് പറഞ്ഞു: 'അല്ലയോ ജനങ്ങളേ! എനിക്ക് ഒരു സ്വപ്നം കാണിക്കപ്പെട്ടു. ഇതിൽനിന്ന് എന്റെ മരണ സമയം അടുത്തിരിക്കുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു. ഒരു ചെമന്ന കോഴി, അതെന്നെ രണ്ടു തവണ കൊത്തുകയുണ്ടായി. അങ്ങനെ ഞാൻ ആ സ്വപ്നം അസ്മാ ബിൻത് ഉമയ്സിനോട് പറഞ്ഞു. അപ്പോൾ 'അജ്മികളിൽ ഒരാൾ എന്നെ വധിക്കുന്നതാണെന്ന് അവർ പറഞ്ഞു.' *(അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാള്യം 3, പേജ് 255, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് ലബനാൻ 1990)*

ഹദ്‌റത്ത് ഉമറിന്റെ ശഹാദത്ത് സംഭവത്തെ കുറിച്ച് അതായത് ഏതുദിവസം ഹദ്‌റത്ത് ഉമറിന്റെമേൽ ആക്രമണമുണ്ടായി, ഏതു ദിവസമാണ് മറയടക്കപ്പെട്ടത് തുടങ്ങിയതിനെ സംബന്ധിച്ച് വിവിധ നിവേദനങ്ങൾ ലഭിക്കുന്നുണ്ട്. ത്വബഖാത്തെ കുബ്റായിൽ എഴുതിയിരിക്കുന്നു, ഹദ്‌റത്ത് ഉമറിന്റെമേൽ ബുധനാഴ്ചയാണ് ആക്രമണമുണ്ടായത്. വ്യാഴാഴ്ച അദ്ദേഹം വഫാത്തായി. ഹദ്‌റത്ത് ഉമർ(റ)ന് ഹിജ്റ 23 ദുൽഹജ്ജ് 26 ന് ആക്രമണത്തിൽ പരിക്കേറ്റു. ഹിജ്റ 24 മുഹർറം ഒന്നിന് രാവിലെ അദ്ദേഹത്തെ ഖബറടക്കി.

ഹദ്‌റത്ത് ഉഥ്മാൻ അഖ്നസ്(റ) പറയുന്നു: ദുൽഹജ്ജ് 26 ന് ബുധനാഴ്ചയാണ് അദ്ദേഹം വഫാത്തായത്. ഹദ്‌റത്ത് ഉമറിനെ ദുൽഹജ്ജ് 27 നാണ് ശഹീദാക്കിയതെന്ന് അബു മഅ്ശർ പറയുന്നുണ്ട്. *(അത്ത്വബഖാത്തുൽ കുബ്റാ, ലിഇബ്നി സഅ്ദ്, വാള്യം 3, പേജ് 278, ഹിജ്റ 23, ദാറുൽകുതുബുൽഇൽമിയ്യ 1990)(അൽബിദായ വന്നിഹായ ലിഇബ്നി കഥീർ, വാള്യം 4, പേജ് 134, പ്രസാധകർ ലിത്വബാഅത്തി വന്നശ്ർ വ ത്തൗസീഉ വൽ ഇഅ്ലാൻ 997)*

താരീഖ് ത്വബരിക്കും താരീഖ് ഇബ്നു അഥീറിനും പുറമെ എല്ലാ ചരിത്രങ്ങളിലും ഹദ്‌റത്ത് ഉമറിന് ദുൽഹജ്ജ് 26 നു പരിക്കേറ്റെന്നും ഹിജ്റ 24 മുഹർറം ഒന്നിന് അദ്ദേഹം വഫാത്തായെന്നും അന്ന് തന്നെ അദ്ദേഹത്തെ ഖബറടക്കിയെന്നും വന്നിരിക്കുന്നു. *(താരീഖ് അത്ത്വബരി, ഭാഗം 5, പേജ് 54, ദിക്റുൽഖബർ അൻ വഫാത്തി ഉമർ, പ്രസാധകർ ദാറുൽഫിക്ർ ബെയ്റുത്ത്)(അൽകാമിൽ ഫിത്താരീഖ് ഭാഗം 2, പേജ് 448,പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (അൽഫാറൂഖ്, ശിബ്‌ലി നുഅ്മാനീ, പേജ് 154, അദാരയെ ഇസ്‌ലാമിയാത്ത് 2004)*

ശഹാദത്ത് സംഭവത്തിന്റെ വിവരണം സ്വഹീഹ് ബുഖാരിയിൽ ഇപ്രകാരം വന്നിരിക്കുന്നു: 'അംറ് ബിൻ മയ്മൂൻ വിവരിക്കുന്നു. പരിക്കേൽക്കുന്നതിനു കുറച്ച് ദിവസം മുമ്പേ മദീനയിൽവെച്ച് ഞാൻ അദ്ദേഹത്തെ കണ്ടു. അദ്ദേഹം ഹുദയ്ഫ ബിൻ യമാന്റേയും ഉഥ്മാൻ ബിൻ ഹുനയ്ഫിന്റേയും അടുത്ത് തങ്ങുകയും അവരോട് ഇപ്രകാരം ചോദിക്കുകയും ചെയ്തു: 'ഇറാഖിന്റെ ഭൂനികുതി പിരിക്കുന്നത് ഖിലാഫത്തിന്റെ ഭാഗത്തുനിന്നു നിങ്ങളെയാണല്ലോ ഏല്പിച്ചിട്ടുള്ളത്. നിങ്ങളിരുവരും എന്താണ് ചെയ്തത്? നിങ്ങൾ അവർക്ക് താങ്ങാനാവാത്ത നികുതി നിശ്ചയിച്ചിരിക്കുകയാണെന്ന് നിങ്ങൾക്ക് ആശങ്ക വല്ലതുമുണ്ടോ? അവരിരുവരും പറഞ്ഞു: അവർക്ക് കഴിയുന്ന നികുതിയെ ഞങ്ങൾ നിശ്ചയിച്ചിട്ടുള്ളു.'അതായത് നിങ്ങൾ വിചാരിക്കുന്നത്ര വിളവ് ഉൽപാദിപ്പിക്കാൻ ആ ഭൂമിക്ക് ശേഷിയുണ്ടോ? അതിൽ കൂടുതൽ ഒന്നുമല്ലല്ലോ നിങ്ങൾ നിശ്ചയിച്ചിരിക്കുന്നത്? നിവേദകൻ പറയുന്നു: അവർ രണ്ടു പേരും പറഞ്ഞു: 'അങ്ങനെ ഒന്നുമല്ല. അപ്പോൾ ഹദ്‌റത്ത് ഉമർ പറഞ്ഞു: 'അല്ലാഹു എനിക്ക് ആരോഗ്യവും ആയുസ്സും തന്നാൽ ഞാൻ ഇറാഖിലെ വിധവകൾക്കുവേണ്ട സംവിധാനം ഒരുക്കുകയും എന്റെ കാലശേഷം അവർക്ക് ആരുടേയും ആവശ്യം ഉണ്ടാകാത്ത അവസ്ഥ ഉണ്ടാക്കുന്നതുമായിരിക്കും.' നിവേദകൻ പറയുന്നു: ആ സംഭാഷണത്തിനുശേഷം നാലാമത്തെ രാത്രി ആകുന്നതിന് മുമ്പേ ഹദ്‌റത്ത് ഉമറിന് പരിക്കേറ്റു.' നിവേദകൻ പറയുന്നു: 'പരിക്കേറ്റ ദിവസം ഞാൻ അവിടെ നിൽക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിനും എനിക്കുമിടയിൽ ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ് മാത്രമായിരുന്നു ഉണ്ടായിരുന്നത്. രണ്ടു സഫ്ഫുകൾക്കിടയിലൂടെ നടക്കുമ്പോൾ സഫ്ഫ് ശരിയാക്കുക എന്ന് പറയുന്ന ശീലം അദ്ദേഹത്തിനു ണ്ടായിരുന്നു. സഫ്ഫുകളുടെ ഇടയിലെ വിടവ് ഇല്ലാതായാൽ മുന്നോട്ടു നീങ്ങി അല്ലാഹു അക്ബർ എന്ന് പറയുമായിരുന്നു. ചിലപ്പോൾ സുബ്ഹി നമസ്കാരത്തിന് റക്അത്തിൽ ആളുകൾക്ക് ഒത്തുചേരാൻ സാവകാശം ലഭിക്കുന്നതിന് സൂറ യൂസുഫ്, നഹ്‌ൽ അതുപോലെ ഏതെങ്കിലും സൂറത്ത് ഓതുമായിരുന്നു. അദ്ദേഹം അല്ലാഹു അക്ബർ എന്ന് പറഞ്ഞതും 'എന്നെ വധിച്ചുവെന്നോ നായ കടിച്ചുവെന്നോ'പറയുന്നത് ഞാൻ കേട്ടു. അക്രമി അദ്ദേഹത്തിനുമേൽ ഇരുതല മൂർച്ചയുള്ള കത്തികൊണ്ട് ആക്രമിക്കുകയും പെട്ടെന്ന് അവിടെനിന്ന് ഓടി മറയുകയും ചെയ്തു. അയാൾ പോകുന്ന വഴി, ഇടവും വലവും ഉണ്ടായ എല്ലാവരെയും അവർ തന്നെ പിടിക്കുമെന്ന ഭയത്താൽ പരിക്കേൽപിച്ചു കൊണ്ടിരുന്നു. അങ്ങനെ അയാൾ പതിമൂന്നു പേരെ പരിക്കേൽപ്പിക്കുകയും അവരിൽ ഏഴുപേർ മരിക്കുകയും ചെയ്തു.

മുസ്‌ലിമീങ്ങളിൽനിന്ന് ഒരാൾ അയാളെ കണ്ടപ്പോൾ അയാളുടെമേൽ കോട്ട് വലിച്ചെറിഞ്ഞു. ബുഖാരിയിൽ ആ സ്ഥലത്തു ബുർണുസ് എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്. തലമൂടുന്ന തൊപ്പിയോടു കൂടിയ വസ്ത്രത്തെയാണ് ബുർണുസ് എന്ന് പറയുന്നത്. നീണ്ട തൊപ്പിക്കും ഇങ്ങനെ പറയും. എന്തായാലും കോട്ട് അയാളുടെ മേലേക്ക് എറിഞ്ഞു. താൻ പിടിക്കപ്പെട്ടുവെന്ന് മനസ്സിലാക്കിയ അയാൾ ഉടൻതന്നെ തന്റെ കഴുത്തറത്തു. ഹദ്‌റത്ത് ഉമർ(റ), ഹദ്‌റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിന്റെ കൈ പിടിച്ച് മുന്നോട്ടാക്കി. നിവേദകൻ പറയുന്നു: 'ഞാൻ ഹദ്‌റത്ത് ഉമറിന്റെ അടുത്തായിരുന്നു. ഞാൻ കണ്ടത് അദ്ദേഹവും കണ്ടു. എന്നാൽ, മസ്ജിദിന്റെ വശങ്ങളിലുള്ളവർ ഹദ്‌റത്ത് ഉമറിന്റെ ശബ്ദം നിലച്ചപ്പോൾ സുബ്ഹാനല്ലാഹ് എന്ന് പറഞ്ഞു. അവർക്ക് കാര്യം മനസ്സിലായില്ല. അബ്ദുർറഹ്മാൻ ബിൻ ഔഫ് നമസ്കാരം ഇമാമത്ത് വഹിച്ച് പെട്ടെന്ന് പൂർത്തിയാക്കി. നമസ്കാരം അവസാനിച്ചപ്പോൾ ഹദ്‌റത്ത് ഉമർ(റ) പറഞ്ഞു:'ഇബ്നു അബ്ബാസേ!എന്നെ ആരാണ് പരിക്കേല്പിച്ചതെന്ന് നോക്കുക.' ഹദ്‌റത്ത് ഇബ്നു അബ്ബാസ് കുറച്ചുനേരം അന്വേഷിച്ച് നടന്നു. മുഗീറയുടെ അടിമയാണെന്ന് വന്നു പറഞ്ഞു. ഹദ്‌റത്ത് ഉമർ (റ)ചോദിച്ചു, 'ആശാരിയോ?' ഹദ്‌റത്ത് ഇബ്നു അബ്ബാസ്(റ) പറഞ്ഞു: 'അതെ!' ഹദ്‌റത്ത് ഉമർ പറഞ്ഞു: 'അല്ലാഹു അവനെ നശിപ്പിക്കട്ടെ. അവനോട് നല്ല നിലയിൽ പെരുമാറാനായിരുന്നു ഞാൻ കൽപിച്ചിരുന്നത്.'

അല്ലാഹുവിന് നന്ദി! ഇസ്‌ലാം ആശ്ലേഷിച്ച ഒരാളുടെ കൈകളാലല്ല അല്ലാഹു എനിക്ക് മരണം നൽകിയിരിക്കുന്നത്.' അതായത് ഇതിൽനിന്നു മനസ്സിലാകുന്നത് അയാൾ മുസ്‌ലിം അല്ലായിരുന്നു എന്നാണ്. എന്നിട്ട് പറഞ്ഞു: 'ഇബ്നു അബ്ബാസേ! താങ്കളും താങ്കളുടെ പിതാവും ഇഷ്ടപ്പെട്ടിരുന്നത് ഈ അജമി അടിമകൾ മദീനയിൽ കൂടുതൽ ഉണ്ടാകണമെന്നാണ്.' ഹദ്‌റത്ത് ഇബ്നു അബ്ബാസിന്റെ പക്കലായിരുന്നു ഏറ്റവും കൂടുതൽ അടിമകളുണ്ടായിരുന്നത്. അപ്പോൾ ഇബ്നു അബ്ബാസ് ചോദിച്ചു: 'താങ്കൾ ആഗ്രഹിക്കുകയാണെങ്കിൽ ഞാൻ അവരുടെ കഥ കഴിക്കട്ടെ?' അതായത് മദീനയിലുള്ള എല്ലാ അജ്മി അടിമകളെയും വധിക്കട്ടെ. ഹദ്‌റത്ത് ഉമർ(റ) പറഞ്ഞു: 'അതു ശരിയല്ല, പ്രത്യേകിച്ച് അവർ നിങ്ങളുടെ ഭാഷ സംസാരിക്കുകയും നിങ്ങളുടെ ഖിബ്‌ലയിലേക്ക് തിരിഞ്ഞു നമസ്കരിക്കുകയും നിങ്ങളോടൊപ്പം ഹജ്ജ് നിർവഹിക്കുകയും ചെയ്യുമ്പോൾ!'ഒരുപാട് അടിമകൾ മുസ്‌ലിമീങ്ങളും ആയിട്ടുണ്ടായിരുന്നു. ശേഷം ഹദ്‌റത്ത് ഉമറിനെ എടുത്ത് അദ്ദേഹത്തിന്റെ വീട്ടിലേക്ക് കൊണ്ടുപോയി. അദ്ദേഹത്തോടൊപ്പം ഞങ്ങളും അദ്ദേഹത്തിന്റെ വീട്ടിലേക്കുപോയി. മുസ്‌ലമീങ്ങൾക്ക് അന്നത്തെക്കാൾ വലിയ ആപത്ത് അതുവരെ ഉണ്ടായിട്ടില്ലെന്ന് തോന്നി. ചിലർ പറഞ്ഞു, ഒന്നും സംഭവിക്കില്ല. ചിലർ പറയുന്നു അദ്ദേഹം ജീവനോടെ രക്ഷപ്പെടില്ല. അവസാനം അദ്ദേഹത്തിന് ഈത്തപ്പഴത്തിന്റെ സത്ത് കൊണ്ടുവന്നു. അത് കുടിച്ചപ്പോൾ വയർ ഭാഗത്തൂടെ പുറത്തേക്കൊഴുകി. പിന്നീട് പാൽ കൊണ്ടുവന്നു. അത് കുടിച്ചപ്പോഴും മുറിവുകളിലൂടെ പുറത്തേക്ക് ഒഴുകി. അതോടെ വഫാത്ത് സംഭവിക്കുമെന്ന് ജനങ്ങൾ മനസിലാക്കി. അംറ് ബിൻ മൈമൂൻ പറയുന്നു:പിന്നീട് ഞങ്ങൾ ഹദ്‌റത്ത് ഉമർ(റ) ന്റെ അരികിലെത്തി. മറ്റുള്ളവരും വന്നു. അവർ അങ്ങയെ പ്രശംസിക്കാൻ തുടങ്ങി. ഒരു യുവാവ് വന്നു പറഞ്ഞു: 'അമീറുൽ മുഅമിനീൻ! നബി(സ) തിരുമേനിയുടെ സ്വഹാബിയായ കാരണത്താൽ അങ്ങയ്ക്കു ലഭിച്ചിട്ടുള്ള അല്ലാഹുവിന്റെ ഈ സുവാർത്തയിൽ അങ്ങ് സന്തോഷിക്കുക. അത് പ്രാരംഭകാലത്ത് ഇസ്‌ലാം സ്വീകരിച്ച കാരണത്താലാണ്!അത് അങ്ങയ്ക്ക് നല്ലവണ്ണം അറിയാം. പിന്നീട് അങ്ങ് ഖലീഫയാക്കപ്പെട്ടു. അങ്ങ് നീതി കാണിച്ചു; പിന്നീട് ശഹാദത്തും. ഹദ്‌റത്ത് ഉമർ(റ)പറഞ്ഞു:'എന്റെ ആഗ്രഹം ഇക്കാര്യങ്ങളെല്ലാം സമമായി നിലകൊള്ളണമെന്നാണ്. എന്നോടു കാരണം ചോദിക്കലുണ്ടാവരുത്, എനിക്ക് ഫലവും കിട്ടരുത്! അയാൾ പിന്തിരിഞ്ഞുപോകുമ്പോൾ അയാളുടെ മുണ്ട് തറയിൽ തട്ടുന്നുണ്ടായിരുന്നു. ഹദ്‌റത്ത് ഉമർ(റ)പരഞ്ഞു:ആ കുട്ടിയെ എന്റ യടുത്ത് തിരികെ കൊണ്ടുവരിക. അദ്ദേഹം പറഞ്ഞു: എന്റെ സഹോദരപുത്രാ! നിന്റെ മുണ്ട് മുകളിലേക്ക് കയറ്റികുത്തുക. അതുകൊണ്ട് നിന്റെ വസ്ത്രവും കൂടുതൽനാൾ

ഉപയോഗിക്കാൻ കഴിയും. തറയിലൂടെ ഇഴഞ്ഞ് കീറിപ്പോകുകയുമില്ല. ഈ കർമം നിന്റെ റബ്ബിന്റെ പക്കൽ തഖ്‌വായോടു ഏറ്റവും അടുത്തതുമായിരിക്കും. അതായത് ചിലപ്പോൾ അകാരണമായി അഹങ്കാരമുണ്ടാകാറുണ്ട്. അക്കാലത്ത് നീളമുള്ള തുണി ചിലയാളുകൾ ഉടുത്തിരുന്നത് സമ്പന്നതയുടെ അടയാളമെന്നോണമായിരുന്നു. അതുകൊണ്ടാണ് അഹങ്കാരമുണ്ടാകുകയില്ലെന്നും ഇത് തഖ്‌വായോടു ചേർന്നതാണെന്നും അദ്ദേഹം പറഞ്ഞത്.

പിന്നീട് അബ്ദുല്ലാഹ് ബിൻ ഉമറിനോടു പറഞ്ഞു:'എനിക്ക് എത്ര കടമുണ്ടെന്ന് നോക്കുക. അദ്ദേഹം കണക്കുകൂട്ടി. 86000 ദിർഹം അല്ലെങ്കിൽ അതിനോടടുത്തുണ്ടെന്ന് കണ്ടു. ഹദ്റത്ത് ഉമർ പറഞ്ഞു:'ഉമറിന്റെ കുടുംബ സ്വത്ത് അതു വീട്ടാൻ മതിയാകുകയാണെങ്കിൽ വീട്ടുക. ഇല്ലെങ്കിൽ ബനൂ അദിയ്യ് ബിൻ കഅ്ബിൽനിന്ന് വാങ്ങുക. ഇനി അദ്ദേഹത്തിന്റെ സ്വത്തും കടം വീട്ടാൻ തികയുന്നില്ലെങ്കിൽ ഖുറയ്ശികളോടു ചോദിക്കുക. അതിനുപുറമെ മറ്റാരുടെ അടുക്കലും പോകരുത്. ഈ കടം എനിക്കുവേണ്ടി വീട്ടുക. ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് ആഇശ(റ)യുടെ അടുക്കൽ പോകുക. ഉമർ അങ്ങയ്ക്ക് സലാം പറയുന്നുവെന്ന് അവരോടു പറയുക. അമീറുൽമുഅ്മിനീൻ എന്നു പറയരുത്. കാരണം ഇന്നുഞാൻ മുഅ്മിനീങ്ങളുടെ അമീറല്ല. തന്റെ രണ്ടു കൂട്ടുകാരോടൊപ്പം ഖബറടക്കപ്പെടണമെന്നതിനുള്ള അനുവാദം ഉമർബിൻ ഖത്ത്വാബ് ആഗ്രഹിക്കുന്നുവെന്ന് അവരോടു പറയുക.

തന്റെ മരണം ഉറപ്പായെന്ന നേരത്താണ് ഹദ്റത്ത് ഉമർ അങ്ങനെ പറഞ്ഞതെന്ന് ബുഖാരിയുടെ ശറഹായ ഉംദത്തുൽഖാരിയിലുണ്ട്. അമീറുൽമുഅ്മിനീൻ എന്നു പറയുന്നതു കൊണ്ട് ഹദ്റത്ത് ആഇശ പേടിക്കരുതെന്ന സൂചന അതിലുണ്ട്. അങ്ങനെ അബ്ദുല്ലാഹ് സലാം ചൊല്ലി. ഉള്ളിൽ കടക്കാൻ അനുവാദം ചോദിച്ചു. പിന്നീട് അവരുടെ അടുത്ത് ഉള്ളിൽപോയി. ഹദ്റത്ത് ആഇശ ഇരുന്ന് കരയുന്നതാണ് കണ്ടത്. ഹദ്റത്ത് അബ്ദുല്ലാഹ് പറഞ്ഞു:'ഉമർ ബിൻ ഖത്ത്വാബ് അങ്ങയ്ക്ക് സലാം പറയുന്നു. തന്റെ രണ്ടുകൂട്ടുകാരോടൊപ്പം മറയടക്കപ്പെടാൻ അനുവാദം ചോദിക്കുന്നു.' ഹദ്റത്ത് ആഇശ(റ)പറഞ്ഞു:'ഞാൻ ആ സ്ഥലം എനിക്കുവേണ്ടി വെച്ചിരുന്നതാണ്. പക്ഷേ, ഇന്നു ഞാൻ എന്നെക്കാൾ അദ്ദേഹത്തിന് മുൻഗമന നല്കുന്നു. അബ്ദുല്ലാഹ് തിരിച്ചു വന്നപ്പോൾ ഹദ്റത്ത് ഉമറിനോടു അബ്ദുല്ലാഹ് വന്നിട്ടുണ്ടെന്ന് പറയപ്പെട്ടു. എന്നെ എഴുന്നേല്പിക്കുക എന്ന് അദ്ദേഹം പറഞ്ഞു. അപ്പോൾ ഒരാൾ അദ്ദേഹത്തെ താങ്ങി എഴുന്നേല്പിച്ചു. എന്താണ് വിവരമെന്ന് ഹദ്റത്ത് ഉമർ(റ)ചോദിച്ചു. അബ്ദുല്ലാഹ് പറഞ്ഞു:അമീറുൽ മുഅ്മിനീൻ! അങ്ങ് ഇഷ്ടപ്പെട്ടതുതന്നെ. ഹദ്റത്ത് ആഇശ സമ്മതം തന്നിരിക്കുന്നു. ഹദ്റത്ത് ഉമർ(റ)പറഞ്ഞു: അൽഹംദുലില്ലാഹ്! അതല്ലാതെ മറ്റെന്ത് ചിന്തയാണ് എനിക്കുണ്ടായിരുന്നത്? ഞാൻ മരിച്ചാൽ എന്നെ പൊക്കിയെടുത്ത് കൊണ്ടുപോകണം. പിന്നീട് സലാം ചൊല്ലണം. ഉമർ ബിൻ ഖത്ത്വാബ് സമ്മതം ചോദിക്കുന്നുവെന്ന് പറയണം. അവർ എനിക്കു അനുവാദം തന്നാൽ എന്നെ ഖബ്റടക്കാൻ മുറിയുടെ ഉള്ളിൽ കൊണ്ടുപോകണം. ഇനി അവർ എന്നെ മടക്കിയാൽ പിന്നീട് എന്നെ മുസ്‌ലിമീങ്ങളുടെ ഖബ്ർസ്ഥാനിൽ തിരിച്ചുകൊണ്ടുപോകണം. ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് ഹഫ്സ(റ)വന്നു. മറ്റു സ്ത്രീകളും അവരോടൊപ്പം വന്നു. അവരെ കണ്ടപ്പോൾ ഞങ്ങൾ അവിടെനിന്നുപോയി. അവർ അദ്ദേഹത്തിന്റെ അടുത്ത് ഉള്ളിൽപോയി. കുറച്ചുസമയം അദ്ദേഹത്തിന്റെ അടുത്തുനിന്ന് കരഞ്ഞുകൊണ്ടിരുന്നു. പിന്നീട് കുറച്ചു പുരുഷന്മാർ ഉള്ളിൽ വരാൻ അനുവാദം ചോദിച്ചു. പുരുഷന്മാർ വന്നുടനെ അവർ ഉള്ളിലത്തെ മുറിയിലേക്കുപോയി. ഞങ്ങൾ ഉള്ളിൽനിന്നുള്ള അവർ കരയുന്ന ശബ്ദം കേട്ടുകൊണ്ടിരുന്നു.

ആളുകൾ പറഞ്ഞു: 'അമീറുൽ മുഅ്മിനീൻ അങ്ങ് വസിയ്യത്ത് ചെയ്താലും. ആരെയെങ്കിലും ഖലീഫയായി നിയമിച്ചു പോയാലും.' ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'ഞാൻ ഖിലാഫത്തിനു യോഗ്യരായി നബി (സ) വഫാത്താകുന്ന സമയത്ത് നബി തങ്ങൾ തൃപ്തരായിരുന്ന ആ ചുരുക്കം സ്വഹാബാക്കളെക്കാൾ കൂടുതൽ ആരെയും കാണുന്നില്ല. അദ്ദേഹം ഹദ്റത്ത് അലി, ഹദ്റത്ത് ഉഥ്മാൻ, ഹദ്റത്ത് സുബയ്ർ, ഹദ്റത്ത് ത്വൽഹ, ഹദ്റത്ത് സഅ്ദ്, ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ് എന്നിവരുടെ പേര് പറഞ്ഞു. പിന്നീട് പറഞ്ഞു: അബ്ദുല്ലാഹ് ബിൻ ഉമർ നിങ്ങളുടെ ഇടയിലുണ്ടാവും. എന്നാൽ, ഖിലാഫത്തിനു അദ്ദേഹത്തിന് ഒരു അവകാശവുമുണ്ടാവില്ല. അഥവാ സഅ്ദിന് ഖിലാഫത്ത് ലഭ്യമായാൽ അദ്ദേഹമായിരിക്കും ഖലീഫ. അല്ലെങ്കിൽ ആരാണോ നിങ്ങളുടെ അമീറായി നിയമിക്കപ്പെടുന്നത് ആ വ്യക്തി സഅ്ദിൽനിന്ന് സഹായം തേടിക്കൊള്ളട്ടെ. ഞാൻ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കിയത് അദ്ദേഹം ഏതെങ്കിലും പ്രവൃത്തി ചെയ്യാൻ കഴിവില്ലാത്തയാളാണെന്നതു കൊണ്ടല്ല, എന്തെങ്കിലും വഞ്ചന നടത്തി എന്നതു കൊണ്ടുമല്ല.' കൂടാതെ പറഞ്ഞു: 'ഞാൻ എനിക്കുശേഷം വരുന്ന ഖലീഫയോട് മുഹാജിരീങ്ങളെ കുറിച്ച് വസിയ്യത്ത് ചെയ്യുന്നു, അവരുടെ അവകാശം അവർക്ക് നൽകുക. അവരുടെ സ്ഥാനത്തെ പരിഗണിക്കുക. മദീനയിൽ ആദ്യമേ ഉണ്ടായിരുന്ന അൻസ്വാറിനോടു നന്മ ചെയ്യാനും വസിയ്യത്ത് ചെയ്യുന്നു. മുഹാജിരീങ്ങൾ വരുന്നതിനുമുമ്പേതന്നെ വിശ്വാസം സ്വീകരിച്ചവരാണവർ! അവരിൽ നന്മ ചെയ്യുന്നവരെ സ്വീകരിക്കുക. അവരിൽ തെറ്റുകൾ സംഭവിച്ചവരോട് വിട്ടുവീഴ്ച ചെയ്യുക. പട്ടണത്തിലെ എല്ലാ നിവാസികളോടും ഏറ്റവും ഉത്തമമായ നിലയിൽ പെരുമാറുവാൻ ഞാൻ വസിയ്യത്ത് ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, അവർ ഇസ്‌ലാമിന്റെ സംരക്ഷകരാണ്. സമ്പത്തു ലഭിക്കുന്നതിനുള്ള മാർഗമാണ്, ശത്രുക്കളുടെ മനോവിഷമത്തിന് കാരണമാണ്. അവരുടെ താൽപര്യത്തോടെ അവരുടെ ആവശ്യങ്ങൾ നിറവേറിയതിന് ശേഷം മിച്ചമാകുന്നതുമാത്രം അവരിൽനിന്ന് വാങ്ങുക. ഭാവിയിലെ ഖലീഫയോട് ബദ്‌വികളോടു നല്ല നിലയിൽ പെരുമാറാൻ വസിയ്യത്ത് ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അവർ അറബികളുടെ അടിവേരാണ്. ഇസ്‌ലാമിന്റെ ബീജമാണ്. അവരുടെ സമ്പത്തിൽനിന്ന് കൂടുതലുള്ളതു മാത്രം വാങ്ങുക. എന്നിട്ട് അവരിലെ ആവശ്യക്കാർക്കു നൽകുക. അല്ലാഹുവിനോടും, റസൂലിനോടുമുള്ള കടമകളെ കുറിച്ച് വസിയ്യത്ത് ചെയ്യുന്നു. അവരോടു ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ അവർക്കുവേണ്ടി നിറവേറ്റുക. അവരുടെ സംരക്ഷണത്തിന് യുദ്ധം ചെയ്യുക. അവരുടെ കഴിവിൽപ്പെടാത്ത ഭാരം അവരെ കൊണ്ട് ചുമപ്പിക്കരുത്. അദ്ദേഹം വഫാത്തായപ്പോൾ ഞങ്ങൾ അദ്ദേഹത്തെയുംകൊണ്ട് പുറപ്പെട്ടു. നടന്നു പോയി, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ)ഹദ്റത്ത് ആഇശയോട് അസ്സലാമു അലൈക്കും ചൊല്ലി. എന്നിട്ടു പറഞ്ഞു, ഉമർ ബിൻ ഖത്ത്വാബ് തന്റെ രണ്ടു കൂട്ടുകാരോടൊപ്പം തന്നെ മറവുചെയ്യാൻ അനുവാദം ചോദിക്കുന്നു. അദ്ദേഹത്തെ അകത്തേക്കു കൊണ്ടുവരാൻ ഹദ്റത്ത് ആഇശ(റ) പറഞ്ഞു. അങ്ങനെ അദ്ദേഹത്തെ അകത്തേക്കുകൊണ്ടു വന്നു. അദ്ദേഹത്തിന്റെ രണ്ടു സുഹൃത്തുക്കൾക്കൊപ്പം വെച്ചു. അദ്ദേഹത്തിന്റെ ഖബറടക്കം കഴിഞ്ഞപ്പോൾ, ഖിലാഫത്ത് തിരഞ്ഞെടുപ്പിനുവേണ്ടി ഹദ്റത്ത് ഉമർ(റ) പേരെടുത്തു പറഞ്ഞവർ ഒരുമിച്ചു കൂടി. അതിനുശേഷം മറ്റുള്ള നടപടികൾ നടന്നു. *(സ്വഹീഹ് ബുഖാരി, കിതാബു ഫളാഇലു അസ്വഹാബുന്നബിയ്യി(സ)ബാബു ഖിസ്സത്തുൽബയ്അത്തി വൽഇത്ഫാഖി അലാ ഉഥ്മാൻ ബിൻ അഫ്ഫാൻ, ഹദീഥ് 3700) (ഉംദത്തുൽഖാരി, ശറഹ് സ്വഹീഹ് ബുഖാരി, വാല്യം 16, പേജ് 292, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2001)ലുഗാത്തുൽഹദീഥ്, വാല്യം 1, പേജ് 137, ബ്രിൻസ്, പ്രസാധകർ നുഅ്മാനീ കുതുബ് ഖാന ലാഹോർ 2005)*

ഈ വിഷയം തുടരുകയാണ്. ഇതിനെകുറിച്ചുള്ള ബാക്കി ഭാഗം ഇൻശാഅല്ലാഹു പിന്നീട് കേൾപ്പിക്കുന്നതായിരിക്കും. ഇന്ന് ജർമൻ ജൽസയും ആരംഭിക്കുകയാണ്. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ജർമൻ അഹ്മദികൾക്ക് അതിൽനിന്ന് കൂടുതൽ കൂടുതൽ പ്രയോജനം എടുക്കാൻ തൗഫീഖ് ലഭിക്കുമാറാകട്ടെ. രണ്ടു ദിവസത്തെ ജൽസയാണ് ഇത്. നാളെ *ഇൻശാഅല്ലാഹ്* വൈകുന്നേരം അവരുടെ സമാപന സെഷനിൽ ഞാൻ അവരോടു പ്രഭാഷണം നടത്തുന്നതാണ്. അത് എം.ടി.എ യിൽ സംപ്രേഷണം ചെയ്യുന്നുണ്ട്. ഇവിടുത്തെ സമയമനുസരിച്ചു മൂന്നര മണിക്കാണ്. ബാക്കി അവിടെ നടക്കുന്ന ജൽസയുടെ ലൈവ് സ്ട്രീമിംഗ് ജർമൻകാർക്ക് കാണാൻ സാധിക്കുന്നതാണ്. അതുകൊണ്ട് കൂടുതൽ കൂടുതൽ അതിൽ നിന്നു ഫലമെടുക്കുക.

നമസ്കാരത്തിനുശേഷം രണ്ടു ജനാസ ഗായിബ് നമസ്കരിപ്പിക്കുന്നതാണ്. അവരെക്കുറിച്ചും വിവരിക്കുകയാണ്. ആദ്യത്തെ ജനാസ ഇന്തൊനേഷ്യയിലെ ജമാഅത്തിന്റെ മുബല്ലിഗ് ഖമറുദ്ദീൻ സാഹിബിന്റേതാണ്. കഴിഞ്ഞ ദിവസം 65-ാം വയസ്സിൽ അദ്ദേഹം വഫാത്തവനായി. *ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ.* 1972-ൽ 15-ാം വയസ്സിൽ അദ്ദേഹം ബയ്അത്ത് ചെയ്തു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം അദ്ദേഹം തന്റെ ജീവിതം ജമാഅത്തിന്റെ സേവനത്തിന് വഖ്ഫ് ചെയ്തു. പിന്നീട് ഇദ്ദേഹം ദീനി വിദ്യാഭ്യാസത്തിനുവേണ്ടി പാകിസ്താനിലേക്ക് പോയി. 1986 ജൂൺ 30 ന് ശാഹിദ് ഡിഗ്രി കരസ്ഥമാക്കി. 1986 ജൂലായ് മാസത്തിൽ മുബല്ലിഗായി നിയമിതനായി. നല്ല ഈണത്തോടും, വേദനാനിർഭരമായ ശബ്ദത്തോടും കൂടി വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമായിരുന്നു.വളരെ നിഷ്കളങ്കനും അത്യധികം ആവേശവുമുള്ള സേവകനായിരുന്നു, അദ്ദേഹത്തിന്റെ സേവന കാലഘട്ടം നീണ്ട 35 വർഷമാണ്. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു:എന്നോട് പറയുമായിരുന്നു നിങ്ങൾ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 18 November 2021 Issue-46

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

മുറബ്ബിയുടെ ഭാര്യ മാത്രമല്ല ജമാഅത്തിന്റെ സേവനങ്ങളിൽ മുൻപന്തിയിൽ വരേണ്ടതുമാണ്. പിന്നീട് ഇവർ ഇദ്ദേഹത്തെ കുറിച്ച് എഴുതുന്നു: ഖിലാഫത്തിനോടുള്ള അനുസരണവും സ്നേഹവും വളരെ വ്യക്തമായിരുന്നു. ചെറിവരോടും വലിയവരോടും വളരെ ആദരവോടെ പെരുമാരുമായിരുന്നു. അഹ്മദികളോട് എപ്പോഴും ജമാത്തിനോടു സ്നേഹവും, കൂറും പുലർത്തുന്നതിനെ കുറിച്ചു ഉപദേശിക്കുമായിരുന്നു. കൂടുതൽ ക്കൂടുതൽ ജമാഅത്തിന് സേവനം ചെയ്യാൻ പ്രേരിപ്പിക്കുമായിരുന്നു. അനഹ്മദികളെ എപ്പോൾ കണ്ടാലും തബ്‌ലീഗ് ചെയ്യുമായിരുന്നു. വളരെ സ്നേഹത്തോടെയും ആത്മാർഥമായും സംസാരിക്കുമായിരുന്നു. അതുകണ്ട് മറ്റുള്ളവരും സന്തോഷിക്കുമായിരുന്നു. രോഗബാധിതനായിരിക്കുമ്പോഴും സ്വുബ്ഹി നമസ്കാരത്തിന് ഒന്നര രണ്ടു മണിക്കൂർ മുമ്പേ എഴുന്നേറ്റ് തഹജ്ജുദ് നമസ്കരിക്കുമായിരുന്നു. അതിനുശേഷം വിശുദ്ധ ഖുർആൻ പാരായണംചെയ്യും. ആരോഗ്യമുണ്ടായിരുന്നതുവരെ മസ്ജിദിൽ നടന്നു പോകുമായിരുന്നു.'

അദ്ദേഹത്തിന്റെ മകൻ ഉമർ ഫാറൂഖും മുറബ്ബിയാണ്. ഇന്തൊനേഷ്യയിലെ ജാമിഅ അഹ്മദിയ്യായിൽ ഉസ്താദാണ്. ഉമർ ഫാറൂഖ് സാഹിബ് പറയുന്നു:വീട്ടിലും പുറത്തും നടക്കുമ്പോഴും ചുറ്റുമ്പോഴും വിശുദ്ധ ഖുർആനിന്റെ ഏതെങ്കിലും ഭാഗം മനോഹരമായി കേൾപിക്കുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളുടെ തർജമയും പുനഃപരിശോധനാ ജോലിയും അദ്ദേഹം ചെയ്തിരുന്നു. അതിന്നിടയിൽ പ്രത്യേകിച്ചും തർജമയുടെ ജോലി നടക്കുമ്പോൾ ഖസീദ ധാരാളമായി ചൊല്ലുമായിരുന്നു. നബി(ശ)തിരുമേനിയുടെ അവസ്ഥകളും സംഭവങ്ങളും കേൾപ്പിക്കുമായിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറയുമായിരുന്നു. ഇദ്ദേഹം പറയുന്നു: 'അധികവും എന്നെ അഹ്മദികളുടെ പരീക്ഷണങ്ങളേയും ബുദ്ധിമുട്ടുകളേയും ത്യാഗങ്ങളേയും കുറിച്ച് സംഭവങ്ങൾ കേൾപ്പിക്കുമായിരുന്നു. താൻ എങ്ങനെയാണ് ബുദ്ധിമുട്ടുകൾ സഹിച്ചതെന്നുള്ള അനുഭവങ്ങളും വിവരിക്കുമായിരുന്നു.

അദ്ദേഹത്തിന്റെ ചെറിയ മകൻ സഫ്റുല്ലാഹ് പറയുന്നു: അദ്ദേഹം വലിയ സഹിഷ്ണുതയുള്ളയാളും കഠിനാധ്വാനിയുമായിരുന്നു. വളരെ ലളിതമായി ജീവിച്ചിരുന്നു. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്ന കാര്യത്തിന് മുൻതൂക്കം നല്കിയിരുന്നു. അല്ലാഹു അദ്ദേഹത്തോടു പൊറുക്കലോടും കരുണയോടുംകൂടി പെരുമാറട്ടെ. ദർജകൾ ഉയർത്തുമാറാകട്ടെ.

അടുത്ത ജനാസ പരേതനായ സുൽത്വാൻ ഹാറൂൺ സാഹിബിന്റെ ഭാര്യ സ്വബീഹ ഹാറൂൺ സാഹിബയുടേതാണ്. കഴിഞ്ഞ ദിവസം 73-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ.* സ്വബീഹ ഹാറൂൺ സാഹിബയുടെ കുടുംബത്തിൽ അഹ്മദിയ്യത്ത് അവരുടെ പിതാവ് സാഹിബ് ബയ്അത്ത് ചെയ്തതോടെയാണ് വന്നത്. അദ്ദേഹം സ്വയം അന്വേഷണം നടത്തി 18-ാം വയസ്സിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന് ബയ്അത്തു ചെയ്തു. പിന്നീട് അദ്ദേഹത്തിന്റെ പിതാമഹൻ തന്റെ മകന്റെ ബയ്അത്തിനുശേഷം ബയ്അത്ത് ചെയ്തു. അല്ലാഹു അദ്ദേഹത്തിന് മൂന്നുപെൺമക്കളേയും മൂന്നു ആൺമക്കളേയും നല്കി അനുഗ്രഹിച്ചു. ഇവരുടെ ഒരുമകൻ ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്ന്റെ(റഹ്) ജാമാതാവാണ്. ഇവരുടെ മൂത്ത മകൻ സുൽത്വാൻ മുഹമ്മദു ഖാൻ സാഹിബ് പറയുന്നു:എന്റെ ഉമ്മയുടെ ഏറ്റവും മൂത്തമകൻ രണ്ടാമത്തെ വയസ്സിൽ അപകടകരമായ നിലയിൽ വഫാത്തായിരുന്നു. ഹദ്റത്ത് ഖലീഫത്തിൽമസീഹ് ഥാലിഥ്(റഹ്)ജനാസ നമസ്കരിക്കുന്ന അവസരത്തിൽ പറഞ്ഞു:അല്ലാഹു നിങ്ങൾക്ക് 'നിഅ്മൽ ബദൽ'(നല്ലതായപകരം)മകനെ നല്കുന്നതായിരിക്കും. അവൻ സൗന്ദര്യവാനായിരിക്കും ദീർഘായുഷ്മാനുമായിരിക്കും. അവരുടെ ഭർത്താവ് മലിക് സുൽത്വാനോടു പറഞ്ഞു:അവനെ ഞാൻ താങ്കളുടെ ചുമലിനോടൊപ്പം യുവാവായി നില്ക്കുന്നത് കാണുന്നു. പിന്നീട് ഇവരുടെ മകൻ സുൽത്വാൻ അഹ് മദ് ഖാൻ പറയുന്നു:എന്റെ ഭാഗ്യമാണ്, ചെറുപ്പം മുതൽ ഇപ്പോൾവരെ ഒരുപാടുകാലം എന്റെ ഉമ്മയോടൊപ്പം കഴിഞ്ഞു. വളരെ സ്നേഹിക്കുന്ന, തെറ്റുകൾ പൊറുത്തുതരുന്ന ഉമ്മയായിരുന്നു. ഒരിക്കലും ആരെ കുറിച്ചും പരദൂഷണം പറയുമായിരുന്നില്ല. അവരുടെ മകൾ മഹ്മൂദ സുൽത്വാന പറയുന്നു:എന്റെ ഉമ്മ സൽപ്രകൃതക്കാരിയും മൗനസ്വഭാവിയും ഉന്നതമായ വിശേഷഗുണങ്ങളുടെ ഉടമയുമായിരുന്നു. ജമാഅത്തിന്റെ യഥാർഥ പ്രേമിയും ഖിലാഫത്തിനോടുള്ള സ്നേഹവും കൂറും പാരമ്യതയിലെത്തിയവരുമായിരുന്നു. അതു തന്നെ ഉപദേശിക്കുകയും ചെയ്യുമായിരുന്നു. സൽസ്വഭാവിയും ദരിദ്രരെ സഹായിക്കുന്നവരുമായിരുന്നു. അവരുടെ അതിഥി സൽക്കാരം കുടുംബം മുഴുവൻ പ്രശസ്തമായിരുന്നു. ആരുടേയും മനസ്സ് വ്രണപ്പെടുത്തുമായിരുന്നില്ല. പരദൂഷണം കഠിനമായി വെറുത്തിരുന്നു. അതിൽനിന്ന് രക്ഷപ്പെടാൻ എപ്പോഴും ഉപദേശിക്കുമായിരുന്നു. ഏതെങ്കിലും മജലിസിൽ പരദൂഷണപരമായ വർത്തമാനമുണ്ടായാൽ അവിടെനിന്ന് എഴുന്നേറ്റുപോകുമായിരുന്നു. അവരുടെ മുഖത്ത് അസഹ്യത പ്രകടമാകുമായിരുന്നു. എപ്പോഴും വിട്ടുവീഴ്ചയോടെ പെരുമാറിയിരുന്നു. മകൾ പറയുന്നു, എന്റെ പിതാവിനുമേൽ ആക്രമണം നടത്തുന്ന ശത്രുവിന്നെതിരിൽപോലും ശാപപ്രാർഥന ചെയ്യുമായിരുന്നില്ല. അല്ലാഹു അവർക്ക് ഹിദായത്ത് നല്കട്ടെ എന്ന് താൻ പ്രാർഥിക്കുന്നുവെന്ന് എപ്പോഴും പറയുമായിരുന്നു. ദരിദ്രരായ രോഗികൾക്കുവേണ്ടി പ്രത്യേക മമത തന്റെ മനസ്സിൽ വെച്ചിരുന്നു. ഇടതുകൈപോലും അറിയാത്ത രീതിയിൽ അവരെ സഹായിച്ചിരുന്നു. അവരുടെ രണ്ടാമത്തെ മകൾ വജീഹ സാഹിബ പറയുന്നു: മൗനപ്രകൃതിയായ ഒരു വ്യക്തിത്വത്തിന്റെ ഉടമായായിരുന്നു. ധാരാളമായി ദാനധർമങ്ങൾ ചെയ്യുമായിരുന്നു. ആരോരുമറിയാതെയാണ് അതു ചെയ്തിരുന്നത്. അതു പറയുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. അല്ലാഹു അവരോടു പൊറുക്കലോടും കരുണയോടും കൂടി പെരുമാറട്ടെ. മക്കൾക്കും അവരുടെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ.

വിവർത്തനം; പി.കെ.അംനാസ്

www.alislam.org

Al Islam - Official website of Ahmadiyya Muslim Community

പേജ് 1 ൽ നിന്ന്

'ഖുർആനെ അള്വീം' എന്ന് പറയപ്പെട്ടിരിക്കുന്നു. മുസ്നദ് അഹ്മദ് ഹമ്പലിൽ അബൂഹുറയ്റായുടെ നിവേദനമുണ്ട്. നബി(സ)തിരുമേനി പറഞ്ഞു:ഹിയ ഉമ്മുൽഖുർആനി വഹിയസ്സബ്ഉൽമഥാനീ വഹിയൽഖുർആനുൽഅള്വീമു(മുസനദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 2, പേജ് 48)അതായത് സൂറ ഫാത്തിഹ ഉമ്മുൽഖുർആനുമാണ് സബ്ഉൽമഥാനീയുമാണ് ഖുർആനെ അള്വീമുമാണ്.

ഈ ഹദീഥിന്റെ ഉദ്ദേശ്യം ഖുർആനെ അള്വീം മുഴുവൻ ഖുർആനിന്റേയും പേരല്ല എന്നല്ല. രണ്ടർഥങ്ങളും ഒരേ സമയത്ത് ചെയ്യാൻ സാധിക്കുന്നതാണ്. കാരണം ഒന്ന് മറ്റൊന്നിന് വിരുദ്ധമല്ല. സൂറ ഫാത്തിഹ ഖുർആനെ അള്വീമെന്നുമുണ്ട്. മുഴുവൻ ഖുർആനും ഖുർആനെ അള്വീമെന്നുമുണ്ട്. കാരണം ഈ രണ്ടർഥങ്ങളും വിവിധ വീക്ഷണം കാരണത്താലാണ്. അതാതിന്റെ സ്ഥാനത്ത് ശരിയുമാണ്. ഖുർആനെ അള്വീം എന്നതിന്റെ അർഥം മുഴുവൻ ഖുർആനും എന്നു ചെയ്യുകയാണെങ്കിൽ അതിന്റെ ഉദ്ദേശ്യം നാം നിനക്ക് ഖുർആനിന്റെ സംക്ഷേപം അതായത് സൂറ ഫാത്തിഹായും നല്കി അതിനുപുറമെ ഒരു വിശദമായ ഖുർആനും നല്കിയെന്നാണ്. അതുകൊണ്ട് അതിന്റെ അധ്യാപനത്തിലേക്ക് ശ്രദ്ധിക്കുക. അക്കൂട്ടരുമായി വാദപ്രതിവാദം ചെയ്യുക എന്ന വിചാരം വിട്ടുകളയുക. മുസ്‌ലിമീങ്ങൾക്ക് ഖുർആനിന്റെ അർഥങ്ങൾ പഠിപ്പിക്കേണ്ട സമയം ഇപ്പോൾ വന്നെത്തിയിരിക്കുകയാണ്. അവർ രണ്ടു പുതിയവ്യവസ്ഥിതികൾ സംരക്ഷിക്കുന്നതിന് യോഗ്യരായിത്തീരാൻ!*(തഫ്സീറെ കബീർ വാള്യം 4, പേജ് 110, പ്രസാധനം ഖാദിയാൻ 2010)*

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

**നിങ്ങളുടെ സൃഷ്ടികൾ**
**ഞങ്ങൾക്കു അയച്ചു തരിക!!!**

പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തന സൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:
**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin